**പതിനഞ്ചാം കേരള നിയമസഭ**

**(FIFTEENTH KERALA LEGISLATIVE ASSEMBLY)**

സബ്ജക്ട് കമ്മിറ്റി **III**

**(SUBJECT COMMITTEE III)**

**ജലവിഭവം**

# (WATER RESOURCES)

**2024-25 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്**

# REPORT OF ACTION TAKEN ON THE FOURTH REPORT ON THE SCRUTINY OF DEMANDS FOR GRANTS (2024-2025 )

**2025 സെപ്റ്റംബർ 29-ാം തീയതി സമർപ്പിച്ചത്**

**(Presented on 29th September 2025)**

**കേരള നിയമസഭാ സെക്രട്ടേറിയറ്റ്**

**തിരുവനന്തപുരം**

**SECRETARIAT OF THE KERALA LEGISLATURE**

**THIRUVANANTHAPURAM**

**2025**

**പതിനഞ്ചാം കേരള നിയമസഭ**

**(FIFTEENTH KERALA LEGISLATIVE ASSEMBLY)**

**സബ്ജക്ട് കമ്മിറ്റി III**

**(SUBJECT COMMITTEE III)**

**ജലവിഭവം**

**(WATER RESOURCES)**

**2024-25 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്**

**REPORT OF ACTION TAKEN ON THE FOURTH REPORT ON THE SCRUTINY OF DEMANDS FOR GRANTS (2024-2025)**

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | | |
| അധ്യായം I : ശിപാർശകളും സർക്കാരിൽ നിന്ന് ലഭിച്ച മറുപടിയും | | ...1 |
| അധ്യായം II : സർക്കാരിൽ നിന്നും മറുപടി ലഭ്യമാക്കാത്ത ശിപാർശകൾ | ... | 75 |

**സബ്ജക്ട് കമ്മിറ്റി III**

**(ജലവിഭവം)**

(2023-2026)

**ഘടന**

<u>ചെയർപേഴ്സൺ :</u>

ശ്രീ. റോഷി അഗസ്റ്റിൻ,
ജലവിഭവ വകുപ്പുമന്ത്രി.

<u>അംഗങ്ങൾ:</u>

ശ്രീ. ആന്റണി രാജു

ശ്രീ. ജി. എസ്. ജയലാൽ

ശ്രീ. ലിന്റോ ജോസഫ്

ശ്രീ. സി. ആർ. മഹേഷ്

ശ്രീ. കെ. പി. എ. മജീദ്

ശ്രീ. പി. മമ്മിക്കുട്ടി

ശ്രീ. മാണി സി. കാപ്പൻ

ശ്രീ. കെ. ജെ. മാക്സി

ശ്രീ. എച്ച്. സലാം

ശ്രീ. ടി. സിദ്ദിഖ്

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

ഡോ. എൻ. കൃഷ്ണ കുമാർ, സെക്രട്ടറി

ശ്രീ.ആർ. എസ്. സന്തോഷ്കുമാർ, ജോയിന്റ് സെക്രട്ടറി

ശ്രീ. ജയകുമാർ ജി., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. വിനോദ് കുമാർ എം. കെ., അണ്ടർ സെക്രട്ടറി.

# അവതാരിക

ജലവിഭവം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി III-ന്റെ അധ്യക്ഷനായ ഞാൻ, 2024-25 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സമിതിയുടെ നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്, കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236 (5) പ്രകാരം സമർപ്പിക്കുന്നു.

സബ്ജക്ട് കമ്മിറ്റി III-ന്റെ 2024-25 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് 10.06.2024-ന് സഭയിൽ സമർപ്പിച്ചു. പ്രസ്തുത റിപ്പോർട്ടിൽ ആകെയുള്ള 87 ശിപാർശകളിന്മേലും സർക്കാർ ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകൾ 30.07.2025, 18.09.2025 എന്നീ തീയതികളിൽ ചേർന്ന യോഗങ്ങളിൽ സമിതി പരിഗണിയ്ക്കുകയും അംഗീകരിക്കുകയും ചെയ്തു.

ഈ റിപ്പോർട്ട് രണ്ട് അധ്യായങ്ങളായി തയ്യാറാക്കിയിരിക്കുന്നു. ഒന്നാം അധ്യായത്തിൽ സമിതിയുടെ റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭിച്ചതും സമിതി അംഗീകരിച്ചതുമായ അനന്തര നടപടിക്കുറിപ്പും, രണ്ടാം അധ്യായത്തിൽ വകുപ്പിൽ നിന്നും മറുപടി ലഭ്യമാക്കാത്ത ശിപാർശകൾ സംബന്ധിച്ച വിവരങ്ങളും ഉൾപ്പെടുത്തിയിരിക്കുന്നു.

2025 സെപ്റ്റംബർ 18-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

തിരുവനന്തപുരം,
2025 സെപ്റ്റംബർ 29

റോഷി അഗസ്റ്റിൻ,
ചെയർപേഴ്സൺ,
സബ്ജക്ട് കമ്മിറ്റി III.

# റിപ്പോർട്ട്

## അധ്യായം-I

## സമിതിയുടെ ശിപാർശകളും അവ സംബന്ധിച്ച് സർക്കാരിൽ നിന്നും ലഭിച്ച മറുപടികളും

### ശിപാർശ

**2215-01-003-99 -** ശുദ്ധജലവിതരണവും ശുചീകരണവും - ശുദ്ധജലവിതരണം - പരിശീലനം - ഐ.ഇ.സി., കാര്യശേഷി വർദ്ധിപ്പിക്കൽ, പരിശീലനവും ജലശ്രീ ക്ലബ്ബ്

ജല സാക്ഷരതയ്ക്കും പരിസര ശുചിത്വത്തിനും വേണ്ടിയുള്ള പ്രവർത്തനങ്ങളിൽ വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും പൊതുസമൂഹത്തിന്റെയും പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനുള്ള പ്രചരണ പരിപാടികളും പരിശീലനങ്ങളും സംഘടിപ്പിക്കുന്നതിനും ജലശ്രീ ക്ലബ്ബുകൾ സംസ്ഥാന വ്യാപകമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ പതിനായിരത്തോളം വരുന്ന സർക്കാർ-എയിഡഡ് ഹൈസ്കൂളുകളിലും ഹയർസെക്കൻഡറി സ്കൂളുകളിലും ജലശ്രീ ക്ലബ്ബ് മാർഗ്ഗരേഖ പ്രിന്റ് ചെയ്ത് വിതരണം ചെയ്യുന്നതിനും ജില്ലാ സംസ്ഥാന തലങ്ങളിൽ വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും ജലസംബന്ധമായ മത്സരങ്ങൾ, സെമിനാറുകൾ, പ്രദർശനങ്ങൾ, പരിശീലന പരിപാടികൾ തുടങ്ങിയവ സംഘടിപ്പിക്കുന്നതിനുമായി ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 1)

### സ്വീകരിച്ച നടപടി

2024-25 വർഷം പദ്ധതിക്കായി 15 ലക്ഷം രൂപ ബജറ്റിൽ വകയിരുത്തി. 31.08.2024 തീയതിയിലെ ജി.ഒ(എം.എസ്) നം. 76/2024/ ഫിൻ നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ KRWSA-യുടെ പദ്ധതികളെ മുൻഗണന അനുസരിച്ച് ക്രമപ്പെടുത്തുകയും ആകെ പദ്ധതി വിഹിതം 50% ആയി നിജപ്പെടുത്തുകയും ചെയ്തു. പദ്ധതിക്കായി 10 ലക്ഷം രൂപയുടെ ഭരണാനുമതിയും നൽകി. സബ്ജക്റ്റ് കമ്മിറ്റി ശിപാർശ ചെയ്ത 50 ലക്ഷം രൂപയും, ബജറ്റിൽ വകയിരുത്തിയ 15 ലക്ഷം രൂപയും ഉൾപ്പെടെ

65 ലക്ഷം രൂപ ലഭ്യമാക്കുന്നതിന് സർക്കാരിൽ ശിപാർശ ചെയ്തിരുന്നു. അനുവദിച്ച് നൽകിയ 7.5 ലക്ഷം രൂപയിൽ 4.54 ലക്ഷം രൂപ ചെലവാക്കുകയും 2.96 ലക്ഷം രൂപ സർക്കാരിൽ മടക്കി നൽകുകയും ചെയ്തു.

**ശിപാർശ**

**2215-01-004-99** - ശുദ്ധജലവിതരണവും ശുചീകരണവും - ശുദ്ധജലവിതരണം-ഗവേഷണം-എന്റർപ്രൈസ് റിസോഴ്സ് പ്ലാനിംഗ്.

കുടിശ്ശിക ബിൽ തുക ഒടുക്കുന്നതിനും നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ 2024-25 സാമ്പത്തിക വർഷത്തെ പ്രതീക്ഷിത ചെലവുകൾക്കായും കൂടാതെ കേരള ജല അതോറിറ്റിയിൽ കേന്ദ്ര ഡേറ്റാബേസ് മാനേജ്മെന്റ് പ്രാവർത്തികമാക്കുന്നതിനായി സോഫ്റ്റ്‌വെയർ ടീമിനെ സൃഷ്ടിച്ചുകൊണ്ട് അക്കൗണ്ടിംഗ്, പ്രൊക്യൂർമെന്റ്, പ്രോജക്ട് മാനേജ്മെന്റ്, കംപ്ലൈൻസ് എന്നീ മേഖലകളിൽ കൂടുതൽ കൃത്യവും കാര്യക്ഷമവുമായി പ്രവർത്തിക്കുന്നതിലേക്കുമായി ഈ ശീർഷകത്തിൽ 50.98 ലക്ഷം രൂപ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 2)

**സ്വീകരിച്ച നടപടി**

09.01.2025 തീയതിയിലെ KWA-JB/4502/2024-F3(FUNDS)/ERP നമ്പർ കത്ത് മുഖേന പ്രസ്തുത ശീർഷകത്തിൽ 50.98 കോടി രൂപ വകയിരുത്തുന്നതിന് കേരള വാട്ടർ അതോറിറ്റി അഭ്യർത്ഥിച്ചിരുന്നു.

അധിക തുക അനുവദിച്ച് ലഭിച്ചിട്ടില്ല.

2024 -25 ലെ ബജറ്റ് വിഹിതം, ചെലവായ തുക, കുടിശ്ശിക ബില്ലുകളെ കുറിച്ചുള്ള വിവരങ്ങൾ എന്നിവ താഴെ കൊടുക്കുന്നു.

ബജറ്റ് വിഹിതം: 100.00 ലക്ഷം രൂപ.

2024-25 BIMS-ൽ അനുവദിച്ച തുക: 50.00 ലക്ഷം രൂപ.

- BIMS-ൽ സമർപ്പിച്ച ബില്ലുകൾ: 36.07 ലക്ഷം രൂപ.

- ചെലവായ തുക (ട്രഷറി പാസ്സാക്കിയത്): 36.07 ലക്ഷം രൂപ.
- BDS ലേക്ക് മാറ്റിയ ബില്ലുകൾ: ഇല്ല.
- ട്രഷറി ക്യൂവിലേക്ക് മാറ്റിയ ബില്ലുകൾ: ഇല്ല.
- 31.03.2025 ലെ കുടിശ്ശിക ബില്ലുകൾ: ഇല്ല

സർക്കാർ ഉത്തരവ് G.O(Rt) No.871/2024/WRD, തീയതി 17.11.2024 പ്രകാരം 2024-25-ലെ പദ്ധതി ചെലവുകൾ ബജറ്റ് വിഹിതത്തിന്റെ 50% ആയി പരിമിതപ്പെടുത്തിയിരുന്നു.

**ശിപാർശ**

**2215-01-101-97 - (01)** - ശുദ്ധജലവിതരണവും ശുചീകരണവും - ശുദ്ധജല വിതരണം - നഗര ശുദ്ധ ജലവിതരണ പദ്ധതി - കേരളാ പരിപ്രേക്ഷ്യ പദ്ധതി 2030 മുൻഗണനാ പദ്ധതികൾ നടപ്പാക്കൽ- നവീന സാങ്കേതിക വിദ്യകളും, ആധുനിക മാനേജ്മെന്റ് രീതികളും

കുടിശ്ശിക ബിൽ തുക ഒടുക്കുന്നതിനും നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ 2024-25 സാമ്പത്തിക വർഷത്തെ പ്രതീക്ഷിത ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 3.84 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 3)

**സ്വീകരിച്ച നടപടി**

09.01.2025 തീയതിയിലെ KWA-JB/4502/2024-F3(FUNDS)/INNOV നമ്പർ കത്ത് മുഖേന പ്രസ്തുത ശീർഷകത്തിൽ 3.84 കോടി രൂപ വകയിരുത്തുന്നതിന് അഭ്യർത്ഥിച്ചിരുന്നു. അധിക തുക അനുവദിച്ച് ലഭിച്ചില്ല.

2024-25 ലെ ബജറ്റ് വിഹിതം, ചെലവായ തുക, കുടിശ്ശിക ബില്ലുകളെ കുറിച്ചുള്ള വിവരങ്ങൾ എന്നിവ താഴെ കൊടുക്കുന്നു

ബജറ്റ് വിഹിതം : 100.00 ലക്ഷം രൂപ.

1. 2024-25-ൽ BIMS-ൽ അനുവദിച്ച തുക : 50 ലക്ഷം രൂപ.
2. BIMS-ൽ സമർപ്പിച്ച ബില്ലുകൾ : 83.21 ലക്ഷം രൂപ.
3. ചെലവായ തുക (ട്രഷറി പാസ്സാക്കിയത്) : 48.97 ലക്ഷം രൂപ.
4. BDS ലേക്ക് മാറ്റിയ ബില്ലുകൾ : 34.23 ലക്ഷം രൂപ.
5. 31.03.2025-ലെ കുടിശ്ശിക ബില്ലുകൾ : 344.13 ലക്ഷം രൂപ.

2024-25 സാമ്പത്തിക വർഷത്തിൽ ഈ ശീർഷകത്തിൽ ബജറ്റ് വിഹിതത്തിന്റെ 50% ആണ് സർക്കാർ BIMS ൽ അനുവദിച്ച് നൽകിയത്. ബജറ്റ് വിഹിതത്തിന്റെ അപര്യാപ്തതമൂലം കുടിശ്ശിക ബില്ലുകൾ പൂർണമായി കൊടുത്തു തീർക്കാൻ സാധിച്ചില്ല. 2025 ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ ബില്ലുകൾ BDS-ലേക്ക് മാറ്റുവാനുള്ള പരിധി 25 ലക്ഷമായി സർക്കാർ നിജപ്പെടുത്തിയിരുന്നു. 2025 മാർച്ച് മാസം B.D.S ലേക്ക് മാറ്റിയ ബില്ലുകൾ കരാറുകാർ B.D.S എടുക്കാത്തിനാൽ ട്രഷറി ചെലവ് ഇനത്തിൽ ഉൾപ്പെടുന്നില്ല. ആയതിനാൽ BIMS അനുവദിച്ച വിഹിതം പൂർണമായി കൊടുത്തു തീർക്കുവാൻ സാധിച്ചില്ല.

സർക്കാർ ഉത്തരവ് GO(Rt)No 871/2024/WRD തീയതി 17.11.2024 പ്രകാരം 2024-25-ലെ പദ്ധതി ചെലവുകൾ ബജറ്റ് വിഹിതത്തിന്റെ 50% ആയി പരിമിതപ്പെടുത്തിയിരുന്നു.

## ശിപാർശ

**2215 -01-102-80** - ശുദ്ധജലവിതരണവും ശുചീകരണവും - ശുദ്ധജല വിതരണം - ഗ്രാമീണ ജലവിതരണ പദ്ധതി - പൊതുജനസഹായത്തോടു കൂടിയ ജലവിതരണ പദ്ധതിയ്ക്ക് സുസ്ഥിരത ഉറപ്പാക്കൽ

വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി സാമൂഹിക ഉടമസ്ഥതയിൽ സംസ്ഥാനത്ത് നടപ്പിലാക്കിയ കുടിവെള്ള വിതരണ പദ്ധതികളിൽ വിവിധ കാരണങ്ങളാൽ പൂർണമായോ ഭാഗികമായോ പ്രവർത്തന രഹിതമായ പദ്ധതികൾ പുനരുദ്ധരിച്ച് പൂർണതോതിൽ പ്രവർത്തനക്ഷമമാക്കുന്നതിനും മെച്ചപ്പെട്ട സേവനത്തിനും സുസ്ഥിരത ഉറപ്പാക്കുന്നതിനും വേണ്ടിയുള്ള പദ്ധതികളിൽ 2024-25 സാമ്പത്തിക വർഷം പൂർത്തീകരിക്കുവാൻ ലക്ഷ്യമിട്ടിരിക്കുന്ന 798 പദ്ധതികളുടെ പുനരുദ്ധാരണത്തിനും

ഇനി പൂർത്തീകരിക്കാൻ അവശേഷിക്കുന്ന പദ്ധതികളുടെ ബിൽ തുക ഒടുക്കുന്നതിനുമായി ഈ ശീർഷകത്തിൽ 35 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 4)

**സ്വീകരിച്ച നടപടി**

2024-2025 സാമ്പത്തിക വർഷം ബജറ്റിൽ 3090 ലക്ഷം രൂപ വകയിരുത്തിയിരുന്നെങ്കിലും 31/08/2024 തീയതിയിലെ G.O.(MS)No.76/2024/Fin നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ KRWSA – യുടെ പദ്ധതികളെ മുൻഗണന അനുസരിച്ച് ക്രമപ്പെടുത്തുകയും ആകെ പദ്ധതി വിഹിതം 50% ആയി നിജപ്പെടുത്തുകയും ചെയ്തു. (G.O(Rt)No.871/2024/WRD dated 17.11.2024).

പ്രസ്തുത പദ്ധതിക്കായി ആകെ 1421.40 ലക്ഷം രൂപ മാത്രമാണ് 18/01/2025 തീയതിയിലെ G.O.(Rt)No. 42/2025/WRD, 12.03.2025 തീയതിയിലെ G.O. (Rt)No. 245/2025/WRD എന്നീ ഉത്തരവുകൾ പ്രകാരം ഭരണാനുമതി ലഭിച്ചത്. ഈ സാഹചര്യത്തിൽ നടപ്പ് സാമ്പത്തിക വർഷം ലക്ഷ്യമിട്ടിരുന്ന പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് സബ്ജക്റ്റ് കമ്മിറ്റി ശിപാർശ ചെയ്തിട്ടുള്ള അധിക തുകയായ 3500 ലക്ഷം രൂപയും ബജറ്റിൽ വകയിരുത്തിയ 3090 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 6590 ലക്ഷം രൂപ ലഭ്യമാക്കുന്നതിന് അപേക്ഷിച്ചിരുന്നുവെങ്കിലും നടപ്പ് സാമ്പത്തിക വർഷം ബജറ്റ് വിഹിതത്തിൽ നിന്നും ആകെ 1421.39 ലക്ഷം രൂപ മാത്രമാണ് ലഭിച്ചത്. ആയതിൽ 1389.33 ലക്ഷം രൂപ ചെലവാക്കുകയും വർഷാവസാനം 20.04 ലക്ഷം രൂപ PSTSB അക്കൗണ്ടിൽ ശേഷിക്കുകയും 12.02 ലക്ഷം രൂപ സർക്കാരിലേക്ക് മടക്കി നൽകുകയും ചെയ്തു.

**ശിപാർശ**

**2215-01-190-99-(01)** - ശുദ്ധജലവിതരണവും ശുചീകരണവും - ശുദ്ധജല വിതരണം - പൊതുമേഖലാ സ്ഥാപനങ്ങൾക്കും മറ്റുമുള്ള സഹായം - കേരള ജല അതോറിറ്റിക്കുള്ള സഹായധനം-പരിവേഷണവും സൂക്ഷ്മപരിശോധനയും

കുടിശ്ശിക ബിൽ തുക ഒടുക്കുന്നതിനും നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ 2024-25 സാമ്പത്തിക വർഷത്തെ പ്രതീക്ഷിത ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 2.05 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 5)

**സ്വീകരിച്ച നടപടി**

09.01.2025 തീയതിയിലെ KWA-JB/4502/2024-F3(FUNDS)/SURV നമ്പർ കത്ത് മുഖേന പ്രസ്തുത ശീർഷകത്തിൽ 2.05 കോടി രൂപ വകയിരുത്തുന്നതിന് അഭ്യർത്ഥിച്ചിരുന്നു. അധിക തുക അനുവദിച്ച് ലഭിച്ചില്ല.

2024-25 ലെ ബജറ്റ് വിഹിതം, ചെലവായ തുക കുടിശ്ശിക ബില്ലുകളെ കുറിച്ചുള്ള വിവരങ്ങൾ എന്നിവ താഴെ കൊടുക്കുന്നു.

ബജറ്റ് വിഹിതം : 110.00 ലക്ഷം രൂപ

2024 -25 -ൽ BIMS -ൽ അനുവദിച്ച തുക : 55 ലക്ഷം രൂപ

BIMS-ൽ സമർപ്പിച്ച ബില്ലുകൾ : 54.78 ലക്ഷം രൂപയിൽ

ചെലവായ തുക (ട്രഷറി പാസ്സാക്കിയത്) : 54.78 ലക്ഷം രൂപ.

BDS ലേക്ക് മാറ്റിയ ബില്ലുകൾ : ഇല്ല

31.03.2025 -ലെ കുടിശ്ശിക ബില്ലുകൾ : 133.83 ലക്ഷം രൂപ

2024-25 സാമ്പത്തിക വർഷത്തിൽ ഈ ശീർഷകത്തിൽ ബജറ്റ് വിഹിതത്തിന്റെ 50% ആണ് സർക്കാർ BIMS ൽ അനുവദിച്ച് നൽകിയത്. ബജറ്റ് വിഹിതത്തിന്റെ അപര്യാപ്തതമൂലം കുടിശ്ശിക ബില്ലുകൾ പൂർണമായി കൊടുത്തു തീർക്കാൻ സാധിച്ചില്ല.

സർക്കാർ ഉത്തരവ് GO(Rt) No.871/2024/WRD തിയതി 17.11.2024 പ്രകാരം 2024-25 -ലെ പദ്ധതി ചെലവുകൾ ബജറ്റ് വിഹിതത്തിന്റെ 50% ആയി പരിമിതപ്പെടുത്തിയിരുന്നു.

**ശിപാർശ**

**2215-01-190-99(19)-31** - ശുദ്ധജലവിതരണവും ശുചീകരണവും -ശുദ്ധജല വിതരണം - പൊതുമേഖലാ സ്ഥാപനങ്ങൾക്കും മറ്റുമുള്ള സഹായം - കേരള ജല അതോറിറ്റിക്കുള്ള സഹായധനം - സഹായധനം - ശമ്പളം

കേരള ജല അതോറിറ്റിയുടെ കീഴിലുള്ള കുടിവെള്ള പദ്ധതികളുടെ നടത്തിപ്പിനും ജീവനക്കാരുടെ ശമ്പളം, വിരമിച്ച ജീവനക്കാരുടെ പെൻഷൻ, പെൻഷൻ ആനുകൂല്യങ്ങളായ ഡി.സി.ആർ.ജി., കമ്മ്യൂട്ടേഷൻ, മറ്റ് എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ എന്നിവ നൽകുന്നതിനും ഡി.സി.ആർ.ജി., കമ്മ്യൂട്ടേഷൻ, ജി.പി.എഫ്. എന്നീ ഇനങ്ങളിലുള്ള കുടിശ്ശിക ഒടുക്കുന്നതിനുമായി ഈ ശീർഷകത്തിൽ 1134.11 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 6)

**സ്വീകരിച്ച നടപടി**

09.01.2025 തീയതിയിലെ KWA-JB/4502/2023-F3 (FUNDS)/NP നമ്പർ കത്ത് മുഖേന ഈ ശീർഷകത്തിൽ 417.82 കോടി രൂപ അഭ്യർത്ഥിച്ചിരുന്നു. അധിക തുക അനുവദിച്ച് ലഭിച്ചില്ല.

2024-25-ലെ ബജറ്റ് വിഹിതം, ചെലവായ തുക, കുടിശ്ശിക ബില്ലുകളെ കുറിച്ചുള്ള വിവരങ്ങൾ എന്നിവ താഴെ കൊടുക്കുന്നു.

ബജറ്റ് വിഹിതം : 19122.080. ലക്ഷം രൂപ

- 2024-25-ൽ അനുവദിച്ച തുക : 8085.824 ലക്ഷം രൂപ
- ചെലവായ തുക : 8085.824 ലക്ഷം രൂപ

31.03.2025-ൽ റവന്യൂ വിഭാഗത്തിൽ പ്രസ്തുത ശീർഷകത്തിൽ 86327. 61 ലക്ഷം രൂപയുടെ ചെലവുകൾ കുടിശ്ശികയായുണ്ട്. കേരളാ വാട്ടർ അതോറിറ്റി ഫണ്ടിന് വേണ്ടിയുള്ള അഭ്യർത്ഥന നൽകിയിരുന്നെങ്കിലും 31.03.2025-ൽ പ്രസ്തുത ശീർഷകത്തിൽ ബജറ്റ് വിഹിതം പൂർണമായി അനുവദിച്ചു നൽകാത്തതിനാൽ തുക പൂർണമായും വിനിയോഗിക്കാൻ കഴിഞ്ഞില്ല.

കെ.ഡബ്ല്യൂ.എ വൈദ്യുത ചാർജ് ഇനത്തിൽ കെ.എസ്.ഇ.ബി.യിലേക്ക് നൽകവാനുള്ള 2068 കോടി രൂപ 12.03.2024 -ലെ സർക്കാർ ഉത്തരവ് G.O.(Rt) 45/2024/POWER പ്രകാരം സർക്കാർ ഏറ്റെടുത്തിരുന്നു. പ്രസ്തുത തുക കെ.ഡബ്ല്യൂ.എ യുടെ നോൺ പ്ലാൻ ഗ്രാന്റിൽ നിന്നും 206.80 കോടി രൂപ വീതം 10 വർഷത്തേക്ക് കുറവ് ചെയ്യുമെന്ന് സർക്കാർ കത്ത് നമ്പർ WS-B3/132/2025/WRD തീയതി 31.05.2025 പ്രകാരം അറിയിച്ചിട്ടുണ്ട്. ആയതിൻപ്രകാരം ആദ്യ ഗഡുവായ 206.8 കോടി രൂപ 2024-25 സാമ്പത്തിക വർഷത്തെ നോൺ പ്ലാൻ ഗ്രാന്റിൽ നിന്നും കിഴിവ് ചെയ്തിട്ടുണ്ട്.

**ശിപാർശ**

**2215 -01-190-99(19)- 36** - ശുദ്ധജലവിതരണവും ശുചീകരണവും - ശുദ്ധജലവിതരണം - പൊതുമേഖലാ സ്ഥാപനങ്ങൾക്കും മറ്റുമുള്ള സഹായം - കേരള ജല അതോറിറ്റിക്കുള്ള സഹായധനം - സഹായധനം - ശമ്പളേതരം.

കേരള ജല അതോറിറ്റിയുടെ കീഴിലുള്ള കുടിവെള്ള പദ്ധതികളുടെ നടത്തിപ്പിനും അടിയന്തര പ്രാധാന്യമുള്ള ചെലവുകളായ ഓപ്പറേഷൻ ആൻഡ് മെയിന്റനൻസ്, ലോണുകളുടെ തിരിച്ചടവ്, വൈദ്യുതി ചാർജ്ജ് എന്നിവ ഒടുക്കുന്നതിനും ഓപ്പറേഷൻ ആൻഡ് മെയിന്റനൻസ്, വൈദ്യുതി ചാർജ്ജ് എന്നീ ഇനങ്ങളിലുള്ള കുടിശ്ശിക തീർപ്പാക്കുന്നതിനുമായി ഈ ശീർഷകത്തിൽ 2502.06 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 7)

**സ്വീകരിച്ച നടപടി**

09.01.2025 തീയതിയിലെ KWA-JB/4502/2023-F3(FUNDS)-NP നമ്പർ കത്ത് മുഖേന ഈ ശീർഷകത്തിൽ 1360.33 കോടി രൂപ അഭ്യർത്ഥിച്ചിരുന്നു. അധിക തുക അനുവദിച്ച് ലഭിച്ചില്ല.

2024-25 ലെ ബജറ്റ് വിഹിതം, ചെലവായ തുക കുടിശ്ശിക ബില്ലുകളെ കുറിച്ചുള്ള വിവരങ്ങൾ എന്നിവ താഴെ കൊടുക്കുന്നു.

ബജറ്റ് വിഹിതം : 13391.38 ലക്ഷം രൂപ

- 2024-25 -ൽ അനുവദിച്ച തുക : 5622.31 ലക്ഷം രൂപ
- ചെലവായ തുക (ട്രഷറി പാസ്സാക്കിയത്) : 5622.31 ലക്ഷം രൂപ

31.03.2025 -ൽ റവന്യൂ വിഭാഗത്തിൽ ഈ ശീർഷകത്തിൽ 49895.04 ലക്ഷം രൂപയുടെ ചെലവുകൾ കുടിശ്ശികയുണ്ട്. കേരളാ വാട്ടർ അതോറിറ്റി, ഫണ്ടിന് വേണ്ടിയുള്ള അഭ്യർത്ഥന നൽകിയിരുന്നെങ്കിലും 31.03.2025-ൽ ഈ ശീർഷകത്തിൽ ബജറ്റ് വിഹിതം പൂർണമായി അനുവദിച്ചു നൽകാത്തതിനാൽ തുക പൂർണമായും വിനിയോഗിക്കാൻ കഴിഞ്ഞില്ല.

കെ.ഡബ്ല്യു.എ വൈദ്യുത ചാർജ് ഇനത്തിൽ കെ.എസ്.ഇ.ബിക്ക് നൽകുവാനുള്ള 2068 കോടി രൂപ 12.03.2024-ലെ സർക്കാർ ഉത്തരവ് G.O.(Rt)No. 45/2024/ POWER പ്രകാരം സർക്കാർ ഏറ്റെടുത്തിരുന്നു. പ്രസ്തുത തുക കെ.ഡബ്ല്യൂ.എ-യുടെ നോൺ പ്ലാൻ ഗ്രാന്റിൽ നിന്നും 206.80 കോടി രൂപ വീതം 10 വർഷത്തേക്ക് കുറവ് ചെയ്യുമെന്ന് സർക്കാർ കത്ത് നമ്പർ WS-B3/132/2025-WRD തീയതി 31.05.2025 പ്രകാരം അറിയിച്ചിട്ടുണ്ട്. ആയതിൻ പ്രകാരം ആദ്യ ഗഡുവായ 206.8 കോടി രൂപ 2024-25 സാമ്പത്തിക വർഷത്തെ നോൺ പ്ലാൻ ഗ്രാന്റിൽ നിന്നും കിഴിവ് ചെയ്തിട്ടുണ്ട്.

**<u>ശിപാർശ</u>**

**2215-01-190-92** - ശുദ്ധജലവിതരണവും ശുചീകരണവും - ശുദ്ധജല വിതരണം - പൊതുമേഖലാ സ്ഥാപനങ്ങൾക്കും മറ്റുമുള്ള സഹായം - കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ നിലവിലുള്ള കെട്ടിടങ്ങളുടെ നവീകരണം

കുടിശ്ശിക ബിൽ തുക ഒടുക്കുന്നതിനും 2024-25 സാമ്പത്തിക വർഷത്തെ പ്രതീക്ഷിത ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 17.51 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 8)

**<u>സ്വീകരിച്ച നടപടി</u>**

09.01.2025 തീയതിയിലെ KWA-JB/4502/2023-F3 (FUNDS)/RENO നമ്പർ കത്ത് മുഖേന ഈ ശീർഷകത്തിൽ 17.51 കോടി രൂപ അഭ്യർത്ഥിച്ചിരുന്നു. അധിക തുക അനുവദിച്ച് നല്കിയില്ല.

2024-25 ലെ ബജറ്റ് വിഹിതം, ചെലവായ തുക, കുടിശ്ശിക ബില്ലുകളെ കുറിച്ചുള്ള വിവരങ്ങൾ എന്നിവ താഴെ കൊടുക്കുന്നു.

ബജറ്റ് വിഹിതം.300.00 ലക്ഷം രൂപ

- 2024-25-ൽ BIMS-ൽ അനുവദിച്ച തുക : 150 ലക്ഷം രൂപ
- BIMS-ൽ സമർപ്പിച്ച ബില്ലുകൾ : 187.43 ലക്ഷം രൂപ
- ചെലവായ തുക (ട്രഷറി പാസ്സാക്കിയത്) : 148.79 ലക്ഷം രൂപ
- BDS-ലേക്ക് മാറ്റിയ ബില്ലുകൾ : 38.64 ലക്ഷം രൂപ
- ട്രഷറി ക്യൂവിലേക്ക് മാറ്റിയ ബില്ലുകൾ : ഇല്ല
- 31.03.2025 -ലെ കുടിശ്ശിക ബില്ലുകൾ : 1411.62 ലക്ഷം രൂപ

2024-25 സാമ്പത്തിക വർഷത്തിൽ ഈ ശീർഷകത്തിൽ ബജറ്റ് വിഹിതത്തിന്റെ 50% ആണ് സർക്കാർ BIM-ൽ അനുവദിച്ച് നൽകിയത്. ബജറ്റ് വിഹിതത്തിന്റെ അപര്യാപ്തതമൂലം കുടിശ്ശിക ബില്ലുകൾ പൂർണമായി കൊടുത്തു തീർക്കാൻ സാധിച്ചില്ല. 2025 ഫെബ്രുവരി മാർച്ച് മാസങ്ങളിൽ ബില്ലുകൾ BDS ലേക്ക് മാറ്റുവാനുള്ള പരിധി 25 ലക്ഷമായി സർക്കാർ നിജപ്പെടുത്തിയിരുന്നു. 2025 മാർച്ച് മാസം BDS എടുക്കാത്തതിനാൽ ട്രഷറി ചെലവ് ഇനത്തിൽ ഉൾപ്പെടുന്നില്ല. ആയതിനാൽ, BIM-ൽ അനുവദിച്ച വിഹിതം പൂർണമായി കൊടുത്തു തീർക്കുവാൻ സാധിച്ചില്ല.

സർക്കാർ ഉത്തരവ് G.O.(Rt)No. 871/2024/WRD തീയതി 17.11.2024 പ്രകാരം 2024-25-ലെ പദ്ധതി ചെലവുകൾ ബജറ്റ് വിഹിതത്തിന്റെ 50% ആയി പരിമിതപ്പെടുത്തിയിരിക്കുന്നു.

**ശിപാർശ**

**2215 -01-190-88 -** ശുദ്ധജലവിതരണവും ശുചീകരണവും - ശുദ്ധജല വിതരണം - പൊതുമേഖലാ സ്ഥാപനങ്ങൾക്കും മറ്റുമുള്ള സഹായം - ഇ – ഗവേർണൻസ്, ജി. ഐ.എസ്. ഉം ഇൻഫർമേഷൻ മാനേജ്മെന്റ്

കുടിശ്ശിക ബിൽ തുക ഒടുക്കുന്നതിനും നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ 2024-25 സാമ്പത്തിക വർഷത്തെ പ്രതീക്ഷിത ചെലവുകൾക്കായും കൂടാതെ നിലവിൽ സ്റ്റേറ്റ് ഡാറ്റാ സെന്ററിൽ സൂക്ഷിച്ചിരിക്കുന്ന കേരള വാട്ടർ അതോറിറ്റിയുടെ ക്രിട്ടിക്കൽ ഡാറ്റാകൾക്ക് ഡിസാസ്റ്റർ റിക്കവറി സെന്റർ ലഭ്യമല്ലാത്തതിനാൽ ഒരു ഹോട്ട് ഡിസാസ്റ്റർ റിക്കവറി സെന്റർ സ്ഥാപിക്കുന്നതിനാവശ്യമായ സർവർ സോഫ്റ്റ്‌വെയർ, നെറ്റ്‌വർക്ക് മറ്റ് അനുബന്ധ ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിലേക്കുമായി ഈ ശീർഷകത്തിൽ 1.4637 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 9)

**സ്വീകരിച്ച നടപടി**

09.01.2025 തീയതിയിലെ KWA-JB/4502/2024-F3(FUNDS)/EGOV നമ്പർ കത്ത് മുഖേന ഈ ശീർഷകത്തിൽ 1.4637 കോടി രൂപ അഭ്യർത്ഥിച്ചിരുന്നു. അധിക തുക അനുവദിച്ച് നൽകിയില്ല.

2024-25 ലെ ബജറ്റ് വിഹിതം, ചെലവായ തുക, കുടിശ്ശിക ബില്ലുകളെ കുറിച്ചുള്ള വിവരങ്ങൾ എന്നിവ താഴെ കൊടുക്കുന്നു.

ബജറ്റ് വിഹിതം: 100.00 ലക്ഷം രൂപ

- 2024-25-ൽ BIMS-ൽ അനുവദിച്ച തുക : 50 ലക്ഷം രൂപ
- BIMS-ൽ സമർപ്പിച്ച ബില്ലുകൾ : 49.38 ലക്ഷം രൂപ
- ചെലവായ തുക (ട്രഷറി പാസ്സാക്കിയത്) : 49.38 ലക്ഷം രൂപ
- BDS ലേക്ക് മാറ്റിയ ബില്ലുകൾ : ഇല്ല

- 31.03.2025-ലെ കുടിശ്ശിക ബില്ലുകൾ : 2.39 ലക്ഷം രൂപ

2024-25 സാമ്പത്തിക വർഷത്തിൽ ഈ ശീർഷകത്തിൽ ബജറ്റ് വിഹിതത്തിന് 50% ആണ് സർക്കാർ BIMS-ൽ അനുവദിച്ച് നൽകിയത്. സർക്കാർ ഉത്തരവ് GO(RT) No.871/2024/WRD തീയതി 17.11.2024 പ്രകാരം 2024-25-ലെ പദ്ധതി ചെലവുകൾ ബജറ്റ് വിഹിതത്തിന്റെ 50% ആയി പരിമിതപ്പെടുത്തിയിരിക്കുന്നു.

**ശിപാർശ**

**2215 -01-800-64 -** ശുദ്ധജലവിതരണവും ശുചീകരണവും - ശുദ്ധജല വിതരണം - മറ്റു ചെലവുകൾ- മഴവെള്ളക്കൊയ്ത്തിന്റെയും KRWSA യിലൂടെ GWR പരിപാടിയുടെയും അളവുയർത്തൽ

മഴവെള്ളക്കൊയ്ത്ത്, ഭൂഗർഭജല റീചാർജ്ജ് എന്നീ ആശയങ്ങൾ പ്രചരിപ്പിക്കുക, മലയോര മേഖലകൾ, തീരപ്രദേശങ്ങൾ, ഉൾപ്രദേശങ്ങൾ തുടങ്ങിയ കുടിവെള്ള ലഭ്യത തീരെക്കുറഞ്ഞ പ്രദേശങ്ങളിൽ മഴവെള്ളക്കൊയ്ത്ത് പദ്ധതി പ്രകാരം കുടിവെള്ളം ലഭ്യമാക്കുക, ഭൂഗർഭ റീചാർജ്ജ് പദ്ധതികൾ നടപ്പിലാക്കുക എന്നീ ലക്ഷ്യങ്ങൾ പൂർത്തീകരിക്കുന്നതിന്റെ ഭാഗമായി 2520 വ്യക്തിഗത കുടുംബങ്ങൾക്ക് പതിനായിരം ലിറ്റർ സംഭരണ ശേഷിയുള്ള മഴവെള്ള സംഭരണികൾ (മുൻവർഷങ്ങളിൽ പൂർത്തീകരിക്കുവാൻ സാധിക്കാത്തതുൾപ്പെടെ) സ്ഥാപിക്കുന്നതിനും തെരഞ്ഞെടുക്കപ്പെട്ട സർക്കാർ സ്ഥാപനങ്ങളിൽ മഴവെള്ളക്കൊയ്ത്തിന്റെ ഭാഗമായി 5 എണ്ണം മഴവെള്ള സംഭരണികൾ സ്ഥാപിക്കുന്നതിനും കിണർ റീചാർജിംഗ് നടത്തുന്നതിനും 50 എണ്ണം ഭൂജല പരിപോഷണ പദ്ധതികൾ നടപ്പിലാക്കുന്നതിനുമായി ഈ ശീർഷകത്തിൽ 13 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 10)

**സ്വീകരിച്ച നടപടി**

2024-25 സാമ്പത്തിക വർഷം ബജറ്റിൽ ഈ പദ്ധതിക്കായി 1000 ലക്ഷം രൂപ വകയിരുത്തിയിരുന്നെങ്കിലും 31/08/2024 തീയതിയിലെ G.O(MS) No.76/2024/Fin നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ KRWSA-യുടെ പദ്ധതികളെ മുൻഗണന

അനുസരിച്ച് ക്രമപ്പെടുത്തുകയും ആകെ പദ്ധതി വിഹിതം 50% ആയി നിജപ്പെടുത്തുകയും ചെയ്തു. (G.O.(Rt)No.871/2024/WRD dated 17-11-2024).

ആയതിന്റെ അടിസ്ഥാനത്തിൽ ഈ പദ്ധതിക്കായി 702.96 ലക്ഷം രൂപ മാത്രമാണ് 18/01/2025 തീയതിയിലെ G.O.(Rt)No.45/2025/WRD നമ്പർ ഉത്തരവ് പ്രകാരം ഭരണാനുമതി ലഭിച്ചത്.

ഈ സാഹചര്യത്തിൽ റിപ്പോർട്ട് സാമ്പത്തിക വർഷം ലക്ഷ്യമിട്ടിരുന്ന പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിന് സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്തിട്ടുള്ള അധിക തുകയായ 1300 ലക്ഷം രൂപയും ബജറ്റിൽ വകയിരുത്തിയ 1000 ലക്ഷം രൂപയും ഉൾപ്പെടെ 2300 ലക്ഷം രൂപ ആവശ്യപ്പെട്ടെങ്കിലും ബജറ്റ് വിഹിതത്തിൽ നിന്ന് 702.71 ലക്ഷം രൂപ മാത്രമാണ് റിപ്പോർട്ട് സാമ്പത്തിക വർഷം ലഭിച്ചത്. ആയതിൽ 587.68 ലക്ഷം രൂപ ചെലവാക്കുകയും 104.78 ലക്ഷം രൂപ ട്രഷറി നിയന്ത്രണം കാരണം ചെലവാക്കാൻ കഴിയാത്തതിനാൽ സർക്കാരിലേക്ക് മടക്കിയെടുത്തു. 10.25 ലക്ഷം രൂപ PSTSB അക്കൗണ്ടിൽ ശേഷിക്കുകയും ചെയ്തു.

**ശിപാർശ**

**2215-01-800-47** - ശുദ്ധജലവിതരണവും ശുചീകരണവും - ശുദ്ധജല വിതരണം - മറ്റു ചെലവുകൾ- കുടിവെള്ള വിതരണവും - വരൾച്ച പരിഹാരവും

കുടിശ്ശിക ബിൽ തുക ഒടുക്കുന്നതിനും നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ 2024-25 സാമ്പത്തിക വർഷത്തെ പ്രതീക്ഷിത ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 13.33 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 11)

**സ്വീകരിച്ച നടപടി**

09.01.2025 തീയതിയിലെ KWA-JB/4502/2023-F3(FUNDS)/DRW നമ്പർ കത്ത് മുഖേന ഈ ശീർഷകത്തിൽ 13.33 കോടി രൂപ അഭ്യർത്ഥിച്ചിരുന്നു. അധിക തുക അനുവദിച്ച് നൽകിയില്ല.

2024-25-ലെ ബജറ്റ് വിഹിതം, ചെലവായ തുക, കുടിശ്ശിക ബില്ലുകളെ കുറിച്ചുള്ള വിവരങ്ങൾ എന്നിവ താഴെ കൊടുക്കുന്നു.

ബജറ്റ് വിഹിതം: 750.00 ലക്ഷം രൂപ

- 2024-25 ൽ BIMS ൽ അനുവദിച്ച തുക : 375.00 ലക്ഷം രൂപ
- BIMS ൽ സമർപ്പിച്ച ബില്ലുകൾ : 429.44 ലക്ഷം രൂപ
- ചെലവായ തുക (ട്രഷറി പാസ്സാക്കിയത്) : 374.99 ലക്ഷം രൂപ
- BDS ലേക്ക് മാറ്റിയ ബില്ലുകൾ : 54.45 ലക്ഷം രൂപ
- 31.03.2025 ലെ കുടിശ്ശിക ബില്ലുകൾ : 723.02 ലക്ഷം രൂപ

2024-25 സാമ്പത്തിക വർഷത്തിൽ ഈ ശീർഷകത്തിൽ ബജറ്റ് വിഹിതത്തിന്റെ 50% ആണ് സർക്കാർ BIMS -ൽ അനുവദിച്ച് നൽകിയത്. ബജറ്റ് വിഹിത്തിന്റെ അപര്യാപ്തതമൂലം കുടിശ്ശിക ബില്ലുകൾ പൂർണമായി കൊടുത്തു തീർക്കാൻ സാധിച്ചില്ല. 2025 ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ ബില്ലുകൾ BDS ലേക്ക് മാറ്റുവാനുള്ള പരിധി 25 ലക്ഷമായി സർക്കാർ നിജപ്പെടുത്തിയിരുന്നു. 2025 മാർച്ച് മാസം B.D.S ലേക്ക് മാറ്റിയ ബില്ലുകൾ കരാറുകാർ B.D.S എടുക്കാത്തതിനാൽ ട്രഷറി ചെലവ് ഇനത്തിൽ ഉൾപ്പെടുന്നില്ല. ആയതിനാൽ, BIMS- ൽ അനുവദിച്ച വിഹിതം പൂർണമായി കൊടുത്തു തീർക്കുവാൻ സാധിച്ചില്ല.

സർക്കാർ ഉത്തരവ് GO(Rt) No.871/2024/WRD തീയതി 17.11.2024 പ്രകാരം 2024-25-ലെ പദ്ധതി ചെലവുകൾ ബജറ്റ് വിഹിതത്തിന്റെ 50% ആയി പരിമിതപ്പെടുത്തിയിരിക്കുന്നു.

<u>ശിപാർശ</u>

**2215 -02-106-97 -** <u>ശുദ്ധജലവിതരണവും ശുചീകരണവും - മാലിന്യ നിവാരണവും ശുചീകരണവും - വായു-ജല മലിനീകരണം തടയൽ - നദി മലിനീകരണം തടയുന്നതിനും എൻ.ജി.ടി. നിർദ്ദേശം പാലിക്കുന്നതിനുള്ള അവബോധം സൃഷ്ടിക്കുന്നതിനുമുള്ള പ്രവൃത്തി</u>

കുടിശ്ശിക ബിൽ തുക ഒടുക്കുന്നതിനും നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ 2024-25 സാമ്പത്തിക വർഷത്തെ പ്രതീക്ഷിത ചെലവുകൾക്കുമായി ഈ

ശീർഷകത്തിൽ 6.46 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 12)

## സ്വീകരിച്ച നടപടി

09.01.2025 തീയതിയിലെ KWA-JB/4502/2023-F3(FUNDS)/NGT നമ്പർ കത്ത് മുഖേന ഈ ശീർഷകത്തിൽ 6.46 കോടി രൂപ അഭ്യർത്ഥിച്ചിരുന്നു. അധിക തുക അനുവദിച്ച് നൽകിയില്ല.

2024-25-ലെ ബജറ്റ് വിഹിതം, ചെലവായ തുക, കുടിശ്ശിക ബില്ലുകളെ കുറിച്ചുള്ള വിവരങ്ങൾ എന്നിവ താഴെ കൊടുക്കുന്നു.

ബജറ്റ് വിഹിതം : 250.00 ലക്ഷം രൂപ

- 2024-25 ൽ BIMS ൽ അനുവദിച്ച തുക: 125 ലക്ഷം രൂപ
- BIMS ൽ സമർപ്പിച്ച ബില്ലുകൾ: 122.26 ലക്ഷം രൂപ
- ചെലവായ തുക (ട്രഷറി പാസ്സാക്കിയത്) : 122.26 ലക്ഷം രൂപ
- BDS ലേക്ക് മാറ്റിയ ബില്ലുകൾ : ഇല്ല
- 31.03.2025-ലെ കുടിശ്ശിക ബില്ലുകൾ : 40.92 ലക്ഷം രൂപ

2024-25 സാമ്പത്തിക വർഷത്തിൽ ഈ ശീർഷകത്തിൽ ബജറ്റ് വിഹിതത്തിന്റെ 50% ആണ് സർക്കാർ BIMS-ൽ അനുവദിച്ച് നൽകിയത്. ബജറ്റ് വിഹിത്തിന്റെ അപര്യാപ്തതമൂലം കുടിശ്ശിക ബില്ലുകൾ പൂർണമായി കൊടുത്തു തീർക്കാൻ സാധിച്ചില്ല. 2025 ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ ബില്ലുകൾ BDS-ലേക്ക് മാറ്റുവാനുള്ള പരിധി 25 ലക്ഷമായി സർക്കാർ നിജപ്പെടുത്തിയിരുന്നു. 2025 മാർച്ച് മാസം B.D.S-ലേക്ക് മാറ്റിയ ബില്ലുകൾ കരാറുകാർ B.D.S എടുക്കാത്തതിനാൽ ട്രഷറി ചെലവ് ഇനത്തിൽ ഉൾപ്പെടുന്നില്ല. ആയതിനാൽ, BIMS- ൽ അനുവദിച്ച വിഹിതം പൂർണമായി കൊടുത്തു തീർക്കുവാൻ സാധിച്ചില്ല.

സർക്കാർ ഉത്തരവ് GO(Rt) No.871/2024/WRD തീയതി 17.11.2024 പ്രകാരം 2024-25-ലെ പദ്ധതി ചെലവുകൾ ബജറ്റ് വിഹിതത്തിന്റെ 50% ആയി പരിമിതപ്പെടുത്തിയിരിക്കുന്നു.

**ശിപാർശ**

**2215 -02-190-99 (02)-31 -** ശുദ്ധജലവിതരണവും ശുചീകരണവും - മാലിന്യ നിവാരണവും ശുചീകരണവും -പൊതുമേഖലാ സ്ഥാപനങ്ങൾക്കും മറ്റുമുള്ള സഹായം - കേരള ജല അതോറിറ്റിയ്ക്കുള്ള സഹായധനം - സഹായധനം - ശമ്പളം

കേരള ജല അതോറിറ്റിയുടെ കീഴിലുള്ള കുടിവെള്ള പദ്ധതികളുടെ നടത്തിപ്പിനും, ജീവനക്കാരുടെ ശമ്പളം, വിരമിച്ച ജീവനക്കാരുടെ പെൻഷൻ, പെൻഷൻ ആനുകൂല്യങ്ങളായ ഡി.സി.ആർ.ജി., കമ്മ്യൂട്ടേഷൻ, മറ്റ് എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ എന്നിവ നൽകുന്നതിനും ഡി.സി.ആർ.ജി., കമ്മ്യൂട്ടേഷൻ, ജി.പി.എഫ് എന്നീ ഇനങ്ങളിലുള്ള കുടിശ്ശിക തീർപ്പാക്കുന്നതിനുമായി ഈ ശീർഷകത്തിൽ 25.61 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 13)

**സ്വീകരിച്ച നടപടി**

09.01.2025 തീയതിയിലെ KWA-JB/4502/2023-F3(FUNDS)-NP നമ്പർ കത്ത് മുഖേന ഈ ശീർഷകത്തിൽ 19.22 കോടി രൂപ അഭ്യർത്ഥിച്ചിരുന്നു. അധിക തുകയൊന്നും അനുവദിച്ച് നൽകിയില്ല.

2024-25 ലെ ബജറ്റ് വിഹിതം, ചെലവായ തുക, കുടിശ്ശിക ബില്ലുകളെ കുറിച്ചുള്ള വിവരങ്ങൾ എന്നിവ താഴെ കൊടുക്കുന്നു.

ബജറ്റ് വിഹിതം : 1898.16 ലക്ഷം രൂപ

- 2024-25 ൽ BIMS ൽ അനുവദിച്ച തുക : 791.448 ലക്ഷം രൂപ
- ചെലവായ തുക (ട്രഷറി പാസ്സാക്കിയത്) : 791.448 ലക്ഷം രൂപ

31.03.2025 -ൽ റവന്യൂ വിഭാഗത്തിൽ ഈ ശീർഷകത്തിൽ 1939.39 ലക്ഷം രൂപയുടെ ചെലവുകൾ കുടിശ്ശികയായുണ്ട്. കേരളാ വാട്ടർ അതോറിറ്റി ഫണ്ടിന് വേണ്ടിയുള്ള അഭ്യർത്ഥന നല്കിയിരുന്നെങ്കിലും 31.03.2025 -ൽ ഈ ശീർഷകത്തിൽ ബജറ്റ് വിഹിതം പൂർണമായി അനുവദിച്ചു നൽകാത്തതിനാൽ തുക പൂർണമായും വിനിയോഗിക്കാൻ കഴിഞ്ഞില്ല.

കെ.ഡബ്ല്യൂ.എ വൈദ്യുത ചാർജ് ഇനത്തിൽ കെ.എസ്.ഇ.ബി ക്ക് നൽകുവാനുള്ള 2068 കോടി രൂപ 12.03.2024-ലെ സർക്കാർ ഉത്തരവ് GO(Rt)45/2024/POWER പ്രകാരം സർക്കാർ ഏറ്റെടുത്തിരുന്നു. പ്രസ്തുത തുക കെ.ഡബ്ല്യൂ.എ. യുടെ നോൺ പ്ലാൻ ഗ്രാന്റിൽ നിന്നും 206.80 കോടി രൂപ വീതം 10 വർഷത്തേക്ക് കുറവ് ചെയ്യുമെന്ന് സർക്കാർ കത്ത് നമ്പർ WS-B3/132/2025/WRD തീയതി 31.05.2025 പ്രകാരം അറിയിച്ചിട്ടുണ്ട്. ആയതിൻ പ്രകാരം ആദ്യ ഗഡുവായ 206.8 കോടി രൂപ 2024-25 സാമ്പത്തിക വർഷത്തെ നോൺ പ്ലാൻ ഗ്രാന്റിൽ നിന്നും കിഴിവ് ചെയ്തിട്ടുണ്ട്.

## ശിപാർശ

**2215 -02-190-99 (02)- 36** - ശുദ്ധജലവിതരണവും ശുചീകരണവും -മാലിന്യ നിവാരണവും ശുചീകരണവും - പൊതുമേഖലാ സ്ഥാപനങ്ങൾക്കും മറ്റുമുള്ള സഹായം - കേരള ജല അതോറിറ്റിയ്ക്കുള്ള സഹായധനം - സഹായധനം - ശമ്പളേതരം.

കേരള ജല അതോറിറ്റിയുടെ കീഴിലുള്ള സ്വീവറേജ് പദ്ധതികളുടെ നടത്തിപ്പിനും ഇതുമായി ബന്ധപ്പെട്ട അടിയന്തര പ്രാധാന്യമുള്ള ചെലവുകളായ ഓപ്പറേഷൻ ആൻഡ് മെയിന്റനൻസ്, ലോണുകളുടെ തിരിച്ചടവ്, വൈദ്യുതി ചാർജ് എന്നിവ നൽകുന്നതിനും ഓപ്പറേഷൻ ആൻഡ് മെയിന്റനൻസ്,വൈദ്യുതി ചാർജ് എന്നീ ഇനങ്ങളിലുള്ള കുടിശ്ശിക ഒടുക്കുന്നതിനുമായി ഈ ശീർഷകത്തിൽ 82.85 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 14)

## സ്വീകരിച്ച നടപടി

09.01.2025 തീയതിയിലെ KWA-JB/4502/2023-F3(FUNDS)-NP നമ്പർ കത്ത് മുഖേന ഈ ശീർഷകത്തിൽ 32.33 കോടി രൂപ അഭ്യർത്ഥിച്ചിരുന്നു. അധിക തുക അനുവദിച്ച് നൽകിയില്ല.

2024-25 ലെ ബജറ്റ് വിഹിതം, ചെലവായ തുക, കുടിശ്ശിക ബില്ലുകളെ കുറിച്ചുള്ള

വിവരങ്ങൾ എന്നിവ താഴെ കൊടുക്കുന്നു.

ബജറ്റ് വിഹിതം: 1316.660 ലക്ഷം രൂപ

- 2024-25 ൽ BIMS ൽ അനുവദിച്ച തുക: 547.998 ലക്ഷം രൂപ
- ചെലവായ തുക (ട്രഷറി പാസ്സാക്കിയത്) : 547.998 ലക്ഷം രൂപ

31.03.2025 -ൽ റവന്യൂ വിഭാഗത്തിൽ ഈ ശീർഷകത്തിൽ 2078.96 ലക്ഷം രൂപയുടെ ചെലവുകൾ കുടിശ്ശികയായുണ്ട്. കേരളാ വാട്ടർ അതോറിട്ടി ഫണ്ടിന് വേണ്ടിയുള്ള അഭ്യർത്ഥന നൽകിയിരുന്നെങ്കിലും 31.03.2025-ൽ ഈ ശീർഷകത്തിൽ ബജറ്റ് വിഹിതം പൂർണമായി അനുവദിച്ചു നൽകാത്തതിനാൽ തുക പൂർണമായും വിനിയോഗിക്കാൻ കഴിഞ്ഞില്ല.

കെ.ഡബ്ല്യൂ.എ. വൈദ്യുത ചാർജ് ഇനത്തിൽ കെ.എസ്.ഇ.ബി.-ക്ക് നൽകുവാനുള്ള 2068 കോടി രൂപ 12.03.2024-ലെ സർക്കാർ ഉത്തരവ് GO(Rt) 45/2024/POWER പ്രകാരം സർക്കാർ ഏറ്റെടുത്തിരുന്നു. ടി തുക കെ.ഡബ്ല്യൂ.എ. യുടെ നോൺ പ്ലാൻ ഗ്രാന്റിൽ നിന്നും 206.80 കോടി രൂപ വീതം 10 വർഷത്തേക്ക് കുറവ് ചെയ്യുമെന്ന് സർക്കാർ കത്ത് നമ്പർ WS-B3/132/2025/WRD തീയതി 31.05.2025 പ്രകാരം അറിയിച്ചിട്ടുണ്ട്. ആയതിൻ പ്രകാരം ആദ്യ ഗഡുവായ 206.8 കോടി രൂപ 2024-25 സാമ്പത്തിക വർഷത്തെ നോൺ പ്ലാൻ ഗ്രാന്റിൽ നിന്നും കിഴിവ് ചെയ്തിട്ടുണ്ട്.

**ശിപാർശ**

**4215 - 01- 101- 97 -** ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധന ച്ചെലവ് - ശുദ്ധജല വിതരണം - നഗര ജലവിതരണ പദ്ധതി - ജലവിതരണ പദ്ധതികളുടെ മെച്ചപ്പെടുത്തൽ / പുനരധിവാസം

കുടിശ്ശിക ബിൽ തുക ഒടുക്കുന്നതിനും നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ 2024-25 സാമ്പത്തിക വർഷത്തെ പ്രതീക്ഷിത ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 107.78 കോടി രൂപ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 15)

**<u>സ്വീകരിച്ച നടപടി</u>**

09.01.2025 തീയതിയിലെ KWA-JB/4502/2023-F3(FUNDS)/UWSS നമ്പർ കത്ത് മുഖേന ഈ ശീർഷകത്തിൽ 107.78 കോടി രൂപ അഭ്യർത്ഥിച്ചിരുന്നു. അധിക തുക അനുവദിച്ച് നൽകിയില്ല.

2024-25 ലെ ബജറ്റ് വിഹിതം, ചെലവായ തുക, കുടിശ്ശിക ബില്ലുകളെ കുറിച്ചുള്ള വിവരങ്ങൾ എന്നിവ താഴെ കൊടുക്കുന്നു.

ബജറ്റ് വിഹിതം: 3400.00 ലക്ഷം രൂപ

- 2024-25 ൽ BIMS ൽ അനുവദിച്ച തുക : 1700 ലക്ഷം രൂപ
- BIMS ൽ സമർപ്പിച്ച ബില്ലുകൾ : 1742.29 ലക്ഷം രൂപ
- ചെലവായ തുക (ട്രഷറി പാസ്സാക്കിയത്) : 1694.04 ലക്ഷം രൂപ
- BDS ലേക്ക് മാറ്റിയ ബില്ലുകൾ : 48.25 ലക്ഷം രൂപ
- 31.03.2025-ലെ കുടിശ്ശിക ബില്ലുകൾ : 2515.06 ലക്ഷം രൂപ

2024-25 സാമ്പത്തിക വർഷത്തിൽ ഈ ശീർഷകത്തിൽ ബജറ്റ് വിഹിതത്തിന്റെ 50% ആണ് സർക്കാർ BIMS-ൽ അനുവദിച്ച് നൽകിയത്. ബജറ്റ് വിഹിത്തിന്റെ അപര്യാപ്തതമൂലം കുടിശ്ശിക ബില്ലുകൾ പൂർണമായി കൊടുത്തു തീർക്കാൻ സാധിച്ചില്ല. 2025 ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ ബില്ലുകൾ BDS ലേക്ക് മാറ്റുവാനുള്ള പരിധി 25 ലക്ഷമായി സർക്കാർ നിജപ്പെടുത്തിയിരുന്നു. 2025 മാർച്ച് മാസം B.D.S ലേക്ക് മാറ്റിയ ബില്ലുകൾ കരാറുകാർ B.D.S എടുക്കാത്തതിനാൽ ട്രഷറി ചെലവ് ഇനത്തിൽ ഉൾപ്പെടുന്നില്ല. ആയതിനാൽ, BIMS -ൽ അനുവദിച്ച വിഹിതം പൂർണമായി കൊടുത്തു തീർക്കുവാൻ സാധിച്ചില്ല.

സർക്കാർ ഉത്തരവ് GO(Rt) No.871/2024/WRD തീയതി 17.11.2024 പ്രകാരം 2024-25 -ലെ പദ്ധതി ചെലവുകൾ ബജറ്റ് വിഹിതത്തിന്റെ 50% ആയി പരിമിതപ്പെടുത്തിയിരിക്കുന്നു.

**ശിപാർശ**

**4215 - 01- 101- 94 -** ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധന ച്ചെലവ് - ശുദ്ധജല വിതരണം - നഗര ജലവിതരണ പദ്ധതി - ADB സഹായത്തോടെയുള്ള കേരള നഗര ജല വിതരണം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി (KUWSIP)(EAP)

കൊച്ചി വിതരണ ശൃംഖല മെച്ചപ്പെടുത്തൽ എന്ന പാക്കേജ് ആരംഭിക്കുന്നതിനായി നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 70 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 16)

**സ്വീകരിച്ച നടപടി**

09.01.2025-ലെ KWA-JB/4502/2023-F3(FUNDS)/ADB നമ്പർ കത്ത് മുഖേന ഈ ശീർഷകത്തിൽ 70.00 കോടി രൂപ അഭ്യർത്ഥിച്ചിരുന്നു. അധിക തുക അനുവദിച്ച് നൽകിയില്ല.

പദ്ധതി പ്രാരംഭ ഘട്ടത്തിൽ ആയതിനാൽ അധിക തുകയുടെ ആവശ്യം വന്നില്ല.

**ശിപാർശ**

**4215 - 01- 102- 98 (01) -** ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനച്ചെലവ് - ശുദ്ധജല വിതരണം - ഗ്രാമീണ ജലവിതരണം - നബാർഡ് സഹായമുള്ള ഗ്രാമീണ ജലവിതരണ പദ്ധതികൾ - നബാർഡ് സഹായമുള്ള ഗ്രാമീണ ജലവിതരണ പദ്ധതികൾ

കുടിശ്ശിക ബിൽ തുക ഒടുക്കുന്നതിനും 2024-25 സാമ്പത്തിക വർഷത്തെ പ്രതീക്ഷിത ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 48.5695 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 17)

**<u>സ്വീകരിച്ച നടപടി</u>**

09.01.2025 തീയതിയിലെ KWA-JB/4502/2023-F3(FUNDS)-NBD നമ്പർ കത്ത് മുഖേന ഈ ശീർഷകത്തിൽ 48.5695 കോടി രൂപ അഭ്യർത്ഥിച്ചിരുന്നു. അധിക തുക അനുവദിച്ച് നൽകിയില്ല.

2024-25 ലെ ബജറ്റ് വിഹിതം, ചെലവായ തുക, കുടിശ്ശിക ബില്ലുകളെ കുറിച്ചുള്ള വിവരങ്ങൾ എന്നിവ താഴെ കൊടുക്കുന്നു.

ബജറ്റ് വിഹിതം : 7000.00 ലക്ഷം രൂപ

- 2024-25-ൽ അനുവദിച്ച തുക : 5564.39 ലക്ഷം രൂപ
- ചെലവായ തുക : 4922.96 ലക്ഷം രൂപ
- 31.03.2025-ലെ കുടിശ്ശിക ബില്ലുകൾ : 2902.56 ലക്ഷം രൂപ

പദ്ധതികളുടെ സുഗമമായ നടത്തിപ്പിന് കഴിഞ്ഞ സാമ്പത്തിക വർഷങ്ങളിൽ മറ്റു ഫണ്ടുകളിൽ നിന്ന് നബാർഡ് ശീർഷകത്തിൽ ചെലവഴിച്ച തുകയും കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ നബാർഡ് ശീർഷകത്തിൽ ട്രഷറി അക്കൗണ്ടിൽ നിന്ന് resume ചെയ്ത തുക തിരികെ നൽകിയതും മേൽപറഞ്ഞ 5564.39 ലക്ഷം രൂപയിൽ ഉൾപ്പെടുന്നു.

**<u>ശിപാർശ</u>**

**4215 - 01- 102- 97** - <u>ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനച്ചെലവ് - ശുദ്ധജല വിതരണം - ഗ്രാമീണ ജലവിതരണം - ഗ്രാമീണ ജലവിതരണ പദ്ധതികൾ</u>

കുടിശ്ശിക ബിൽ തുക ഒടുക്കുന്നതിനും നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ 2024-25 സാമ്പത്തിക വർഷത്തെ പ്രതീക്ഷിത ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 67.63 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 18)

**സ്വീകരിച്ച നടപടി**

09.01.2025 തീയതിയിലെ KWA-JB/4502/2024/F3(FUNDS)/RWSS നമ്പർ കത്ത് മുഖേന ഈ ശീർഷകത്തിൽ 67.63 കോടി രൂപ അഭ്യർത്ഥിച്ചിരുന്നു. അധിക തുക അനുവദിച്ച് നൽകിയില്ല.

2024-25-ലെ ബഡ്ജറ്റ് വിഹിതം, ചെലവായ തുക, കുടിശ്ശിക ബില്ലുകളെ കുറിച്ചുള്ള വിവരങ്ങൾ എന്നിവ താഴെ കൊടുക്കുന്നു.

ബജറ്റ് വിഹിതം : 1000.00 ലക്ഷം രൂപ

- 2024-25-ൽ BIMS -ൽ അനുവദിച്ച തുക : 500.00 ലക്ഷം രൂപ
- BIMS -ൽ സമർപ്പിച്ച ബില്ലുകൾ : 537.98 ലക്ഷം രൂപ
- ചെലവായ തുക (ട്രഷറി പാസ്സാക്കിയത്) : 494.22 ലക്ഷം രൂപ
- BDS -ലേയ്ക്ക് മാറ്റിയ ബില്ലുകൾ : 43.76 ലക്ഷം രൂപ
- 31.03.2025-ലെ കുടിശ്ശിക ബില്ലുകൾ : 3148.57 ലക്ഷം രൂപ

2024-25 സാമ്പത്തിക വർഷത്തിൽ ഈ ശീർഷകത്തിൽ ബജറ്റ് വിഹിതത്തിന്റെ 50% ആണ് സർക്കാർ BIMS -ൽ അനുവദിച്ച് നൽകിയത്. ബജറ്റ് വിഹിതത്തിന്റെ അപര്യാപ്തതമൂലം കുടിശ്ശിക ബില്ലുകൾ പൂർണമായി കൊടുത്തു തീർക്കാൻ സാധിച്ചില്ല. 2025 ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ ബില്ലുകൾ BDS – ലേയ്ക്ക് മാറ്റുവാനുള്ള പരിധി 25 ലക്ഷമായി സർക്കാർ നിജപ്പെടുത്തിയിരുന്നു. 2025 മാർച്ച് മാസം BDS -ലേയ്ക്ക് മാറ്റിയ ബില്ലുകൾ കരാറുകാർ BDS എടുക്കാത്തതിനാൽ ട്രഷറി ചെലവ് ഇനത്തിൽ ഉൾപ്പെടുന്നില്ല. ആയതിനാൽ, BIMS -ൽ അനുവദിച്ച വിഹിതം പൂർണമായി കൊടുത്തു തീർക്കുവാൻ സാധിച്ചില്ല.

സർക്കാർ ഉത്തരവ് GO(Rt) No.871/2024/WRD തീയിതി 17.11.2024 പ്രകാരം 2024-25-ലെ പദ്ധതി ചെലവുകൾ ബജറ്റ് വിഹിതത്തിന്റെ 50% ആയി പരിമിതപ്പെടുത്തിയിരിക്കുന്നു.

**ശിപാർശ**

**4215 – 01– 102– 92–(02)** – ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനച്ചെലവ് - ശുദ്ധജല വിതരണം - ഗ്രാമീണ ജലവിതരണം - ജൽ ജീവൻ മിഷൻ (NRDWP) 50%കേന്ദ്ര വിഹിതം - ജൽജീവൻ മിഷൻ (NRDWP) 50% സംസ്ഥാന വിഹിതം

ജൽ ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി 2024-25 സാമ്പത്തിക വർഷം ഗ്രാമീണ മേഖലയിൽ 10.68 ലക്ഷം ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനും പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട മറ്റു സഹായക പ്രവർത്തനങ്ങൾക്കും ജല ഗുണനിലവാര പരിശോധനാ സംവിധാനം നടപ്പിലാക്കുന്നതിനുമായി ഈ ശീർഷകത്തിൽ 7950 കോടി രൂപ സംസ്ഥാന വിഹിതമായി അധികമായി ധനപുനഃവിനിയോഗം /ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 19)

<u>സ്വീകരിച്ച നടപടി</u>

09.01.2025 തീയതിയിലെ KWA-JB/4502/2024-F3(FUNDS)-JJM നമ്പർ കത്ത് മുഖേന ഈ ശീർഷകത്തിൽ 1353.8749 കോടി രൂപ അഭ്യർത്ഥിച്ചിരുന്നു. ഫെബ്രുവരി മാസത്തിലെ ഉപധനാഭ്യർത്ഥന പ്രകാരം സർക്കാർ 90195.52 കോടി രൂപ ജൽ ജീവൻ മിഷൻ പദ്ധതിയ്ക്കായി വകയിരുത്തുകയുണ്ടായി. നിലവിലെ ബജറ്റ് വിഹിതമായ 550.00 കോടി രൂപയും ചേർത്ത് ആകെ 1451.95 കോടി രൂപ 2024-25 സാമ്പത്തിക വർഷം സംസ്ഥാന വിഹിതമായി വകയിരുത്തുകയും ആയതിൽ നിന്നും ആകെ 1451.95 കോടി രൂപ അനുവദിച്ചു നൽകുകയും ചെയ്തു.

2024-25-ലെ ബജറ്റ് വിഹിതം, ചെലവായ തുക, കുടിശ്ശിക ബില്ലുകളെ കുറിച്ചുള്ള വിവരങ്ങൾ എന്നിവ താഴെ കൊടുക്കുന്നു.

ബജറ്റ് വിഹിതം : 1451.95 കോടി രൂപ

- 2024-25-ൽ അനുവദിച്ച തുക : 1451.9352 കോടി രൂപ
- ചെലവായ തുക : 1403.70 കോടി രൂപ
- 31.05.2025-ലെ കുടിശ്ശിക ബില്ലുകൾ : 4535.74 കോടി രൂപ

2023-24 കാലയളവിൽ സംസ്ഥാന വിഹിതത്തിന്റെ അപര്യാപ്തതമൂലം കേന്ദ്ര വിഹിതം ഉപയോഗിച്ചാണ് സംസ്ഥാന സർക്കാരിന്റെ പദ്ധതി ചെലവിന്റെ വിഹിതവും കണ്ടെത്തിയത്. തന്മൂലം സംസ്ഥാന വിഹിതം 2023-24 കാലയളവിൽ നെഗറ്റീവ് ബാലൻസിൽ ആയിരുന്നു. ഈ കാരണത്താൽ 2024-25 വർഷത്തെ സംസ്ഥാന വിഹിതത്തിൽ നിന്നും 48.23 കോടി രൂപ ക്രമപ്പെടുത്തി.

**ശിപാർശ**

**4215 - 01- 102- 91** - ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനച്ചെലവ് - ശുദ്ധജല വിതരണം - ഗ്രാമീണ ജലവിതരണം - ജലനിധിയുടെ കീഴിലുള്ള ജല വിതരണ പദ്ധതികളുടെ പൂർത്തീകരണം ഘട്ടം II

ജലനിധി രണ്ടാംഘട്ട പദ്ധതി പ്രകാരം പൂർത്തീകരിച്ച കുടിവെള്ള പദ്ധതികളുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ കുടിശ്ശിക ബില്ലുകൾ തീർപ്പാക്കുന്നതിനായി ഈ ശീർഷകത്തിൽ 6.7011 കോടി രൂപ അധികമായി ധനപുനഃവിനിയോഗം /ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 20)

**സ്വീകരിച്ച നടപടി**

2024-25 സാമ്പത്തിക വർഷം പദ്ധതിക്കായി വകയിരുത്തിയിരുന്ന 125 ലക്ഷം രൂപ പൂർണമായും അനുവദിച്ച് കിട്ടുകയും 122.01 ലക്ഷം രൂപ ചെലവാക്കുകയും ചെയ്തു. ട്രഷറി നിയന്ത്രണം കാരണം 2.99 ലക്ഷം രൂപ വർഷാവസാനം സർക്കാർ മടക്കിയെടുത്തു.

2024-25 സാമ്പത്തിക വർഷം വകയിരുത്തിയ ആകെ തുകയായ 125 ലക്ഷം രൂപയ്ക്കു പുറമേ സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്തിട്ടുള്ള അധിക തുകയായ 6.7011 കോടി രൂപ കൂടി അധിക ധനാനുമതി മുഖേന അനുവദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള പ്രൊപ്പോസൽ 06.08.2024-ൽ സർക്കാരിലേയ്ക്ക് നൽകിയെങ്കിലും അധിക തുക അനുവദിച്ച് നൽകിയില്ല.

**ശിപാർശ**

**4215 - 01- 800- 92** - ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനച്ചെലവ് -ശുദ്ധജലവിതരണം - മറ്റു ചെലവുകൾ - ജലസംരക്ഷണവും ഉറവിടം മെച്ചപ്പെടുത്തലും

കുടിശ്ശിക ബിൽ തുക ഒടുക്കുന്നതിനും നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ 2024-25 സാമ്പത്തിക വർഷത്തെ പ്രതീക്ഷിത ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 3.31 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 21)

**സ്വീകരിച്ച നടപടി**

09.01.2025 തീയതിയിലെ KWA-JB/4502/2025/F3/(FUNDS)/SOURCE നമ്പർ കത്ത് മുഖേന ഈ ശീർഷകത്തിൽ 3.310 കോടി രൂപ അഭ്യർത്ഥിച്ചിരുന്നു. അധിക തുക അനുവദിച്ച് നൽകിയില്ല.

2024-25-ലെ ബഡ്ജറ്റ് വിഹിതം, ചെലവായ തുക, കുടിശ്ശിക ബില്ലുകളെ കുറിച്ചുള്ള വിവരങ്ങൾ എന്നിവ താഴെ കൊടുക്കുന്നു.

ബജറ്റ് വിഹിതം : 200.00 ലക്ഷം രൂപ

- 2024-25-ൽ BIMS -ൽ അനുവദിച്ച തുക : 100.00 ലക്ഷം രൂപ
- BIMS -ൽ സമർപ്പിച്ച ബില്ലുകൾ : 92.97 ലക്ഷം രൂപ
- ചെലവായ തുക (ട്രഷറി പാസ്സാക്കിയത്) : 92.97 ലക്ഷം രൂപ
- BDS -ലേയ്ക്ക് മാറ്റിയ ബില്ലുകൾ : ഇല്ല
- 31.03.2025-ലെ കുടിശ്ശിക ബില്ലുകൾ : 95.02 ലക്ഷം രൂപ

2024-25 സാമ്പത്തിക വർഷത്തിൽ ഈ ശീർഷകത്തിൽ ബജറ്റ് വിഹിതത്തിന്റെ 50% ആണ് സർക്കാർ BIMS -ൽ അനുവദിച്ച് നൽകിയത്. ബജറ്റ് വിഹിതത്തിന്റെ അപര്യാപ്തതമൂലം കുടിശ്ശിക ബില്ലുകൾ പൂർണമായി കൊടുത്തു തീർക്കാൻ സാധിച്ചില്ല.

സർക്കാർ ഉത്തരവ് GO(Rt) No.871/2024/WRD തീയിതി 17.11.2024 പ്രകാരം 2024-25-ലെ പദ്ധതി ചെലവുകൾ ബജറ്റ് വിഹിതത്തിന്റെ 50% ആയി പരിമിതപ്പെടുത്തിയിരുന്നു.

**ശിപാർശ**

**4215 - 01- 800- 91** - ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനച്ചെലവ് - ശുദ്ധജല വിതരണം - മറ്റു ചെലവുകൾ മാനവശേഷി വികസനവും ഗവേഷണവും

കുടിശ്ശിക ബിൽതുക ഒടുക്കുന്നതിനും നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ 2024-25 സാമ്പത്തിക വർഷത്തെ പ്രതീക്ഷിത ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 1.3297 കോടി രൂപ അധികമായി ധനപുനഃവിനിയോഗം /ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 22)

**<u>സ്വീകരിച്ച നടപടി</u>**

09.01.2025 തീയതിയിലെ KWA-JB/4502/2024/F3(FUNDS)/HRD നമ്പർ കത്ത് മുഖേന ഈ ശീർഷകത്തിൽ 1.3297 കോടി രൂപ അഭ്യർത്ഥിച്ചിരുന്നു. അധിക തുക അനുവദിച്ച് നൽകിയില്ല.

2024-25-ലെ ബഡ്ജറ്റ് വിഹിതം, ചെലവായ തുക, കുടിശ്ശിക ബില്ലുകളെ കുറിച്ചുള്ള വിവരങ്ങൾ എന്നിവ താഴെ കൊടുക്കുന്നു.

ബജറ്റ് വിഹിതം : 100.00 ലക്ഷം രൂപ

- 2024-25-ൽ BIMS -ൽ അനുവദിച്ച തുക : 50.00 ലക്ഷം രൂപ
- BIMS -ൽ സമർപ്പിച്ച ബില്ലുകൾ : 16.28 ലക്ഷം രൂപ
- ചെലവായ തുക (ട്രഷറി പാസ്സാക്കിയത്) : 16.28 ലക്ഷം രൂപ
- BDS -ലേയ്ക്ക് മാറ്റിയ ബില്ലുകൾ : ഇല്ല
- 31.03.2025-ലെ കുടിശ്ശിക ബില്ലുകൾ : 48.73 ലക്ഷം രൂപ

2024-25 സാമ്പത്തിക വർഷത്തിൽ ഈ ശീർഷകത്തിൽ ബജറ്റ് വിഹിതത്തിന്റെ 50% ആണ് സർക്കാർ BIMS -ൽ അനുവദിച്ച് നൽകിയത്. ബജറ്റ് വിഹിതത്തിന്റെ അപര്യാപ്തതമൂലം കുടിശ്ശിക ബില്ലുകൾ പൂർണമായി കൊടുത്തു തീർക്കാൻ സാധിച്ചില്ല.

സർക്കാർ ഉത്തരവ് GO(Rt) No.871/2024/WRD തീയിതി 17.11.2024 പ്രകാരം 2024-25-ലെ പദ്ധതി ചെലവുകൾ ബജറ്റ് വിഹിതത്തിന്റെ 50% ആയി പരിമിതപ്പെടുത്തിയിരുന്നു.

**<u>ശിപാർശ</u>**

**4215 – 01– 800– 90** – <u>ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനച്ചെലവ് - ശുദ്ധജല വിതരണം - മറ്റ് ചെലവുകൾ - പ്രത്യേക സ്ഥാപനങ്ങൾ / സ്ഥലങ്ങൾക്കുള്ള ശുദ്ധജല പദ്ധതി.</u>

കുടിശ്ശിക ബിൽ തുക ഒടുക്കുന്നതിനും നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ 2024-25 സാമ്പത്തിക വർഷത്തെ പ്രതീക്ഷിത ചെലവുകൾക്കുമായി

ഈ ശീർഷകത്തിൽ 2.58 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 23)

**സ്വീകരിച്ച നടപടി**

09.01.2025 തീയതിയിലെ KWA-JB/4502/2024/F3(FUNDS)/SPINT നമ്പർ കത്ത് മുഖേന ഈ ശീർഷകത്തിൽ 2.58 കോടി രൂപ അഭ്യർത്ഥിച്ചിരുന്നു. അധിക തുക അനുവദിച്ച് നൽകിയില്ല.

2024-25-ലെ ബഡ്ജറ്റ് വിഹിതം, ചെലവായ തുക, കുടിശ്ശിക ബില്ലുകളെ കുറിച്ചുള്ള വിവരങ്ങൾ എന്നിവ താഴെ കൊടുക്കുന്നു.

ബജറ്റ് വിഹിതം : 500.00 ലക്ഷം രൂപ

- 2024-25-ൽ BIMS -ൽ അനുവദിച്ച തുക : 250.00 ലക്ഷം രൂപ
- BIMS -ൽ സമർപ്പിച്ച ബില്ലുകൾ : 153.66 ലക്ഷം രൂപ
- ചെലവായ തുക (ട്രഷറി പാസ്സാക്കിയത്) : 153.66 ലക്ഷം രൂപ
- 31.03.2025-ലെ കുടിശ്ശിക ബില്ലുകൾ : 20.92 ലക്ഷം രൂപ

2024-25 സാമ്പത്തിക വർഷത്തിൽ ഈ ശീർഷകത്തിൽ ബജറ്റ് വിഹിതത്തിന്റെ 50% ആണ് സർക്കാർ BIMS -ൽ അനുവദിച്ച് നൽകിയത്. 17.11.2024-ലെ സർക്കാർ ഉത്തരവ് GO(Rt) No.871/2024/WRD പ്രകാരം 2024-25-ലെ പദ്ധതി ചെലവുകൾ ബജറ്റ് വിഹിതത്തിന്റെ 50% ആയി പരിമിതപ്പെടുത്തിയിരുന്നു.

**ശിപാർശ**

**4215 – 01– 800– 89** – ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനച്ചെലവ് - ശുദ്ധജല വിതരണം - മറ്റു ചെലവുകൾ - ഉല്പാദനവും വിതരണവും മെച്ചപ്പെടുത്തൽ.

കുടിശ്ശിക ബിൽ തുക ഒടുക്കുന്നതിനും നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ 2024-25 സാമ്പത്തിക വർഷത്തെ പ്രതീക്ഷിത ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 99.56 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/

ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 24)

**സ്വീകരിച്ച നടപടി**

09.01.2025 തീയതിയിലെ KWA-JB/4502/2024/F3(FUNDS)/OPT നമ്പർ കത്ത് മുഖേന ഈ ശീർഷകത്തിൽ 99.56 കോടി രൂപ അഭ്യർത്ഥിച്ചിരുന്നു. അധിക തുക അനുവദിച്ച് നൽകിയില്ല.

2024-25-ലെ ബഡ്ജറ്റ് വിഹിതം, ചെലവായ തുക, കുടിശ്ശിക ബില്ലുകളെ കുറിച്ചുള്ള വിവരങ്ങൾ എന്നിവ താഴെ കൊടുക്കുന്നു.

ബജറ്റ് വിഹിതം : 4500.00 ലക്ഷം രൂപ

- 2024-25-ൽ BIMS -ൽ അനുവദിച്ച തുക : 2250.00 ലക്ഷം രൂപ
- BIMS -ൽ സമർപ്പിച്ച ബില്ലുകൾ : 2597.94 ലക്ഷം രൂപ
- ചെലവായ തുക (ട്രഷറി പാസ്സാക്കിയത്) : 2079.84 ലക്ഷം രൂപ
- BDS -ലേയ്ക്ക് മാറ്റിയ ബില്ലുകൾ : 518.10 ലക്ഷം രൂപ
- 31.03.2025-ലെ കുടിശ്ശിക ബില്ലുകൾ : 2432.61 ലക്ഷം രൂപ

2024-25 സാമ്പത്തിക വർഷത്തിൽ ഈ ശീർഷകത്തിൽ ബജറ്റ് വിഹിതത്തിന്റെ 50% ആണ് സർക്കാർ BIMS -ൽ അനുവദിച്ച് നൽകിയത്. ബജറ്റ് വിഹിതത്തിന്റെ അപര്യാപ്തതമൂലം കുടിശ്ശിക ബില്ലുകൾ പൂർണ്ണമായി കൊടുത്തു തീർക്കാൻ സാധിച്ചില്ല. 2025 ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ ബില്ലുകൾ BDS-ലേക്ക് മാറ്റുവാനുള്ള പരിധി 25 ലക്ഷമായി സർക്കാർ നിജപ്പെടുത്തിയിരുന്നു. 2025 മാർച്ച് മാസം BDS-ലേക്ക് മാറ്റിയ ബില്ലുകൾ കരാറുകാർ BDS എടുക്കാത്തതിനാൽ ട്രഷറി ചെലവിനത്തിൽ ഉൾപ്പെടുന്നില്ല. ആയതിനാൽ, BIMS-ൽ അനുവദിച്ച വിഹിതം പൂർണമായി കൊടുത്തുതീർക്കുവാൻ സാധിച്ചില്ല.

സർക്കാർ ഉത്തരവ് G.O. (Rt) No. 871/2024/WRD തീയതി 17.11.2024 പ്രകാരം 2024-25 -ലെ പദ്ധതി ചെലവുകൾ ബജറ്റ് വിഹിതത്തിന്റെ 50% ആയി പരിമിതപ്പെടുത്തിയിരുന്നു.

**ശിപാർശ**

**4215 – 01– 800– 88 –** ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധന ച്ചെലവ് - ശുദ്ധജല വിതരണം - മറ്റു ചെലവുകൾ - ജിക്ക സഹകരണത്തോടുള്ള കേരള ശുദ്ധജലവിതരണ പദ്ധതി.

കുടിശ്ശിക ബിൽ തുക ഒടുക്കുന്നതിനും 2024-25 സാമ്പത്തിക വർഷത്തെ പ്രതീക്ഷിത ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 19.83 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 25)

**സ്വീകരിച്ച നടപടി**

09.01.2025 തീയതിയിലെ KWA-JB/4502/2024-F3(FUNDS)/JICA നമ്പർ കത്ത് മുഖേന ഈ ശീർഷകത്തിൽ 19.83 കോടി രൂപ അഭ്യർത്ഥിച്ചിരുന്നു. അധിക തുക അനുവദിച്ചു നൽകിയില്ല.

2024-25 -ലെ ബജറ്റ് വിഹിതം, ചെലവായ തുക, കുടിശ്ശിക ബില്ലുകളെക്കുറിച്ചുള്ള വിവരങ്ങൾ എന്നിവ താഴെ കൊടുക്കുന്നു.

ബജറ്റ് വിഹിതം : 300.00 ലക്ഷം രൂപ

- 2024-25 -ൽ BIMS -ൽ അനുവദിച്ച തുക : 150 ലക്ഷം രൂപ
- BIMS -ൽ സമർപ്പിച്ച ബില്ലുകൾ : 148.86 ലക്ഷം രൂപ
- ചെലവായ തുക (ട്രഷറി പാസ്സാക്കിയത്) : 73.86 ലക്ഷം രൂപ
- BDS ലേക്ക് മാറ്റിയ ബില്ലുകൾ : 75.00 ലക്ഷം രൂപ
- 31.03.2025 -ലെ കുടിശ്ശിക ബില്ലുകൾ : 1514.67 ലക്ഷം രൂപ

2024-25 സാമ്പത്തികവർഷത്തിൽ ഈ ശീർഷകത്തിൽ ബജറ്റ് വിഹിതത്തിന്റെ 50% ആണ് സർക്കാർ BIMS -ൽ അനുവദിച്ചുനൽകിയത്. ബജറ്റ് വിഹിതത്തിന്റെ അപര്യാപ്തതമൂലം കുടിശ്ശിക ബില്ലുകൾ പൂർണമായി കൊടുത്തുതീർക്കാൻ സാധിച്ചില്ല. 2025 ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ ബില്ലുകൾ BDS ലേക്ക് മാറ്റുവാനുള്ള പരിധി 25 ലക്ഷമായി സർക്കാർ നിജപ്പെടുത്തിയിരുന്നു. 2025 മാർച്ച് മാസം BDS ലേക്ക് മാറ്റിയ ബില്ലുകൾ കരാറുകാർ BDS എടുക്കാത്തതിനാൽ ട്രഷറി ചെലവിനത്തിൽ ഉൾപ്പെടുന്നില്ല.

ആയതിനാൽ, BIMS -ൽ അനുവദിച്ച വിഹിതം പൂർണമായി കൊടുത്തുതീർക്കുവാൻ സാധിച്ചില്ല.

സർക്കാർ ഉത്തരവ് G.O. (Rt) No. 871/2024/WRD തീയതി 17.11.2024 പ്രകാരം 2024-25-ലെ പദ്ധതി ചെലവുകൾ ബജറ്റ് വിഹിതത്തിന്റെ 50% ആയി പരിമിതപ്പെടുത്തിയിരുന്നു.

**ശിപാർശ**

**4215 - 01- 800- 87** - ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനച്ചെലവ് - ശുദ്ധജലവിതരണം - മറ്റുചെലവുകൾ - ഊർജ്ജ കാര്യക്ഷമതാ മെച്ചപ്പെടുത്തൽ, ഇലക്ട്രോമെക്കാനിക്കൽ ഇനങ്ങളുടെ ഒപ്റ്റിമൈസേഷൻ, സുരക്ഷാ ഓഡിറ്റ്, ഡബ്ല്യൂ.ടി.പി.കളുടെയും പമ്പ് ഹൗസുകളുടെയും പ്രവർത്തനത്തിൽ സുരക്ഷ ഉറപ്പാക്കൽ

കുടിശ്ശിക ബിൽ തുക ഒടുക്കുന്നതിനും 2024-25 സാമ്പത്തിക വർഷത്തെ പ്രതീക്ഷിത ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 2.32 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 26)

**സ്വീകരിച്ച നടപടി**

09.01.2025 തീയതിയിലെ KWA-JB/4502/2024-F3(FUNDS)/ENER നമ്പർ കത്ത് മുഖേന ഈ ശീർഷകത്തിൽ 2.32 കോടി രൂപ അഭ്യർത്ഥിച്ചിരുന്നു. അധിക തുക അനുവദിച്ചു നൽകിയില്ല.

2024-25 -ലെ ബജറ്റ് വിഹിതം, ചെലവായ തുക, കുടിശ്ശിക ബില്ലുകളെക്കുറിച്ചുള്ള വിവരങ്ങൾ എന്നിവ താഴെ കൊടുക്കുന്നു.

ബജറ്റ് വിഹിതം : 500.00 ലക്ഷം രൂപ

- 2024-25 -ൽ BIMS -ൽ അനുവദിച്ച തുക : 250.00 ലക്ഷം രൂപ
- BIMS -ൽ സമർപ്പിച്ച ബില്ലുകൾ : 174.62 ലക്ഷം രൂപ
- ചെലവായ തുക (ട്രഷറി പാസ്സാക്കിയത്) : 174.62 ലക്ഷം രൂപ

- BDS ലേക്ക് മാറ്റിയ ബില്ലുകൾ : ഇല്ല
- 31.03.2025 -ലെ കുടിശ്ശിക ബില്ലുകൾ : ഇല്ല

സർക്കാർ ഉത്തരവ് G.O. (Rt) No.871/2024/WRD തീയതി 17.11.2024 പ്രകാരം 2024-25-ലെ പദ്ധതി ചെലവുകൾ ബജറ്റ് വിഹിതത്തിന്റെ 50% ആയി പരിമിതപ്പെടുത്തിയിരുന്നു.

**ശിപാർശ**

**4215 - 01- 800- 86** - ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനച്ചെലവ് - ശുദ്ധജലവിതരണം - മറ്റു ചെലവുകൾ - കെ. ഡബ്ല്യൂ.എ. അടിസ്ഥാന സൗകര്യ വികസനവും നിരീക്ഷണ പ്രവർത്തനങ്ങളും

കുടിശ്ശിക ബിൽ തുക ഒടുക്കുന്നതിനും നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ 2024-25 സാമ്പത്തിക വർഷത്തെ പ്രതീക്ഷിത ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 2.62 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 27)

**സ്വീകരിച്ച നടപടി**

09.01.2025 തീയതിയിലെ KWA-JB/4502/2024-F3(FUNDS)/INF നമ്പർ കത്ത് മുഖേന ഈ ശീർഷകത്തിൽ 2.62 കോടി രൂപ അഭ്യർത്ഥിച്ചിരുന്നു. അധിക തുക അനുവദിച്ചു നൽകിയില്ല.

2024-25 -ലെ ബജറ്റ് വിഹിതം, ചെലവായ തുക, കുടിശ്ശിക ബില്ലുകളെക്കുറിച്ചുള്ള വിവരങ്ങൾ എന്നിവ താഴെ കൊടുക്കുന്നു.

ബജറ്റ് വിഹിതം : 250.00 ലക്ഷം രൂപ

- 2024-25 -ൽ BIMS -ൽ അനുവദിച്ച തുക : 125.00 ലക്ഷം രൂപ
- BIMS -ൽ സമർപ്പിച്ച ബില്ലുകൾ : 104.97 ലക്ഷം രൂപ
- ചെലവായ തുക (ട്രഷറി പാസ്സാക്കിയത്) : 104.97 ലക്ഷം രൂപ

- BDS ലേക്ക് മാറ്റിയ ബില്ലുകൾ : ഇല്ല
- 31.03.2025 -ലെ കുടിശ്ശിക ബില്ലുകൾ : ഇല്ല

സർക്കാർ ഉത്തരവ് G.O. (Rt) No.871/2024/WRD തീയതി 17.11.2024 പ്രകാരം 2024-25 -ലെ പദ്ധതി ചെലവുകൾ ബജറ്റ് വിഹിതത്തിന്റെ 50% ആയി പരിമിതപ്പെടുത്തിയിരുന്നു.

**ശിപാർശ**

**4215 – 01– 800– 82** – ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനച്ചെലവ് - ശുദ്ധജലവിതരണം - മറ്റു ചെലവുകൾ - ജലവിതരണ പദ്ധതികളുടെ ഉറവിട സുസ്ഥിരത ഉറപ്പുവരുത്തുന്നതിനായി ജലാശയങ്ങളുടെ പുനരുജ്ജീവനം

ശുദ്ധജല വിതരണ പദ്ധതികളുടെ സുസ്ഥിരത ഉറപ്പാക്കുന്നതിനായി കേരളത്തിലെ ജലാശയങ്ങൾ /തണ്ണീർ തടങ്ങൾ എന്നിവ പുനരുജ്ജീവിപ്പിക്കുന്നതിന്റെ ഭാഗമായി പരീക്ഷണാടിസ്ഥാനത്തിൽ ശാസ്താംകോട്ട കായലിന്റെ പുനരുജ്ജീവന പ്രവർത്തനങ്ങൾക്ക് തുടക്കമിടുന്നതിനും സംസ്ഥാനത്തെ കുടിവെള്ള സ്രോതസ്സുകൾ സംരക്ഷിക്കുന്നതിനുള്ള സമഗ്ര പദ്ധതിയുടെ രൂപരേഖ തയ്യാറാക്കുന്നതിനുമായി ഈ ശീർഷകത്തിൽ 3 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 28)

**സ്വീകരിച്ച നടപടി**

2024-2025 സാമ്പത്തികവർഷം ഈ പദ്ധതിക്കായി 100 ലക്ഷം രൂപ ബജറ്റിൽ വകയിരുത്തിയിരുന്നെങ്കിലും 31.08.2024 തീയതിയിലെ G.O. (Ms) No. 76/2024/Fin. നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ KRWSA -യുടെ പദ്ധതികളെ മുൻഗണന അനുസരിച്ച് ക്രമപ്പെടുത്തുകയും ആകെ പദ്ധതി വിഹിതം 50% ആയി നിജപ്പെടുത്തുകയും ചെയ്തു (G.O. (Rt) No. 871/2024/WRD, dated 17.11.2024).

ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പദ്ധതിക്കായി 50 ലക്ഷം രൂപ മാത്രമാണ് 18.01.2025 തീയതിയിലെ G.O. (Rt) No. 46/2025/WRD നമ്പർ സർക്കാർ

ഉത്തരവ് പ്രകാരം ഭരണാനുമതി ലഭിച്ചത്.

ഈ സാഹചര്യത്തിൽ റിപ്പോർട്ടുവർഷം ലക്ഷ്യമിട്ടിരുന്ന പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്തിട്ടുള്ള അധിക തുകയായ 300 ലക്ഷം രൂപയും ബജറ്റിൽ വകയിരുത്തിയ 100 ലക്ഷം രൂപയും ഉൾപ്പെടെ 400 ലക്ഷം രൂപ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടെങ്കിലും ബജറ്റിൽ വകയിരുത്തിയ വിഹിതത്തിൽനിന്നും 50 ലക്ഷം രൂപ മാത്രമാണ് നൽകിയത്. എന്നാൽ ഈ തുക വർഷാവസാനം സർക്കാരിലേക്ക് മടക്കിയെടുക്കുകയും ചെയ്തു.

## ശിപാർശ

**4215 - 02- 102- 99** - ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനച്ചെലവ് - മലിനജല നിവാരണവും ശുചീകരണവും - ഗ്രാമീണ ശുചിത്വ സേവനം - ജലത്തിന്റെ ഗുണനിലവാര നിരീക്ഷണവും ഗ്രേ വാട്ടർ മാനേജ്മെന്റും

കമ്മ്യൂണിറ്റി നിയന്ത്രിത ജലവിതരണ പദ്ധതികളിലൂടെയുള്ള ജലത്തിന്റെ ഗുണനിലവാര നിരീക്ഷണത്തിനുള്ള സംവിധാനം ഒരുക്കുന്നതിനായി 1.5 കോടി രൂപയും ദുർബല ജനവിഭാഗങ്ങളുടെ കോളനികളിലെ ഗ്രേ വാട്ടർ മാനേജ്മെന്റിനായി 1 കോടി രൂപയും ഉൾപ്പെടെ ഈ ശീർഷകത്തിൽ 2.5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 29)

## സ്വീകരിച്ച നടപടി

2024-2025 സാമ്പത്തികവർഷം ഈ പദ്ധതിക്കായി 350 ലക്ഷം രൂപ ബജറ്റിൽ വകയിരുത്തിയിരുന്നെങ്കിലും 31.08.2024 തീയതിയിലെ G.O. (Ms) No. 76/2024/Fin. നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ KRWSA -യുടെ പദ്ധതികളെ മുൻഗണന അനുസരിച്ച് ക്രമപ്പെടുത്തുകയും ആകെ പദ്ധതി വിഹിതം 50% ആയി നിജപ്പെടുത്തുകയും ചെയ്തു (G.O. (Rt) No. 871/2024/WRD, dated 17.11.2024).

ആയതിന്റെ അടിസ്ഥാനത്തിൽ 80 ലക്ഷം രൂപ 'ജലത്തിന്റെ ഗുണനിലവാര

നിരീക്ഷണം' പദ്ധതിയിലും 50 ലക്ഷം രൂപ 'ഗ്രേ വാട്ടർ മാനേജ്മെന്റ് ' പദ്ധതിയിലും 17.01.2025 തീയതിയിലെ G.O. (Rt) No. 38/2025/WRD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകി.

ഈ സാഹചര്യത്തിൽ റിപ്പോർട്ടുവർഷം ലക്ഷ്യമിട്ടിരുന്ന പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്തിട്ടുള്ള അധിക തുകയായ 250 ലക്ഷം രൂപയും (കമ്മ്യൂണിറ്റി ജലവിതരണ പദ്ധതികളിലൂടെയുള്ള ജലത്തിന്റെ ഗുണനിലവാര നിരീക്ഷണത്തിനുള്ള സംവിധാനം ഒരുക്കുന്നതിനായി 150 ലക്ഷം രൂപയും ദുർബല ജനവിഭാഗങ്ങളുടെ കോളനികളിലെ ഗ്രേ വാട്ടർ മാനേജ്മെന്റിനായി 100 ലക്ഷം രൂപയും) ബജറ്റിൽ വകയിരുത്തിയ 350 ലക്ഷം രൂപയും ഉൾപ്പെടെ 600 ലക്ഷം രൂപ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടെങ്കിലും ബജറ്റിൽ വകയിരുത്തിയ വിഹിതത്തിൽനിന്നും 80 ലക്ഷം രൂപ 'ഗ്രേ വാട്ടർ മാനേജ്മെന്റ് പദ്ധതിക്കും' 50 ലക്ഷം രൂപ 'ജലത്തിന്റെ ഗുണനിലവാര നിരീക്ഷണം' പദ്ധതിക്കും മാത്രമാണ് നൽകിയത്. ആയതിൽ ജലത്തിന്റെ ഗുണനിലവാര നിരീക്ഷണം പദ്ധതിക്കായി ലഭിച്ച 50 ലക്ഷം രൂപ പൂർണമായും വിനിയോഗിക്കുകയും ഗ്രേ വാട്ടർ മാനേജ്മെന്റ് പദ്ധതിക്കായി ലഭിച്ച 80 ലക്ഷം രൂപയിൽ 52.94 ലക്ഷം രൂപ ചെലവാക്കുകയും 27.06 ലക്ഷം രൂപ വർഷാവസാനം സർക്കാരിലേക്ക് മടക്കിയെടുക്കുകയും ചെയ്തു.

**<u>ശിപാർശ</u>**

**4215 - 02- 190- 99** - **<u>ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനച്ചെലവ് - മലിനജല നിവാരണവും ശുചീകരണവും - പൊതുമേഖലാ സ്ഥാപനങ്ങൾക്കും മറ്റുമുള്ള വായ്പകൾ - കേരള ജല അതോറിറ്റിയുടെ മാലിന്യ സംസ്കരണ പദ്ധതി.</u>**

കുടിശ്ശിക ബിൽ തുക ഒടുക്കുന്നതിനും 2024-25 സാമ്പത്തിക വർഷത്തെ പ്രതീക്ഷിത ചെലവുകൾക്കായും സ്വച്ഛ് ഭാരത് മിഷൻ വഴി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന സ്വീവറേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾക്കായുള്ള സ്വീവറേജ് നെറ്റ്‌വർക്ക് സ്ഥാപിക്കുന്നതിനുമായി ഈ ശീർഷകത്തിൽ 532.09 കോടി രൂപ അധികമായി ധനപുനഃവിനിയോഗം /ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 30)

**<u>സ്വീകരിച്ച നടപടി</u>**

09.01.2025-ലെ KWA-JB/4502/2024-F3(FUNDS)/SEW നമ്പർ കത്ത് മുഖേന ഈ ശീർഷകത്തിൽ 532.09 കോടി രൂപ അഭ്യർത്ഥിച്ചിരുന്നു. അധിക തുക അനുവദിച്ച് നൽകിയില്ല.

2024-25 -ലെ ബജറ്റ് വിഹിതം, ചെലവായ തുക, കുടിശ്ശിക ബില്ലുകളെക്കുറിച്ചുള്ള വിവരങ്ങൾ എന്നിവ താഴെ കൊടുക്കുന്നു.

ബജറ്റ് വിഹിതം : 3500.00 ലക്ഷം രൂപ

- 2024-25 -ൽ BIMS -ൽ അനുവദിച്ച തുക : 1750 ലക്ഷം രൂപ
- BIMS -ൽ സമർപ്പിച്ച ബില്ലുകൾ : 1760.88 ലക്ഷം രൂപ
- ചെലവായ തുക (ട്രഷറി പാസ്സാക്കിയത്) : 1571.20 ലക്ഷം രൂപ
- BDS ലേക്ക് മാറ്റിയ ബില്ലുകൾ : 189.68 ലക്ഷം രൂപ
- 31.03.2025 -ലെ കുടിശ്ശിക ബില്ലുകൾ : 248.05 ലക്ഷം രൂപ

2024-25 സാമ്പത്തിക വർഷത്തിൽ ഈ ശീർഷകത്തിൽ ബജറ്റ് വിഹിതത്തിന്റെ 50% ആണ് സർക്കാർ BIMS -ൽ അനുവദിച്ചുനൽകിയത്. ബജറ്റ് വിഹിതത്തിന്റെ അപര്യാപ്തതമൂലം കുടിശ്ശിക ബില്ലുകൾ പൂർണമായി കൊടുത്തുതീർക്കാൻ സാധിച്ചില്ല. 2025 ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ ബില്ലുകൾ BDS ലേക്ക് മാറ്റുവാനുള്ള പരിധി 25 ലക്ഷമായി സർക്കാർ നിജപ്പെടുത്തിയിരുന്നു. 2025 മാർച്ച് മാസം BDS ലേക്ക് മാറ്റിയ ബില്ലുകൾ കരാറുകാർ BDS എടുക്കാത്തതിനാൽ ട്രഷറി ചെലവിനത്തിൽ ഉൾപ്പെടുന്നില്ല. ആയതിനാൽ, BIMS -ൽ അനുവദിച്ച വിഹിതം പൂർണമായി കൊടുത്തുതീർക്കുവാൻ സാധിച്ചില്ല.

സർക്കാർ ഉത്തരവ് G.O. (Rt) No.871/2024/WRD തീയതി 17.11.2024 പ്രകാരം 2024-25-ലെ പദ്ധതി ചെലവുകൾ ബജറ്റ് വിഹിതത്തിന്റെ 50% ആയി പരിമിത-പ്പെടുത്തിയിരുന്നു.

**ശിപാർശ**

**2702– 01– 800– 94– 02** – ചെറുകിട ജലസേചനം - ഉപരിതലജലം - മറ്റു ചെലവുകൾ- ചെറുകിട ജലസേചന പദ്ധതികളുടെ സംരക്ഷണം - വേതനം

താല്ക്കാലിക പമ്പ് ഓപ്പറേറ്റർമാരുടെ ദിവസ വേതനം നൽകുന്നതിനായി ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 31)

**സ്വീകരിച്ച നടപടി**

വേതന ശീർഷകത്തിൽ അപ്രോപ്രിയേഷൻ നിയന്ത്രണം ഇല്ലാതിരുന്നതിനാൽ പ്രസ്തുത ശീർഷകത്തിൽ 1 കോടി രൂപ അധികമായി ചെലവഴിക്കുകയും ആയത് 2024-25 സാമ്പത്തിക വർഷത്തെ ഫൈനൽ സെറ്റിൽമെന്റ് ഓഫ് അപ്രോപ്രിയേഷൻ വഴി റീ അപ്രോപ്രിയേഷൻ ഉത്തരവിൽ (G.O(Rt) No.4278/2025/Fin തീയതി 12.05.2025) ക്രമീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ശീർഷകത്തിൽ നിന്നും 31.03.2025 വരെ 4.41 കോടി രൂപയുടെ ധനവിനിയോഗം നടന്നിട്ടുണ്ട്.

**ശിപാർശ**

**2702– 01– 800– 94– 34** – ചെറുകിട ജലസേചനം - ഉപരിതലജലം - മറ്റു ചെലവുകൾ- ചെറുകിട ജലസേചന പദ്ധതികളുടെ സംരക്ഷണം - മറ്റു ചെലവുകൾ

ജലസേചന വകുപ്പിന് കീഴിലുള്ള വിവിധ നിർമ്മിതികളുടെ സുഗമമായ പ്രവർത്തനത്തിനും അവയുടെ വാർഷിക പരിപാലനത്തിനും അറ്റകുറ്റപ്പണികൾക്കും അപ്രതീക്ഷിതമായ കാലാവസ്ഥ വ്യതിയാനം കാരണം നിർമ്മിതികൾക്കുണ്ടാകുന്ന തകരാറുകൾ പരിഹരിക്കുന്നതിനുമായി ഈ ശീർഷകത്തിൽ 15 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന്

സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 32)

**സ്വീകരിച്ച നടപടി**

ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ സബ്ജക്റ്റ് കമ്മിറ്റി ശിപാർശ പ്രകാരമുള്ള തുക അനുവദിക്കുന്നതിനായി പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും അധിക തുക അനുവദിച്ച് ലഭിച്ചിരുന്നില്ല. പ്രസ്തുത ശീർഷകത്തിൽ നിന്നും 31.03.2025 വരെ 26.46 കോടി രൂപയുടെ ധനവിനിയോഗം നടന്നിട്ടുണ്ട്.

**ശിപാർശ**

**2702- 01- 800- 88-33** - ചെറുകിട ജലസേചനം - ഉപരിതലജലം - മറ്റു ചെലവുകൾ - പമ്പ് ഉപയോഗിച്ച് പുഞ്ചകൃഷിക്ക് വെള്ളം വറ്റിക്കുന്നതിനുള്ള സബ്സിഡി - സബ്സിഡികൾ.

ആലപ്പുഴ, കോട്ടയം, തൃശ്ശൂർ ജില്ലകളിലെ പുഞ്ചകൃഷിക്ക് വേണ്ടി പമ്പ് ഉപയോഗിച്ച് വെള്ളം വറ്റിക്കുന്നതിനുള്ള വർദ്ധിപ്പിച്ച നിരക്കിലുള്ള സബ്സിഡി 2023-24 സാമ്പത്തിക വർഷത്തെ കുടിശ്ശിക സഹിതം നൽകുന്നതിനായി ഈ ശീർഷകത്തിൽ 25 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 33)

**സ്വീകരിച്ച നടപടി**

22.01.2025 തീയതിയിലെ G.O(Rt.) no.603/2025 പ്രകാരം 28 കോടി രൂപ അധിക ധനവിനിയോഗാനുമതി മുഖേന അനുവദിച്ചു.

**ശിപാർശ**

**2702- 01- 800- 86** - ചെറുകിട ജലസേചനം - ഉപരിതലജലം - മറ്റു ചെലവുകൾ ദേശീയ ഹരിത ട്രൈബ്യൂണൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മലിനമായ നദികൾ പുന:സ്ഥാപിക്കൽ

ദേശീയ ഹരിത ട്രൈബ്യൂണലിന്റെ ഉത്തരവ് പ്രകാരം കേരളത്തിലെ നദികളുടെ പുനരുജ്ജീവനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനും അതുവഴി

ട്രൈബ്യൂണൽ ചുമത്താൻ സാധ്യതയുള്ള പിഴ ഒഴിവാക്കി കിട്ടുന്നതിനുമുള്ള പദ്ധതികൾ പൂർണ്ണമായി നടപ്പിലാക്കുന്നതിനുമായി ഈ ശീർഷകത്തിൽ 3 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 34)

<u>**സ്വീകരിച്ച നടപടി**</u>

അധിക തുക അനുവദിക്കുന്നതിനായി ചീഫ് എഞ്ചിനീയർ സർക്കാരിൽ അപേക്ഷ സമർപ്പിച്ചിരുന്നുവെങ്കിലും അധിക തുക അനുവദിച്ചിട്ടില്ല.

<u>**ശിപാർശ**</u>

**2702– 03– 101– 98–(02)–34 –** <u>ചെറുകിട ജലസേചനം - സംരക്ഷണപ്പണികൾ - വാട്ടർ ടാങ്കുകൾ - സംരക്ഷണപ്പണികൾ - മറ്റു ചെലവുകൾ - ചെറുകിട ജലസേചന പദ്ധതികളുടെ കേടുപാടു തീർക്കൽ - മറ്റു ചെലവുകൾ</u>

കാലപ്പഴക്കംമൂലം പൂർണമായും ഉപയോഗപ്രദമല്ലാത്ത ജലസേചന വകുപ്പിനു കീഴിലുള്ള നിർമ്മിതികളുടെ പുനരുദ്ധാരണ/നവീകരണ പ്രവൃത്തികൾക്കായി ഈ ശീർഷകത്തിൽ 2.5 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 35)

<u>**സ്വീകരിച്ച നടപടി**</u>

ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ സബ്ജക്ട് കമ്മിറ്റി ശിപാർശ പ്രകാരമുള്ള തുക അനുവദിക്കുന്നതിനായി പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും അധിക തുക അനുവദിച്ച് ലഭിച്ചിരുന്നില്ല. എന്നാൽ കരാറുകാരുടെ പെന്റിംഗ് ബില്ലുകളുടെ പേയ്മെന്റ് നൽകുന്നതിനായി ആകെ 38.38 ലക്ഷം രൂപ അധിക ധനാനുമതി മുഖേന അനുവദിച്ചു. പ്രസ്തുത ശീർഷകത്തിൽ നിന്നും 31.03.2025 വരെ 2.88 കോടി രൂപയുടെ ധനവിനിയോഗം നടന്നിട്ടുണ്ട്.

**ശിപാർശ**

**2702– 03– 101– 98– (03) –34–3** – ചെറുകിട ജലസേചനം - സംരക്ഷണപ്പണികൾ - വാട്ടർ ടാങ്കുകൾ - സംരക്ഷണപ്പണികൾ - മറ്റു ചെലവുകൾ - വെള്ളപ്പൊക്കനാശം മൂലമുള്ള അറ്റകുറ്റപ്പണികൾ -മറ്റു ചെലവുകൾ-മറ്റിനം

അപ്രതീക്ഷിതമായ കാലാവസ്ഥാ വ്യതിയാനത്തിന്റെ ഫലമായി തുടർച്ചയായുണ്ടാകുന്ന വെള്ളപ്പൊക്കംമൂലം തോടുകൾക്കുണ്ടാകുന്ന കേടുപാടുകൾ പരിഹരിക്കുന്നതിനായി ഈ ശീർഷകത്തിൽ 7 കോടി രൂപ അധികമായി ധനപുനഃവിനിയോഗം /ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 36)

**സ്വീകരിച്ച നടപടി**

ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ സബ്ജക്ട് കമ്മിറ്റി ശിപാർശ പ്രകാരമുള്ള തുക അനുവദിക്കുന്നതിനായി പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും അധിക തുക അനുവദിച്ച് ലഭിച്ചിരുന്നില്ല. പ്രസ്തുത ശീർഷകത്തിൽ നിന്നും 31.03.2025 വരെ 10.79 കോടി രൂപയുടെ ധനവിനിയോഗം നടന്നിട്ടുണ്ട്.

**ശിപാർശ**

**2702– 03– 101– 95** – ചെറുകിട ജലസേചനം - സംരക്ഷണപ്പണികൾ- വാട്ടർ ടാങ്കുകൾ - നിലവിലുള്ള പ്രോജക്ട് ഏരിയയിലെ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ - ഒറ്റത്തവണ സഹായം

ജലസേചന വകുപ്പിന് കീഴിലുള്ള കെട്ടിടങ്ങളിൽ ഭൂരിഭാഗവും കാലപ്പഴക്കം മൂലവും ബഡ്ജറ്റ് വിഹിതത്തിന്റെ അഭാവംമൂലം അറ്റകുറ്റപ്പണികൾ നടത്താത്തതിനാലും ശോചനീയാവസ്ഥയിലായതിനാൽ പ്രസ്തുത കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ

നടത്തുന്നതിനായി നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ ഈ ശീർഷകത്തിൽ 10 കോടി രൂപ ധനപുനഃവിനിയോഗം /ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 37)

**സ്വീകരിച്ച നടപടി**

സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്ത അധിക ധനാനുമതിയ്ക്കുള്ള അപേക്ഷ ധനകാര്യ വകുപ്പിൽ ലഭ്യമാക്കിയിരുന്നുവെങ്കിലും അധിക തുക അനുവദിച്ചില്ല. എന്നാൽ പെൻഡിംഗ് ബില്ലുകളുടെ പേയ്മെന്റ് നൽകുന്നതിനായി ആകെ 93.26 ലക്ഷം രൂപ അധിക ധനാനുമതി മുഖേന ലഭ്യമായിട്ടുണ്ട്. പ്രസ്തുത ശീർഷകത്തിൽ നിന്നും 31.03.2025 വരെ 93.25 ലക്ഷം രൂപയുടെ ധനവിനിയോഗം നടന്നിട്ടുണ്ട്.

**ശിപാർശ**

**2702– 80– 005– 99–34** –ചെറുകിട ജലസേചനം - ജനറൽ-അന്വേഷണം - ചെറുകിട ജലസേചന പണികളെപ്പറ്റിയുള്ള വിശദമായ അന്വേഷണവും സംയോജിത പദ്ധതികൾ തയ്യാറാക്കലും - മറ്റു ചെലവുകൾ

ജനപ്രതിനിധികളിൽ നിന്നും കർഷക സമിതികളിൽ നിന്നും ലഭിക്കുന്ന അപേക്ഷകളുടെ അടിസ്ഥാനത്തിൽ വിവിധ ശീർഷകങ്ങളിൽ പുതിയ ചെറുകിട ജലസേചന പദ്ധതികൾ ഏറ്റെടുക്കുന്നതിന് മുന്നോടിയായുള്ള പര്യവേഷണ പ്രവൃത്തികൾക്കായി ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 38)

**സ്വീകരിച്ച നടപടി**

ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ സബ്ജക്ട് കമ്മിറ്റി ശിപാർശ പ്രകാരമുള്ള തുക അനുവദിക്കുന്നതിനായി പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും

അധിക തുക അനുവദിച്ച് ലഭിച്ചിരുന്നില്ല. എന്നാൽ കരാറുകാരുടെ പെന്റിംഗ് ബില്ലുകളുടെ പേയ്മെന്റ് നൽകുന്നതിനായി ആകെ 29,000/- രൂപ അധിക ധനാനുമതി മുഖേന അനുവദിച്ചു. പ്രസ്തുത ശീർഷകത്തിൽ നിന്നും 31.03.2025 വരെ 50.28 ലക്ഷം രൂപയുടെ ധനവിനിയോഗം നടന്നിട്ടുണ്ട്.

**ശിപാർശ**

**4702- 00- 101- 99 -** ചെറുകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ് - ഉപരിതലജലം -ചെറുകിട ജലസേചന പദ്ധതി ക്ലാസ് -I

കാർഷിക ജലസേചന സൗകര്യം മെച്ചപ്പെടുത്തുന്നതിനുവേണ്ടി ലഭ്യമായ എസ്റ്റിമേറ്റുകളും അപേക്ഷകളും അനുസരിച്ച് പ്രവൃത്തി നടപ്പിലാക്കുന്നതിന് നിലവിലെ ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 50 ഹെക്ടറിനു മുകളിൽ 2000 ഹെക്ടർ വരെ വിസ്തൃതിയുള്ള സ്ഥലത്ത് ജലസേചന സൗകര്യം മെച്ചപ്പെടുത്തുന്നതിനുവേണ്ടിയുള്ള പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനായി ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം /ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 39)

**സ്വീകരിച്ച നടപടി**

ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ സബ്ജക്ട് കമ്മിറ്റി ശിപാർശ പ്രകാരമുള്ള തുക അനുവദിക്കുന്നതിനായി പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും അധിക തുക അനുവദിച്ച് ലഭിച്ചിരുന്നില്ല. പ്രസ്തുത ശീർഷകത്തിൽ നിന്നും 31.03.2025 വരെ 15.97 കോടി രൂപയുടെ ധനവിനിയോഗം നടന്നിട്ടുണ്ട്.

**ശിപാർശ**

**4702- 00- 101- 89** - ചെറുകിട ജലസേചനം സംബന്ധിച്ച മൂലധന ച്ചെലവ്- ഉപരിതല ജലം -മലബാർ ജലസേചന പാക്കേജ് (മിർപാ)- റെഗുലേറ്ററുകളുടെയും ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെയും പുനരുദ്ധാരണം.

മലബാർ മേഖലയിൽ ചെറുകിട ജലസേചനത്തിനായി നിലവിലുള്ള സ്കീമുകളുടെ പുനരുദ്ധാരണ, നവീകരണ പ്രവൃത്തികൾ നടപ്പിലാക്കി കൂടുതൽ സ്ഥലങ്ങളിൽ

ജലസേചന സൗകര്യം ലഭ്യമാക്കുന്നതിനും നിലവിലുള്ള ജലസേചന സൗകര്യം മെച്ചപ്പെടുത്തുന്നതിനുമായി ഈ ശീർഷകത്തിൽ 2 കോടി രൂപ അധികമായി ധനപുനഃവിനിയോഗം /ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 40)

**സ്വീകരിച്ച നടപടി**

ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ സബ്ജക്ട് കമ്മിറ്റി ശിപാർശ പ്രകാരമുള്ള തുക അനുവദിക്കുന്നതിനായി പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും അധിക തുക അനുവദിച്ച് ലഭിച്ചിരുന്നില്ല. പ്രസ്തുത ശീർഷകത്തിൽ നിന്നും 31.03.2025 വരെ 2.99 കോടി രൂപയുടെ ധനവിനിയോഗം നടന്നിട്ടുണ്ട്.

**ശിപാർശ**

**4702- 00- 101- 87** - ചെറുകിട ജലസേചനം സംബന്ധിച്ച മൂലധന ച്ചെലവ്- ഉപരിതലജലം - കുളങ്ങളുടെ നവീകരണം

ജലസേചന സൗകര്യത്തിനുതകുന്ന തരത്തിൽ പൊതുകുളങ്ങളുടെ നവീകരണത്തിനായി നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ ഈ ശീർഷകത്തിൽ 3 കോടി രൂപ ധനപുനഃവിനിയോഗം /ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 41)

**സ്വീകരിച്ച നടപടി**

ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ സബ്ജക്ട് കമ്മിറ്റി ശിപാർശ പ്രകാരമുള്ള തുക അനുവദിക്കുന്നതിനായി പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും അധിക തുക അനുവദിച്ച് ലഭിച്ചിരുന്നില്ല. 2023-24, 2024-25 സാമ്പത്തിക വർഷം ഏറ്റെടുത്ത പ്രവൃത്തികളുടെ, ബില്ലുകളുടെ പേയ്മെന്റ് നൽകുന്നതിനായി ആകെ 1,64,94,000/- രൂപ അധിക ധനാനുമതി മുഖേന അനുവദിച്ചു. പ്രസ്തുത ശീർഷകത്തിൽ നിന്നും 31.03.2025 വരെ 1.64 കോടി രൂപയുടെ ധനവിനിയോഗം നടന്നിട്ടുണ്ട്.

**ശിപാർശ**

**4702- 00- 101- 82** - ചെറുകിട ജലസേചനം സംബന്ധിച്ച മൂലധന ചെലവ് - ഉപരിതലജലം - ചെറുകിട ജലസേചന പദ്ധതി ക്ലാസ്സ് II

കാർഷിക ജലസേചന സൗകര്യം മെച്ചപ്പെടുത്തുന്നതിനുവേണ്ടി ലഭ്യമായ എസ്റ്റിമേറ്റുകളും അപേക്ഷകളും അനുസരിച്ച് പ്രവൃത്തി നടപ്പിലാക്കുന്നതിന് നിലവിലെ ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ചെറുകിട കർഷകർക്ക് സഹായകരമായ തരത്തിൽ 50 ഹെക്ടർ വരെ വിസ്തൃതിയുള്ള സ്ഥലത്ത് ജനസേചന സൗകര്യം മെച്ചപ്പെടുത്തുന്നതിനുള്ള പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനായി ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 42)

**സ്വീകരിച്ച നടപടി**

ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ സബ്ജക്ട് കമ്മിറ്റി ശിപാർശ പ്രകാരമുള്ള തുക അനുവദിക്കുന്നതിനായി പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും അധിക തുക അനുവദിച്ച് ലഭിച്ചിരുന്നില്ല. പ്രസ്തുത ശീർഷകത്തിൽ നിന്നും 31.03.2025 വരെ 14.82 കോടി രൂപയുടെ ധനവിനിയോഗം നടന്നിട്ടുണ്ട്.

**ശിപാർശ**

**4702- 00- 101- 79** - ചെറുകിട ജലസേചനം സംബന്ധിച്ച മൂലധന ചെലവ്- ഉപരിതലജലം - ചെക്ക് ഡാമുകളും റെഗുലേറ്ററുകളും

വരൾച്ച പ്രതിരോധിക്കുന്നതിനും ഭൂഗർഭജലവിതാനം ഉയർത്തുന്നതിനുമായി നദികളിലും പുഴകളിലും തോടുകളിലും ചെക്ക് ഡാമുകൾ / റെഗുലേറ്ററുകൾ നിർമ്മിച്ച് ജലസംഭരണം നടത്തുന്നതിലേക്കുമായി നടപ്പുസാമ്പത്തിക വർഷം ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ ഈ ശീർഷകത്തിൽ 10 കോടി രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 43)

**സ്വീകരിച്ച നടപടി**

ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ സബ്ജക്ട് കമ്മിറ്റി ശിപാർശ പ്രകാരമുള്ള തുക അനുവദിക്കുന്നതിനായി പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും അധിക തുക അനുവദിച്ച് ലഭിച്ചിരുന്നില്ല. 2023-24, 2024-25 സാമ്പത്തിക വർഷം ഏറ്റെടുത്ത പ്രവൃത്തികളുടെ, ബില്ലുകളുടെ പേയ്മെന്റ് നൽകുന്നതിനായി ആകെ 91,33,000/- രൂപ അധിക ധനാനുമതി മുഖേന അനുവദിച്ചു. പ്രസ്തുത ശീർഷകത്തിൽ നിന്നും 31.03.2025 വരെ 91.32 ലക്ഷം രൂപയുടെ ധനവിനിയോഗം നടന്നിട്ടുണ്ട്.

**ശിപാർശ**

**4702- 00- 101- 77** - ചെറുകിട ജലസേചനം സംബന്ധിച്ച മൂലധന ചെലവ്- ഉപരിതലജലം -കാവേരി ബേസിനിലെ ചെറുകിട ജലസേചന പദ്ധതികൾ

കാവേരി നദീജല തർക്ക പരിഹാര ട്രിബ്യൂണൽ വഴി കേരളത്തിന് അനുവദിച്ച ജലം ഫലപ്രദമായി വിനിയോഗിക്കുന്നതിനായി കബനി നദീതടത്തിൽ പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിനായി ഈ ശീർഷകത്തിൽ 2.5 കോടി രൂപ അധികമായി ധനപുന:വിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 44)

**സ്വീകരിച്ച നടപടി**

ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ സബ്ജക്ട് കമ്മിറ്റി ശിപാർശ പ്രകാരമുള്ള തുക അനുവദിക്കുന്നതിനായി പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും അധിക തുക അനുവദിച്ച് ലഭിച്ചിരുന്നില്ല. 2023-24, 2024-25 സാമ്പത്തിക വർഷം ഏറ്റെടുത്ത പ്രവൃത്തികളുടെ, ബില്ലുകളുടെ പേയ്മെന്റ് നൽകുന്നതിനായി ആകെ 1,84,88,000/- രൂപ അധിക ധനാനുമതി മുഖേന അനുവദിച്ചു. പ്രസ്തുത ശീർഷകത്തിൽ നിന്നും 31.03.2025 വരെ 3.99 കോടി രൂപയുടെ ധനവിനിയോഗം നടന്നിട്ടുണ്ട്.

**ശിപാർശ**

**4702- 00- 101- 73** - ചെറുകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്- ഉപരിതലജലം -ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ പുനഃസ്ഥാപനം

അപ്രതീക്ഷിതമായ വെള്ളപ്പൊക്കവും മഴക്കെടുതിയുംമൂലം എൽ.ഐ പദ്ധതികൾക്കും അനുബന്ധ ഉപകരണങ്ങൾക്കും വലിയ തോതിൽ നാശ നഷ്ടങ്ങൾ സംഭവിക്കുന്നതിനാൽ അവയുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനും പ്രവർത്തന രഹിതമായ എൽ.ഐ. പദ്ധതികളുടെ പുനരുദ്ധാരണത്തിനും കൂടാതെ കൂടുതൽ പ്രദേശത്ത് കാർഷിക ആവശ്യങ്ങൾക്കായി ജലം ലഭ്യമാക്കുന്നതിനാവശ്യമായ ലീഡിംഗ് ചാനലിന്റെ നിർമ്മാണത്തിനും നിലവിലുള്ള കനാലുകളിലെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനുമായി ഈ ശീർഷകത്തിൽ 8 കോടി രൂപ അധികമായി ധനപുനഃവിനിയോഗം /ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 45)

**സ്വീകരിച്ച നടപടി**

ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ സബ്ജക്ട് കമ്മിറ്റി ശിപാർശ പ്രകാരമുള്ള തുക അനുവദിക്കുന്നതിനായി പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും അധിക തുക അനുവദിച്ച് ലഭിച്ചിരുന്നില്ല. 2023-24, 2024-25 സാമ്പത്തിക വർഷം ഏറ്റെടുത്ത പ്രവൃത്തികളുടെ, ബില്ലുകളുടെ പേയ്മെന്റ് നൽകുന്നതിനായി ആകെ 3,54,80,000/- രൂപ അധിക ധനാനുമതി മുഖേന അനുവദിച്ചു. പ്രസ്തുത ശീർഷകത്തിൽ നിന്നും 31.03.2025 വരെ 5.19 കോടി രൂപയുടെ ധനവിനിയോഗം നടന്നിട്ടുണ്ട്.

**ശിപാർശ**

**4702- 00- 101- 66** - ചെറുകിട ജലസേചനം സംബന്ധിച്ച മൂലധന ച്ചെലവ്- ഉപരിതലജലം -ചെറുകിട ജലസേചന പദ്ധതികൾ ക്ലാസ്സ് I- (ഹരിത കേരളം)

ഹരിത കേരളം പദ്ധതി വിഭാവനം ചെയ്ത രീതിയിൽ നടപ്പിലാക്കുന്നതിനായി ഹരിത കേരളം മാസ്റ്റർ പ്ലാനിൽ ഉൾപ്പെട്ട പദ്ധതികളുടെ പൂർത്തീകരണത്തിനായി ഈ

ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുന:വിനിയോഗം /ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 46)

**സ്വീകരിച്ച നടപടി**

ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ സബ്ജക്ട് കമ്മിറ്റി ശിപാർശ പ്രകാരമുള്ള തുക അനുവദിക്കുന്നതിനായി പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും അധിക തുക അനുവദിച്ച് ലഭിച്ചിരുന്നില്ല. പ്രസ്തുത ശീർഷകത്തിൽ നിന്നും 31.03.2025 വരെ 5.92 കോടി രൂപയുടെ ധനവിനിയോഗം നടന്നിട്ടുണ്ട്.

**ശിപാർശ**

**4702- 00- 101- 65** - ചെറുകിട ജലസേചനം സംബന്ധിച്ച മൂലധന ച്ചെലവ്- ഉപരിതലജലം -ചെറുകിട ജലസേചന പദ്ധതി ക്ലാസ് II- ഹരിത കേരളം

ഹരിത കേരളം പദ്ധതി വിഭാവനം ചെയ്ത രീതിയിൽ നടപ്പിലാക്കുന്നതിനായി ഹരിത കേരളം മാസ്റ്റർ പ്ലാനിൽ ഉൾപ്പെട്ട പദ്ധതികളുടെ പൂർത്തീകരണത്തിനായി ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുന:വിനിയോഗം /ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 47)

**സ്വീകരിച്ച നടപടി**

ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ സബ്ജക്ട് കമ്മിറ്റി ശിപാർശ പ്രകാരമുള്ള തുക അനുവദിക്കുന്നതിനായി പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും അധിക തുക അനുവദിച്ച് ലഭിച്ചിരുന്നില്ല. 2023-24, 2024-25 സാമ്പത്തിക വർഷം ഏറ്റെടുത്ത പ്രവൃത്തികളുടെ, ബില്ലുകളുടെ പേയ്മെന്റ് നൽകുന്നതിനായി ആകെ 2,71,31,000/- രൂപ അധിക ധനാനുമതി മുഖേന അനുവദിച്ചു. പ്രസ്തുത ശീർഷകത്തിൽ നിന്നും 31.03.2025 വരെ 9.21 കോടി രൂപയുടെ ധനവിനിയോഗം നടന്നിട്ടുണ്ട്.

**ശിപാർശ**

**4702- 00- 101- 64** - <u>ചെറുകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ് - ഉപരിതലജലം - ടാങ്കുകളുടെയും കുളങ്ങളുടെയും നവീകരണം - പ്രാദേശിക ജലസ്രോതസ്സുകളുടെ സംരക്ഷണം</u>

ഹരിത കേരളം പദ്ധതിയിൽ ഉൾപ്പെടുത്താത്ത ടാങ്കുകളുടെയും കുളങ്ങളുടെയും നവീകരണ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനായി ഈ ശീർഷകത്തിൽ 2 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 48)

**<u>സ്വീകരിച്ച നടപടി</u>**

ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ സബ്ജക്ട് കമ്മിറ്റി ശിപാർശ പ്രകാരമുള്ള തുക അനുവദിക്കുന്നതിനായി പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും അധിക തുക അനുവദിച്ച് ലഭിച്ചിരുന്നില്ല. 2023-24, 2024-25 സാമ്പത്തിക വർഷം ഏറ്റെടുത്ത പ്രവൃത്തികളുടെ, ബില്ലുകളുടെ പേയ്മെന്റ് നൽകുന്നതിനായി ആകെ 75,50,000/- രൂപ അധിക ധനാനുമതി മുഖേന അനുവദിച്ചു. പ്രസ്തുത ശീർഷകത്തിൽ നിന്നും 31.03.2025 വരെ 75.49 ലക്ഷം രൂപയുടെ ധനവിനിയോഗം നടന്നിട്ടുണ്ട്.

**<u>ശിപാർശ</u>**

**4702- 00- 101- 63** - <u>ചെറുകിട ജലസേചനം സംബന്ധിച്ച മൂലധന ച്ചെലവ്- ഉപരിതലജലം -ടാങ്കുകളുടെയും കുളങ്ങളുടെയും നവീകരണം - ഹരിത കേരളം പദ്ധതികൾ</u>

ഹരിത കേരളം പദ്ധതി വിഭാവനം ചെയ്ത രീതിയിൽ നടപ്പിലാക്കുന്നതിനായി ഹരിത കേരളം മാസ്റ്റർ പ്ലാനിൽ ഉൾപ്പെട്ട പദ്ധതികളുടെ പൂർത്തീകരണത്തിനായി _ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുന:വിനിയോഗം /ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 49)

**സ്വീകരിച്ച നടപടി**

ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ സബ്ജക്ട് കമ്മിറ്റി ശിപാർശ പ്രകാരമുള്ള തുക അനുവദിക്കുന്നതിനായി പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും അധിക തുക അനുവദിച്ച് ലഭിച്ചിരുന്നില്ല. 2023-24, 2024-25 സാമ്പത്തിക വർഷം ഏറ്റെടുത്ത പ്രവൃത്തികളുടെ, ബില്ലുകളുടെ പേയ്മെന്റ് നൽകുന്നതിനായി ആകെ 80,52,000/- രൂപ അധിക ധനാനുമതി മുഖേന അനുവദിച്ചു. പ്രസ്തുത ശീർഷകത്തിൽ നിന്നും 31.03.2025 വരെ 8.30 കോടി രൂപയുടെ ധനവിനിയോഗം നടന്നിട്ടുണ്ട്.

**ശിപാർശ**

**4702- 00- 102- 94 -(01)** - ചെറുകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ് - ഭൂഗർഭജലം - ഭൂഗർഭ ജലാധിഷ്ഠിത കുടിവെള്ള പദ്ധതി - മരാമത്തുകൾ.

കുടിവെള്ള ലഭ്യത പൂർണ്ണമായോ ഭാഗീകമായോ ഇല്ലാത്ത പ്രദേശങ്ങളിലെ 1500 കുടുംബങ്ങൾക്ക് കുടിവെള്ള ലഭ്യത ഉറപ്പാക്കുവാൻ സാധിക്കുന്ന തരത്തിൽ 120 ചെറുകിട കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനും 40 കുഴൽക്കിണറുകൾ നിർമ്മിക്കുന്നതിനുമായി ഈ ശീർഷകത്തിൽ 2 കോടി രൂപ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 50)

**സ്വീകരിച്ച നടപടി**

ഭൂജലാധിഷ്ഠിത കുടിവെള്ള പദ്ധതിയിൻ കീഴിൽ പദ്ധതി നടപ്പിലാക്കുന്നതിനായി ബഡ്ജറ്റിൽ 4 കോടി രൂപ അനുവദിച്ചിരുന്നു. എന്നാൽ 17.11.2024 തീയതിയിലെ സ.ഉ.((സാധാ)നം.871/2024-ജ.വി.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം, ബഡ്ജറ്റ് വിഹിതം 50% ആയി പരിമിതപ്പെടുത്തിയതിനാൽ ഭൂജലാധിഷ്ഠിത കുടിവെള്ള പദ്ധതിയിൽ (4702-00-102-94-01-00-00-PV) ബഡ്ജറ്റ് വിഹിതമായി ആകെ 2 കോടി രൂപ

മാത്രമാണ് അനുവദിച്ചത്. അനുവദിച്ച മുഴുവൻ തുകയും ചെലവഴിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൻ കീഴിൽ 30 ചെറുകിട കുടിവെള്ള പദ്ധതികളും 21 കുഴൽ കിണർ നിർമ്മാണവും പൂർത്തീകരിച്ചിട്ടുണ്ട്.

ബഡ്ജറ്റിൽ അനുവദിച്ച മുഴുവൻ തുകയും ചെലവഴിക്കാൻ സാധിക്കാത്തതിനാൽ സമിതി ശിപാർശ ചെയ്ത അധിക തുക അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ ഭൂജല വകുപ്പ് ഡയറക്ടർക്ക് സമർപ്പിക്കുവാൻ സാധിച്ചിട്ടില്ല.

## ശിപാർശ

**2700-01-101-98 -** വൻകിട ജലസേചനം - പെരിയാർ നദീതട പദ്ധതി (വാണിജ്യപരം ) സംരക്ഷണപ്പണികൾ - മറ്റു ചെലവുകൾ

പഴയ കെട്ടിടങ്ങളുടെ പുനരുദ്ധാരണത്തിനായി ഈ ശീർഷകത്തിൽ 1 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 51)

## സ്വീകരിച്ച നടപടി

സംസ്ഥാനതല മുൻഗണനാക്രമം പാലിച്ചും സമയക്രമം നിശ്ചയിച്ചുമാണ് കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ തീർപ്പാക്കി വരുന്നത് എന്നതിനാൽ ഇപ്രകാരം ബില്ലുകൾ തീർപ്പാക്കുന്നതിന് നിലവിലുള്ള ബജറ്റ് വിഹിതം പര്യാപ്തമാവാതെ വരുന്ന പക്ഷം ഉചിതമാർഗത്തിലൂടെ നിശ്ചിത സമയത്ത് അധിക തുക അനുവദിക്കുന്ന കാര്യം പരിശോധിക്കുന്നതാണെന്ന് ധനകാര്യ വകുപ്പിൽ നിന്നും അറിയിച്ചിരുന്നു.

2024-25 ലെ ബജറ്റ് വിഹിതം ഉപയോഗിച്ച് പി.വി.ഐ.പി. കനാലുകളുടെ അറ്റകുറ്റപ്പണികളും അടിയന്തര പുനരുദ്ധാരണ പ്രവൃത്തികളും ഗാർഡൻ സംരക്ഷണ പ്രവൃത്തികളും ഉൾപ്പെടെ 194 പ്രവൃത്തികൾക്കായി 808 ലക്ഷം രൂപയുടെ സാമ്പത്തികാനുമതി ലഭ്യമായതിൽ 100 പ്രവൃത്തികൾ പൂർത്തീകരിക്കുകയും ശേഷിക്കുന്ന പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു

വരുകയും ചെയ്യുന്നു. പ്രസ്തുത ശീർഷകത്തിൽ നിന്നും 31.03.2025 വരെ 6.7355 കോടി രൂപയുടെ ധനവിനിയോഗം നടന്നിട്ടുണ്ട്.

**ശിപാർശ**

**2700-12** - വൻകിട ജലസേചനം - പഴശ്ശി പദ്ധതി (വാണിജ്യേതരം)

2025 ഡിസംബറിൽ പദ്ധതി റീകമ്മീഷനിംഗ് ചെയ്യേണ്ടതിനാലും പുതിയ ഓഫീസ് സമുച്ചയങ്ങൾ ഉൾപ്പെടുന്ന ഇറിഗേഷൻ കെട്ടിട സമുച്ചയത്തിന്റെ പ്രവൃത്തികൾക്കുമായി ഈ ശീർഷകത്തിൽ 55 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം /ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 52)

**സ്വീകരിച്ച നടപടി**

പദ്ധതികളുടെ സംരക്ഷണം, അറ്റകുറ്റപ്പണികൾ എന്നിവ സംബന്ധിച്ച ചെലവുകൾ വകയിരുത്തിയിരിക്കുന്ന വിഹിതത്തിൽ പരിമിതപ്പെടുത്തേണ്ടതാണെന്നും ബജറ്റ് വിഹിതത്തിനുപരിയായി ചെലവിന് അനുമതി നൽകേണ്ട പക്ഷം എസ്റ്റിമേറ്റടക്കമുള്ള വിശദാംശങ്ങൾ സഹിതം ശിപാർശ പരിശോധനയ്ക്കും അംഗീകാരത്തിനുമായി ലഭ്യമാക്കേണ്ടതാണെന്നും ധനകാര്യ വകുപ്പിൽ നിന്നും അറിയിച്ചിരുന്നു. പ്രസ്തുത ശീർഷകത്തിൽ നിന്നും 31.03.2025 വരെ 3.66 കോടി രൂപയുടെ ധനവിനിയോഗം നടന്നിട്ടുണ്ട്.

**ശിപാർശ**

**2700-13** - വൻകിട ജലസേചനം - കുറ്റ്യാടി ജലസേചന പദ്ധതി (വാണിജ്യേതരം)

കുറ്റ്യാടി ജലസേചന പദ്ധതിയിൽ ഉൾപ്പെട്ടുവരുന്ന കനാൽ ശൃംഖല, ജലവിതരണത്തിന് മുന്നോടിയായി വൃത്തിയാക്കുന്ന പ്രവൃത്തിക്കായി ഈ ശീർഷകത്തിൽ 7.12 കോടി രൂപ അധികമായി ധനപുനഃവിനിയോഗം /

ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 53)

**സ്വീകരിച്ച നടപടി**

പദ്ധതികളുടെ സംരക്ഷണം, അറ്റകുറ്റപ്പണികൾ എന്നിവ സംബന്ധിച്ച ചെലവുകൾ വകയിരുത്തിയിരിക്കുന്ന വിഹിതത്തിൽ പരിമിതപ്പെടുത്തേണ്ടതാണെന്നും ബജറ്റ് വിഹിതത്തിനുപരിയായി ചെലവിന് അനുമതി നൽകേണ്ട പക്ഷം എസ്റ്റിമേറ്റടക്കമുള്ള വിശദാംശങ്ങൾ സഹിതം ഭരണവകുപ്പ്, ശിപാർശ പരിശോധനയ്ക്കും അംഗീകാരത്തിനുമായി ലഭ്യമാക്കേണ്ടതാണെന്നും ധനകാര്യ വകുപ്പ് അറിയിച്ചിരുന്നു. പ്രസ്തുത ശീർഷകത്തിൽ നിന്നും 31.03.2025 വരെ 7.89 കോടി രൂപയുടെ ധനവിനിയോഗം നടന്നിട്ടുണ്ട്.

**ശിപാർശ**

**2700-14-101-98** - വൻകിട ജലസേചനം - വടക്കാഞ്ചേരി പദ്ധതി (വാണിജ്യേതരം)-സംരക്ഷണപ്പണികൾ - മറ്റു ചെലവുകൾ

ടൂറിസം പ്രവൃത്തികൾക്കായി ഈ ശീർഷകത്തിൽ 3 കോടി രൂപ അധികമായി ധനപുന:വിനിയോഗം /ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 54)

**സ്വീകരിച്ച നടപടി**

സംസ്ഥാനതല മുൻഗണനാക്രമം പാലിച്ചും സമയക്രമം നിശ്ചയിച്ചുമാണ് കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ തീർപ്പാക്കി വരുന്നത് എന്നതിനാൽ ഇപ്രകാരം ബില്ലുകൾ തീർപ്പാക്കുന്നതിന് നിലവിലുള്ള ബജറ്റ് വിഹിതം പര്യാപ്തമാവാതെ വരുന്ന പക്ഷം ഉചിതമാർഗ്ഗത്തിലൂടെ നിശ്ചിത സമയത്ത് അധിക തുക അനുവദിക്കുന്ന കാര്യം പരിശോധിക്കുന്നതാണെന്ന് ധനകാര്യ വകുപ്പിൽ നിന്നും അറിയിച്ചിരുന്നു. കൂടാതെ കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ നൽകുന്നതിനായി 2024-25 സാമ്പത്തിക വർഷം ആകെ 15,41,000/- രൂപ അധിക ധനാനുമതി മുഖേന ലഭിച്ചിട്ടുണ്ട്.

വടക്കാഞ്ചേരി പദ്ധതിയിൽ ഉൾപ്പെട്ട 7 പ്രവൃത്തികളിൽ 2 പ്രവൃത്തികൾ

പൂർത്തീകരിക്കുകയും ശേഷിക്കുന്ന 5 പ്രവൃത്തികൾ പുരോഗമിക്കുകയും ചെയ്യുന്നു. ആയതിൽ വാഴാനി ഡാമിന്റെ വാർഷിക അറ്റകുറ്റപ്പണികൾ 2025 ഡിസംബറിൽ പൂർത്തീകരിക്കുന്നതും ബാക്കിയുള്ള 4 പ്രവൃത്തികൾ 2025 സെപ്റ്റംബറിൽ പൂർത്തീകരിക്കുന്നതുമാണ്. പ്രസ്തുത ശീർഷകത്തിൽ നിന്നും 31.03.2025 വരെ 65.41 ലക്ഷം രൂപയുടെ ധനവിനിയോഗം നടന്നിട്ടുണ്ട്.

**ശിപാർശ**

**2700-18** - വൻകിട ജലസേചനം - കാഞ്ഞിരപ്പുഴ പദ്ധതി (വാണിജ്യേതരം)

ജലവിതരണത്തിന് മുന്നോടിയായി കനാലുകളിൽ അടിഞ്ഞുകൂടിയ മണ്ണും ചെളിയും കൂടാതെ വളർന്നു നിൽക്കുന്ന ചെടികളും നീക്കം ചെയ്യുന്നതിനും പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ട കാഞ്ഞിരപ്പുഴ ഡാമിന്റെയും കനാലുകളുടെയും മറ്റു അനുബന്ധ നിർമ്മിതികളുടെയും അറ്റകുറ്റപ്പണികൾക്കുമായി ഈ ശീർഷകത്തിൽ 1.50 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 55)

**സ്വീകരിച്ച നടപടി**

പദ്ധതികളുടെ സംരക്ഷണം, അറ്റകുറ്റപ്പണികൾ എന്നിവ സംബന്ധിച്ച ചെലവുകൾ വകയിരുത്തിയിരിക്കുന്ന വിഹിതത്തിൽ പരിമിതപ്പെടുത്തേണ്ടതാണെന്നും ബജറ്റ് വിഹിതത്തിനുപരിയായി ചെലവിന് അനുമതി നൽകേണ്ട പക്ഷം എസ്റ്റിമേറ്റടക്കമുള്ള വിശദാംശങ്ങൾ സഹിതം ഭരണ വകുപ്പ്, ശിപാർശ പരിശോധനയ്ക്കും അംഗീകാരത്തിനുമായി ലഭ്യമാക്കേണ്ടതാണെന്നും ധനകാര്യ വകുപ്പിൽ നിന്നും അറിയിച്ചിരുന്നു. പ്രസ്തുത ശീർഷകത്തിൽ നിന്നും 31.03.2025 വരെ 6.67 കോടി രൂപയുടെ ധനവിനിയോഗം നടന്നിട്ടുണ്ട്.

**ശിപാർശ**

**2700-26-101-98-34-2** -വൻകിട ജലസേചനം - തണ്ണീർമുക്കം പദ്ധതി (വാണിജ്യേതരം) -സംരക്ഷണപ്പണികൾ - മറ്റു ചെലവുകൾ- വൈദ്യുതി ചെലവ്

തണ്ണീർമുക്കം റെഗുലേറ്ററുകളുടെ പ്രവർത്തനത്തിനുള്ള വൈദ്യുതി ചാർജ്ജ്, കുടിശ്ശിക ഉൾപ്പെടെ തീർപ്പാക്കുന്നതിനായി ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 56)

## സ്വീകരിച്ച നടപടി

സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്ത അധിക ധനാനുമതിയ്ക്കുള്ള അപേക്ഷ ധനകാര്യ വകുപ്പിൽ ലഭ്യമാക്കുകയും ആയത് പ്രകാരം തണ്ണീർമുക്കം റെഗുലേറ്ററുകളുടെ പ്രവർത്തനത്തിനുള്ള വൈദ്യുതി ചാർജ്ജ് കുടിശ്ശിക തീർപ്പാക്കുന്നതിന് 4.70 ലക്ഷം രൂപ അധിക ധനാനുമതിയായി അനുവദിക്കുകയും ചെയ്തു. കൂടാതെ സബ്ജക്ട് കമ്മിറ്റി ശിപാർശ പ്രകാരമല്ലാതെ അനുവദിച്ച 5.12 ലക്ഷം രൂപയും ഉൾപ്പെടെ പ്രസ്തുത ശീർഷകത്തിൽ ആകെ 9.82 ലക്ഷം രൂപ അധിക ധനാനുമതിയായി അനുവദിച്ചിട്ടുണ്ട് പ്രസ്തുത ശീർഷകത്തിൽ നിന്നും 31.03.2025 വരെ 11.71 ലക്ഷം രൂപയുടെ ധനവിനിയോഗം നടന്നിട്ടുണ്ട്.

## ശിപാർശ

**2700-27-101-98** - വൻകിട ജലസേചനം - കല്ലട ജലസേചന പദ്ധതി (വാണിജ്യേതരം) - സംരക്ഷണപ്പണികൾ -മറ്റു ചെലവുകൾ

കനാലുകളിലൂടെയുള്ള സുഗമമായ ജലവിതരണത്തിനുള്ള പുനരുദ്ധാരണ പ്രവൃത്തികൾക്കായി ഈ ശീർഷകത്തിൽ 2 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 57)

## സ്വീകരിച്ച നടപടി

അധിക തുക അനുവദിക്കുന്നതിനായി ചീഫ് എഞ്ചിനീയർ സർക്കാരിൽ അപേക്ഷ സമർപ്പിച്ചിരുന്നു. കുടിശ്ശിക ബില്ലുകൾ തീർപ്പാക്കുന്നതിന് നിലവിലുള്ള ബജറ്റ് വിഹിതം പര്യാപ്തമാവാതെ വരുന്ന പക്ഷം ഉചിത മാർഗത്തിലൂടെ നിശ്ചിത സമയത്ത് അധിക തുക

അനുവദിക്കുന്ന കാര്യം പരിശോധിക്കുന്നതാണെന്ന വിവരം ചീഫ് എഞ്ചിനീയറെ അറിയിച്ചിട്ടുണ്ട്.

**ശിപാർശ**

**2701-12** - ഇടത്തരം ജലസേചനം - അട്ടപ്പാടി പദ്ധതി (വാണിജ്യേതരം)

അട്ടപ്പാടി ഇറിഗേഷൻ പ്രോജക്ടിന്റെ നിർമ്മാണാനുമതി ലഭ്യമാകുന്ന മുറയ്ക്ക് അധികമായി എത്തിച്ചേരുന്ന ജീവനക്കാർക്കുള്ള അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കുന്നതിനുവേണ്ടി നിലവിൽ ജീർണ്ണാവസ്ഥയിലുള്ള ക്വാർട്ടേഴ്സുകളുടെയും ഇൻസ്പെക്ഷൻ ബംഗ്ലാവുകളുടെയും അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി ഈ ശീർഷകത്തിൽ 3 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 58)

**സ്വീകരിച്ച നടപടി**

സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്ത അധിക ധനാനുമതിയ്ക്കുള്ള അപേക്ഷ ധനകാര്യ വകുപ്പിൽ ലഭ്യമാക്കിയിരുന്നുവെങ്കിലും അധിക തുക അനുവദിച്ചില്ല. പ്രസ്തുത ശീർഷകത്തിൽ നിന്നും 31.03.2025 വരെ 67,300/- രൂപയുടെ ധനവിനിയോഗം നടന്നിട്ടുണ്ട്.

**ശിപാർശ**

**2701-15-101-98-34-2** - ഇടത്തരം ജലസേചനം- കുട്ടനാട് വികസന പദ്ധതി (വാണിജ്യേതരം) - സംരക്ഷണപ്പണികൾ- മറ്റു ചെലവുകൾ - വൈദ്യുതി ചെലവ്.

തോട്ടപ്പള്ളി സ്പിൽവേയുടെ വൈദ്യുതി ചെലവിനത്തിലായി ഈ ശീർഷകത്തിൽ 3 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 59)

**<u>സ്വീകരിച്ച നടപടി</u>**

സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്ത അധിക ധനാനുമതിയ്ക്കുള്ള അപേക്ഷ ധനകാര്യ വകുപ്പിൽ ലഭ്യമാക്കുകയും ആയത് പ്രകാരം 1,75,000/- രൂപ അധിക ധനാനുമതിയായി അനുവദിക്കുകയും ചെയ്തു. പ്രസ്തുത ശീർഷകത്തിൽ നിന്നും 31.03.2025 വരെ 1.75 ലക്ഷം രൂപയുടെ ധനവിനിയോഗം നടന്നിട്ടുണ്ട്.

**<u>ശിപാർശ</u>**

**2701-20** - <u>ഇടത്തരം ജലസേചനം - വെള്ളിയാംകല്ല് കാസ് വേ (വാണിജ്യേതരം)</u>

പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ടുള്ള അടിയന്തര ഇലക്ട്രിക്കൽ ,മെക്കാനിക്കൽ പ്രവൃത്തികൾക്കായി ഈ ശീർഷകത്തിൽ 76.5 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 60)

**<u>സ്വീകരിച്ച നടപടി</u>**

പദ്ധതികളുടെ സംരക്ഷണം, അറ്റകുറ്റപ്പണികൾ എന്നിവ സംബന്ധിച്ച ചെലവുകൾ വകയിരുത്തിയിരിക്കുന്ന വിഹിതത്തിൽ പരിമിതപ്പെടുത്തേണ്ടതാണെന്നും ബജറ്റ് വിഹിതത്തിനുപരിയായി ചെലവിന് അനുമതി നൽകേണ്ട പക്ഷം എസ്റ്റിമേറ്റടക്കമുള്ള വിശദാംശങ്ങൾ സഹിതം ഭരണവകുപ്പ്, ശിപാർശ പരിശോധനയ്ക്കും അംഗീകാരത്തിനുമായി ലഭ്യമാക്കേണ്ടതാണെന്നും ധനകാര്യ വകുപ്പിൽ നിന്നും അറിയിച്ചിരുന്നു. പ്രസ്തുത ശീർഷകത്തിൽ നിന്നും 31.03.2025 വരെ 14.25 ലക്ഷം രൂപയുടെ ധനവിനിയോഗം നടന്നിട്ടുണ്ട്.

**<u>ശിപാർശ</u>**

**2701 -80 -001- 92-99** - <u>ഇടത്തരം ജലസേചനം - ജനറൽ - ഭരണവും നടത്തിപ്പും - വകുപ്പ് നവീകരണവും ഇ - ഗവേർണൻസും- വിവരസാങ്കേതിക വിദ്യ.</u>

ജലസേചന വകുപ്പിനുകീഴിൽ ഇ-ഓഫീസ് സംസ്ഥാനമൊട്ടാകെ നടപ്പിലാക്കുന്നതിന്റെ

ഭാഗമായി 1350 എണ്ണം ലാപ്ടോപ്പുകൾ, 150 എണ്ണം സ്കാനറുകൾ എന്നിവ നടപ്പ് സാമ്പത്തിക വർഷം തന്നെ വാങ്ങുന്നതിനായി 6 കോടി രൂപയുടെയും ഐ.റ്റി ഉപകരണങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി 50 ലക്ഷം രൂപയുടെയും വെബ്സൈറ്റ് അപ്ഗ്രഡേഷനായി 10 ലക്ഷം രൂപയുടെയും ചെലവ് പ്രതീക്ഷിക്കുന്നതിനാൽ ഈ ശീർഷകത്തിൽ 5.8 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 61)

**സ്വീകരിച്ച നടപടി**

സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്ത അധിക ധനാനുമതിയ്ക്കുള്ള അപേക്ഷ ധനകാര്യ വകുപ്പിൽ ലഭ്യമാക്കിയിരുന്നുവെങ്കിലും അധിക തുക അനുവദിച്ചില്ല. പ്രസ്തുത ശീർഷകത്തിൽ നിന്നും 31.03.2025 വരെ 79 ലക്ഷം രൂപയുടെ ധനവിനിയോഗം നടന്നിട്ടുണ്ട്.

**ശിപാർശ**

**2701 -80 -003-99** - ഇടത്തരം ജലസേചനം - ജനറൽ - പരിശീലനം - പ്രത്യേക പരിശീലന പരിപാടി

ജലസേചന വകുപ്പിന് കീഴിലുള്ള ഐ. റ്റി സെൽ പുനഃരുജ്ജീവിപ്പിക്കുന്നതിനായി തെരഞ്ഞെടുക്കപ്പെട്ട ജീവനക്കാർക്ക് E-Governance, Website Upgradation, Application Software -ന്റെ ഉപയോഗം എന്നീ വിഷയങ്ങളിൽ പരിശീലനം നൽകുന്നതിനും സ്ഥാനക്കയറ്റം ലഭിച്ചുവരുന്ന I st Grade, II nd Grade, III Grade, Draftsman/overseer' s എന്നിവർക്കുള്ള പരിശീലനം നൽകുന്നതിനും കൂടാതെ ക്ലർക്കുമാരുടെ പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിലേക്കായി മലയാളം കമ്പ്യൂട്ടിംഗ് നിർബന്ധമാക്കിയിരിക്കുന്നതിനാൽ ആയതിലേക്കുള്ള പരിശീലനം നല്കുന്നതിനുമായി ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 62)

**സ്വീകരിച്ച നടപടി**

സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്ത അധിക ധനാനുമതിക്കുള്ള അപേക്ഷ ധനകാര്യവകുപ്പിൽ ലഭ്യമാക്കിയതിന്റെ അടിസ്ഥാനത്തിൽ ആസൂത്രണ ബോർഡിന്റെ ശിപാർശയ്ക്കനുസൃതമായിട്ടാണ് ഓരോ പദ്ധതിക്കും വിഹിതം വകയിരുത്തിയിട്ടുള്ളതെന്നും പദ്ധതി നിർവ്വഹണ പുരോഗതിയുടെയും ബജറ്റിൽ വകയിരുത്തിയിട്ടുള്ള തുകയുടെ വിനിയോഗത്തിന്റെയും അടിസ്ഥാനത്തിൽ നിലവിലുള്ള ബജറ്റ് വിഹിതം പര്യാപ്തമാവാതെ വരുന്ന പക്ഷം ഉചിതമാർഗ്ഗത്തിലൂടെ നിശ്ചിത സമയത്ത് അധിക തുക അനുവദിക്കുന്നകാര്യം പരിശോധിക്കുന്നതാണെന്നും ധനകാര്യ വകുപ്പിൽ നിന്നും അറിയിച്ചിരുന്നുവെങ്കിലും അധിക ധനാനുമതി മുഖേന തുക അനുവദിച്ചില്ല. പ്രസ്തുത ശീർഷകത്തിൽ നിന്നും 31.03.2025 വരെ 19.52 ലക്ഷം രൂപയുടെ ധനവിനിയോഗം നടന്നിട്ടുണ്ട്.

**ശിപാർശ**

**2701 –80 –005– 93–** - ഇടത്തരം ജലസേചനം - ജനറൽ - സർവ്വേയും ഇൻവെസ്റ്റിഗേഷനും -ഡിസൈൻ വിംഗ് ആധുനികവൽക്കരണം

ഇ-ഓഫീസ് സംവിധാനം കാര്യക്ഷമമാക്കുന്നതിലേക്കായി ചീഫ് എഞ്ചിനീയർ ഐ.ഡി.ആർ.ബി.-യുടെ കാര്യാലയത്തിലും ഡയറക്ടർ KERI- യുടെ കീഴിലുള്ള എല്ലാ കാര്യാലയങ്ങളിലും കംപ്യൂട്ടറുകൾ, ലാപ്ടോപ്പുകൾ, പ്രിന്ററുകൾ എന്നിവ വാങ്ങുന്നതിനും ഇതിനുപുറമെ നടപ്പ് സാമ്പത്തിക വർഷം കൂടുതലായി ആവശ്യം വരുന്ന ബയോമെടിക് ഉപകരണങ്ങൾ, സോഫ്റ്റ്‌വെയറുകൾ, ക്വാളിറ്റി കൺട്രോൾ ലാബ് ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിനുമായി ഈ ശീർഷകത്തിൽ 90 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 63)

**<u>സ്വീകരിച്ച നടപടി</u>**

സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്ത അധിക ധനാനുമതിക്കുള്ള അപേക്ഷ ധനകാര്യവകുപ്പിൽ ലഭ്യമാക്കിയിരുന്നുവെങ്കിലും നിലവിലുള്ള ബജറ്റ് വിഹിതം പൂർണ്ണമായും വിനിയോഗിച്ചശേഷം അധിക തുക ആവശ്യമായി വരുന്നപക്ഷം ഭരണവകുപ്പ് സമർപ്പിക്കുന്ന ശിപാർശ പരിശോധിച്ച് ഉചിതമാർഗ്ഗേണ തുക അനുവദിക്കുന്നകാര്യം പരിഗണിക്കുന്നതാണെന്നും ധനകാര്യ വകുപ്പ് അറിയിച്ചതല്ലാതെ നടപ്പ് സാമ്പത്തിക വർഷം പ്രസ്തുത ശീർഷകത്തിലെ ബജറ്റ് വിഹിതം പൂർണ്ണമായും വിനിയോഗിച്ചിട്ടില്ലാത്തതിനാൽ അധിക തുക അനുവദിച്ചില്ല. 17.11.2024-ലെ G.O.(Rt) No.871/2024/WRD നമ്പർ ഗവൺമെന്റ് ഉത്തരവ് പ്രകാരം 2024-25 സാമ്പത്തിക വർഷത്തെ പദ്ധതി ചെലവ് സർക്കാർ 50% ആയി നിജപ്പെടുത്തിയിരുന്നു. പ്രസ്തുത ശീർഷകത്തിൽ നിന്നും 31.03.2025 വരെ 101.3 ലക്ഷം രൂപയുടെ ധനവിനിയോഗം നടന്നിട്ടുണ്ട്.

**<u>ശിപാർശ</u>**

**2701-80-052-98-34-3** - <u>ഇടത്തരം ജലസേചനം - ജനറൽ - യന്ത്രോപകരണങ്ങൾ - വാഹനങ്ങളും അറ്റകുറ്റപ്പണികളും - മറ്റു ചെലവുകൾ- മറ്റിനം.</u>

വകുപ്പ് പുതുതായി വാങ്ങി ഉപയോഗിക്കുന്ന എസ്കവേറ്റർ, ഡ്രഡ്ജർ, ജെ.സി.ബി. എന്നിവയുടെ വാർഷിക അറ്റകുറ്റപ്പണികൾക്കായി ഈ ശീർഷകത്തിൽ 1.5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 64)

**<u>സ്വീകരിച്ച നടപടി</u>**

സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്ത അധിക ധനാനുമതിയ്ക്കുള്ള അപേക്ഷ ധനകാര്യ വകുപ്പിൽ ലഭ്യമാക്കിയിരുന്നുവെങ്കിലും അധിക തുക അനുവദിച്ചില്ല. എന്നാൽ വകുപ്പിൽ നിന്നുള്ള പ്രത്യേക അപേക്ഷയിന്മേൽ 1.02 കോടി രൂപയുടെ അധിക ധനാനുമതി അനുവദിച്ചിരുന്നു. വെള്ളപ്പൊക്ക ഭീഷണി നേരിടുന്നതിനായി മെക്കാനിക്കൽ ഡിവിഷൻ

ആലപ്പുഴയുടെ കീഴിൽ മൺസൂൺ മുന്നൊരുക്കങ്ങളുടെ ഭാഗമായി ചെയ്തുതീർക്കേണ്ട 5 പ്രവൃത്തികൾ വകുപ്പിന്റെ പ്രവൃത്തികൾ ആയി ഏറ്റെടുത്ത് പൂർത്തീകരിച്ചിട്ടുണ്ട്. പ്രസ്തുത ശീർഷകത്തിൽ നിന്നും 31.03.2025 വരെ 155 ലക്ഷം രൂപയുടെ ധനവിനിയോഗം നടന്നിട്ടുണ്ട്.

**ശിപാർശ**

**2711 – 01- 103- 99- 34- 3** - വെള്ളപ്പൊക്ക നിയന്ത്രണവും ഡ്രെയിനേജും - വെള്ളപ്പൊക്ക നിയന്ത്രണം - സിവിൽ വർക്സ് - വെള്ളപ്പൊക്ക നിയന്ത്രണപ്പണികൾ -സംരക്ഷണം- മറ്റു ചെലവുകൾ - മറ്റിനം.

തുടർച്ചയായുണ്ടാകുന്ന വെള്ളപ്പൊക്കം മൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾ ലഘൂകരിക്കുന്നതിനായുള്ള വെള്ളപ്പൊക്ക നിയന്ത്രണ പ്രവൃത്തികൾക്കായി ഈ ശീർഷകത്തിൽ 14 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 65)

**സ്വീകരിച്ച നടപടി**

അധിക തുക അനുവദിക്കുന്നതിനായി ചീഫ് എഞ്ചിനീയർ സർക്കാരിൽ അപേക്ഷ സമർപ്പിച്ചിരുന്നുവെങ്കിലും അധിക തുക അനുവദിച്ചിട്ടില്ല.

**ശിപാർശ**

**2711 – 01- 103- 98- 34- 3-** വെള്ളപ്പൊക്ക നിയന്ത്രണവും ഡ്രെയിനേജും - വെള്ളപ്പൊക്ക നിയന്ത്രണം - സിവിൽ വർക്സ് - വെള്ളപ്പൊക്കക്കെടുതികൾമൂലമുള്ള അറ്റകുറ്റ പണികൾ - മറ്റു ചെലവുകൾ - മറ്റിനം.

തുടർച്ചയായുണ്ടാകുന്ന പ്രളയം മൂലമുള്ള വെള്ളപ്പൊക്കക്കെടുതികൾ പരിഹരിക്കുന്നതിനായി ഈ ശീർഷകത്തിൽ 12 കോടി രൂപ അധികമായി ധനപുന:വിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 66)

**സ്വീകരിച്ച നടപടി**

അധിക തുക അനുവദിക്കുന്നതിനായി ചീഫ് എഞ്ചിനീയർ സർക്കാരിൽ അപേക്ഷ സമർപ്പിച്ചിരുന്നുവെങ്കിലും അധിക തുക അനുവദിച്ചിട്ടില്ല.

**ശിപാർശ**

**2711 – 02- 103- 99- 34- 3-** വെള്ളപ്പൊക്ക നിയന്ത്രണവും ഡ്രെയിനേജും- കടലാക്രമണ നിരോധന പദ്ധതികൾ - സിവിൽ വർക്ക്സ് - കടലാക്രമണ നിരോധന പണികൾ - സംരക്ഷണം - മറ്റു ചെലവുകൾ - മറ്റിനം.

ലോകബാങ്കിന്റെ programme For Results (P For R)-Additional Financing പദ്ധതിയുടെ സഹായം സംസ്ഥാനത്തിന് ലഭിക്കുന്നതിനുള്ള മാനദണ്ഡപ്രകാരമുള്ള തീരദേശസംരക്ഷണ പ്രവൃത്തികൾ നടപ്പ് സാമ്പത്തിക വർഷം തന്നെ ആരംഭിച്ചാൽ മാത്രമേ ലോകബാങ്കിന്റെ വിതരണം ആരംഭിക്കുകയുള്ളുവെന്നതിനാൽ ഇതിലേക്കായി വിഭാവനം ചെയ്തിട്ടുള്ള ശരാശരി 20 കോടി രൂപ അടങ്കൽ തുക വരുന്ന പ്രവൃത്തികളുടെ നിർവ്വഹണത്തിനായി ഈ ശീർഷകത്തിൽ 500 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 67)

**സ്വീകരിച്ച നടപടി**

ശിപാർശ പ്രകാരമുള്ള അധിക തുക അനുവദിക്കുന്നതിനായി ചീഫ് എഞ്ചിനീയർ സർക്കാരിൽ അപേക്ഷ സമർപ്പിച്ചിരുന്നുവെങ്കിലും അധിക തുക അനുവദിച്ചില്ല.

**ശിപാർശ**

**2711 – 02- 800-98** - വെള്ളപ്പൊക്ക നിയന്ത്രണവും ഡ്രെയിനേജും - കടലാക്രമണ നിരോധന പദ്ധതികൾ - മറ്റു ചെലവുകൾ - തീരദേശ സംരക്ഷണ പഠനം

ദേശീയ ഹരിത ട്രിബ്യൂണലിന്റെ നിർദ്ദേശപ്രകാരം സംസ്ഥാനത്ത് തീരദേശ സംരക്ഷണ

പ്രവൃത്തികൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി SLMP ആവിഷ്കരിക്കേണ്ടത് അത്യന്താപേക്ഷിതമായതിനാൽ ആയതിലേക്കായി stake Holder Consultation, data collection മുതലായവ നടത്തുന്നതിനും നടപ്പ് സാമ്പത്തിക വർഷം ആരംഭിക്കേണ്ടതായ പദ്ധതികൾ സംബന്ധിച്ച സാമൂഹിക പാരിസ്ഥിതിക പഠനങ്ങൾ നടത്തുന്നതിനും അവയുടെ രൂപകല്പന നിർവ്വഹിക്കുന്നതിനുമായി ഈ ശീർഷകത്തിൽ 2.5 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 68)

<u>സ്വീകരിച്ച നടപടി</u>

ശിപാർശ പ്രകാരമുള്ള അധിക തുക അനുവദിക്കുന്നതിനായി ചീഫ് എഞ്ചിനീയർ സർക്കാരിൽ അപേക്ഷ സമർപ്പിച്ചിരുന്നുവെങ്കിലും അധിക തുക അനുവദിച്ചിട്ടില്ല.

**<u>ശിപാർശ</u>**

**4700 – 12** – <u>വൻകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ് - പഴശ്ശി പദ്ധതി (വാണിജ്യേതരം)</u>

പഴശ്ശി പദ്ധതി 2025 ഡിസംബറോടുകൂടി റീ കമ്മീഷനിംഗ് ചെയ്യേണ്ടതിനാൽ നാശോന്മുഖമായ കനാൽ ശൃംഖലകളും സ്ലൂക്ച്ചറുകളും നവീകരിക്കുവാനും പുതുക്കി നിർമ്മിക്കുന്നതിനുമായി ഈ ശീർഷകത്തിൽ 65 കോടി രൂപ അധികമായി ധനപുന:വിനിയോഗം /ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 69)

<u>സ്വീകരിച്ച നടപടി</u>

സംസ്ഥാന വിഭവ ലഭ്യത കണക്കിലെടുത്താണ് വാർഷിക പദ്ധതിയിൽ സ്കീമുകളുടെ വിഹിതം നിശ്ചയിച്ചിരിക്കുന്നത് എന്നതിനാൽ പദ്ധതികളുമായി ബന്ധപ്പെട്ട 2024-25 സാമ്പത്തിക വർഷത്തെ ചെലവ്, അനുവദിച്ചിരിക്കുന്ന ബജറ്റ് വിഹിതത്തിൽ പരിമിതപ്പെടുത്തേണ്ടതാണെന്നും സ്കീമിന് കീഴിൽ 2024-25 സാമ്പത്തിക വർഷം

പുതിയ പദ്ധതികൾ/നിലവിലുള്ള പദ്ധതികൾ സംബന്ധിച്ച അധിക ചെലവുകൾ വഹിക്കണമെങ്കിൽ ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ അനുമതിയോടുകൂടി അനുബന്ധ വിശദാംശങ്ങൾ സഹിതം ഭരണ വകുപ്പ്, ശിപാർശ പരിശോധനയ്ക്കും അംഗീകാരത്തിനുമായി ലഭ്യമാക്കേണ്ടതാണെന്നും ധനകാര്യ വകുപ്പിൽ നിന്നും അറിയിച്ചിരുന്നു. പ്രസ്തുത ശീർഷകത്തിൽ നിന്നും 31.03.2025 വരെ 12.09 കോടി രൂപയുടെ ധനവിനിയോഗം നടന്നിട്ടുണ്ട്.

**ശിപാർശ**

**4700 – 13** - വൻകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ് - കുറ്റ്യാടി ജലസേചന പദ്ധതി (വാണിജ്യേതരം)

50 വർഷം പഴക്കമുള്ള കനാലും കനാൽ അനുബന്ധ നിർമ്മിതികളും കാലപ്പഴക്കം കാരണം അപകടാവസ്ഥയിലായതിനാലും ജലവിതരണ സമയത്ത് കനാൽ ബ്രീച്ച് ആകുന്ന സ്ഥിതി വിശേഷമുള്ളതിനാലും പ്രസ്തുത ജലസേചന പദ്ധതിയുടെ സമഗ്ര നവീകരണം 5 വർഷം കൊണ്ട് പൂർത്തീകരിക്കുക എന്ന ലക്ഷ്യത്തോടെ വിഭാവനം ചെയ്തിരിക്കുന്ന 180 കോടി രൂപയുടെ പദ്ധതിക്കുള്ള നടപ്പുസാമ്പത്തിക വർഷത്തെ വിഹിതമായി ഈ ശീർഷകത്തിൽ 17 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 70)

**സ്വീകരിച്ച നടപടി**

സംസ്ഥാന വിഭവ ലഭ്യത കണക്കിലെടുത്താണ് വാർഷിക പദ്ധതിയിൽ സ്കീമുകളുടെ വിഹിതം നിശ്ചയിച്ചിരിക്കുന്നത് എന്നതിനാൽ 2024-25 സാമ്പത്തിക വർഷത്തെ പദ്ധതികളുമായി ബന്ധപ്പെട്ട ചെലവ്, അനുവദിച്ചിരിക്കുന്ന ബജറ്റ് വിഹിതത്തിൽ പരിമിതപ്പെടുത്തേണ്ടതാണെന്നും സ്കീമിന് കീഴിൽ 2024-25 സാമ്പത്തിക വർഷം പുതിയ പദ്ധതികൾ/നിലവിലുള്ള പദ്ധതികൾ സംബന്ധിച്ച അധിക ചെലവുകൾ വഹിക്കണമെങ്കിൽ ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ അനുമതിയോടുകൂടി അനുബന്ധ വിശദാംശങ്ങൾ സഹിതം ശിപാർശ പരിശോധനയ്ക്കും

അംഗീകാരത്തിനുമായി ലഭ്യമാക്കേണ്ടതാണെന്നും ധനകാര്യ വകുപ്പിൽ നിന്നും അറിയിച്ചിരുന്നു. പ്രസ്തുത ശീർഷകത്തിൽ നിന്നും 31.03.2025 വരെ 7.93 കോടി രൂപയുടെ ധനവിനിയോഗം നടന്നിട്ടുണ്ട്.

**ശിപാർശ**

**4700 – 18** – വൻകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ് - കാഞ്ഞിരപ്പുഴ പദ്ധതി (വാണിജ്യേതരം)

ജലവിതരണത്തിന് മുന്നോടിയായി കനാലുകളിൽ അടിഞ്ഞുകൂടിയ മണ്ണും ചെളിയും കൂടാതെ വളർന്നു നിൽക്കുന്ന ചെടികളും നീക്കം ചെയ്യുന്നതിനും കാഞ്ഞിരപ്പുഴ ഡാമിന്റെയും കനാലുകളുടെയും മറ്റു അനുബന്ധ നിർമ്മിതികളുടെയും അറ്റകുറ്റപ്പണികൾ നടത്തുന്നതിലേക്കുമായി ഈ ശീർഷകത്തിൽ 20 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 71)

**സ്വീകരിച്ച നടപടി**

പദ്ധതികളുടെ സംരക്ഷണം, അറ്റകുറ്റപ്പണികൾ എന്നിവ സംബന്ധിച്ച ചെലവുകൾ, വകയിരുത്തിയിരിക്കുന്ന വിഹിതത്തിൽ പരിമിതപ്പെടുത്തേണ്ടതാണെന്നും ബജറ്റ് വിഹിതത്തിനുപരിയായി ചെലവിന് അനുമതി നൽകേണ്ട പക്ഷം എസ്റ്റിമേറ്റടക്കമുള്ള വിശദാംശങ്ങൾ സഹിതം ശിപാർശ പരിശോധനയ്ക്കും അംഗീകാരത്തിനുമായി ലഭ്യമാക്കേണ്ടതാണെന്നും ധനകാര്യ വകുപ്പിൽ നിന്നും അറിയിച്ചിരുന്നു. പ്രസ്തുത ശീർഷകത്തിൽ നിന്നും 31.03.2025 വരെ തുകയൊന്നും വിനിയോഗിച്ചിട്ടില്ല.

**ശിപാർശ**

**4700 –21 – 800–97** – വൻകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ് - മീനച്ചിൽ പദ്ധതി (വാണിജ്യേതരം) - മറ്റുചെലവുകൾ - അണക്കെട്ടും അനുബന്ധ പണികളും (മീനച്ചിൽ നദീതട പദ്ധതി

അരുണാപുരം റഗുലേറ്ററിന്റെ നിർമ്മാണത്തിനും ഓഫീസ് കെട്ടിടത്തിന്റെ പുനരുദ്ധാരണ പ്രവൃത്തികൾക്കുമായി ഈ ശീർഷകത്തിൽ 47 കോടി രൂപ അധികമായി ധനപുന:വിനിയോഗം /ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 72)

## സ്വീകരിച്ച നടപടി

ശിപാർശ പ്രകാരമുള്ള അധിക തുക അനുവദിക്കുന്നതിനായി ചീഫ് എഞ്ചിനീയർ സർക്കാരിൽ അപേക്ഷ സമർപ്പിച്ചിരുന്നു. നടപ്പു സാമ്പത്തിക വർഷം പ്രസ്തുത ശീർഷകത്തിലെ ബജറ്റ് വിഹിതം പൂർണമായും വിനിയോഗിച്ച ശേഷം കുടിശ്ശിക ബില്ലുകൾ തീർപ്പാക്കുന്നതിന് അധിക തുക ആവശ്യമായി വരുന്നപക്ഷം വിശദമായ ശിപാർശയുടെ അടിസ്ഥാനത്തിൽ അധിക തുക അനുവദിക്കുന്ന കാര്യം പരിശോധിക്കുന്നതാണെന്ന വിവരം ചീഫ് എഞ്ചിനീയറെ അറിയിച്ചിട്ടുണ്ട്.

## ശിപാർശ

**4700-22-800-93** - വൻകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്-മൂവാറ്റുപുഴ പദ്ധതി (വാണിജ്യേതരം)-മറ്റുചെലവുകൾ-കെട്ടിടങ്ങൾ

കാലപ്പഴക്കംമൂലം നാശോന്മുഖമായിരിക്കുന്ന കെട്ടിടങ്ങളുടെ പുനരുദ്ധാരണത്തിനായി ഈ ശീർഷകത്തിൽ 10 കോടി രൂപ അധികമായി ധനപുന:വിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 73)

## സ്വീകരിച്ച നടപടി

സംസ്ഥാനതല മുൻഗണനാക്രമം പാലിച്ചും സമയക്രമം നിശ്ചയിച്ചുമാണ് കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ തീർപ്പാക്കി വരുന്നതെന്നും ഇപ്രകാരം ബില്ലുകൾ തീർപ്പാക്കുന്നതിന് നിലവിലുള്ള ബജറ്റ് വിഹിതം പര്യാപ്തമാവാതെ വരുന്ന പക്ഷം

ഉചിതമാർഗത്തിലൂടെ നിശ്ചിത സമയത്ത് അധിക തുക അനുവദിക്കുന്ന കാര്യം പരിശോധിക്കുന്നതാണെന്നും ധനകാര്യ വകുപ്പ് അറിയിച്ചിരുന്നു. എന്നാൽ കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ നൽകുന്നതിനായി 2024-25 സാമ്പത്തിക വർഷത്തിൽ ആകെ 8,23,000/- രൂപ അധിക ധനാനുമതി മുഖേന ലഭിച്ചിട്ടുണ്ട്. ആകെയുള്ള 3 പ്രവൃത്തികളിൽ 1 എണ്ണം പൂർത്തീകരിക്കുകയും ശേഷിക്കുന്ന 2 പ്രവൃത്തികൾ പുരോഗമിച്ചുവരുകയും ചെയ്യുന്നു. പ്രസ്തുത ശീർഷകത്തിൽ നിന്നും 31.03.2025 വരെ 12.21 ലക്ഷം രൂപയുടെ ധനവിനിയോഗം നടന്നിട്ടുണ്ട്.

**<u>ശിപാർശ</u>**

**4700-22-800-92** - <u>വൻകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ് - മൂവാറ്റുപുഴ പദ്ധതി (വാണിജ്യേതരം) - മറ്റുചെലവുകൾ - കനാലുകൾ</u>

കനാലുകളിലൂടെ സുഗമമായ ജലവിതരണം നടത്തുന്നതിനായുള്ള പുനരുദ്ധാരണ പ്രവൃത്തികൾക്കായി ഈ ശീർഷകത്തിൽ 60 ലക്ഷം രൂപ അധികമായി ധനപുന:വിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 74)

**<u>സ്വീകരിച്ച നടപടി</u>**

സംസ്ഥാനതല മുൻഗണനാക്രമം പാലിച്ചും സമയക്രമം നിശ്ചയിച്ചുമാണ് കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ തീർപ്പാക്കി വരുന്നതെന്നും ഇപ്രകാരം ബില്ലുകൾ തീർപ്പാക്കുന്നതിന് നിലവിലുള്ള ബജറ്റ് വിഹിതം പര്യാപ്തമാവാതെ വരുന്ന പക്ഷം ഉചിതമാർഗത്തിലൂടെ നിശ്ചിത സമയത്ത് അധിക തുക അനുവദിക്കുന്ന കാര്യം പരിശോധിക്കുന്നതാണെന്നും ധനകാര്യ വകുപ്പ് അറിയിച്ചിരുന്നു. എന്നാൽ കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ നൽകുന്നതിനായി 2024-25 സാമ്പത്തിക വർഷം ആകെ 16,00,000/- രൂപ അധിക ധനാനുമതി മുഖേന അനുവദിച്ചിട്ടുണ്ട്. ആകെയുള്ള 5 പ്രവൃത്തികളിൽ 2 എണ്ണം പൂർത്തീകരിക്കുകയും ഒരു പ്രവൃത്തി 25% പുരോഗമിച്ചു വരുകയും 2 പ്രവൃത്തികൾ പൂർത്തീകരിച്ചുവരുകയും ചെയ്യുന്നു. പ്രസ്തുത ശീർഷകത്തിൽ

നിന്നും 31.03.2025 വരെ 30.76 ലക്ഷം രൂപയുടെ ധനവിനിയോഗം നടന്നിട്ടുണ്ട്.

**ശിപാർശ**

**4700-22-800-91** - വൻകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്- മൂവാറ്റുപുഴ പദ്ധതി (വാണിജ്യേതരം) -മറ്റു ചെലവുകൾ -ബ്രാഞ്ചുകൾ

പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ടുവരുന്ന ബ്രാഞ്ച് കനാലുകളിലൂടെ സുഗമമായ ജലവിതരണം നടത്തുന്നതിനായുള്ള പുനരുദ്ധാരണ പ്രവൃത്തികൾക്കായി ഈ ശീർഷകത്തിൽ 25 ലക്ഷം രൂപ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 75)

**സ്വീകരിച്ച നടപടി**

സംസ്ഥാനതല മുൻഗണനാക്രമം പാലിച്ചും സമയക്രമം നിശ്ചയിച്ചുമാണ് കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ തീർപ്പാക്കി വരുന്നതെന്നും ഇപ്രകാരം ബില്ലുകൾ തീർപ്പാക്കുന്നതിന് നിലവിലുള്ള ബജറ്റ് വിഹിതം പര്യാപ്തമാവാതെ വരുന്ന പക്ഷം ഉചിതമാർഗത്തിലൂടെ നിശ്ചിത സമയത്ത് അധിക തുക അനുവദിക്കുന്ന കാര്യം പരിശോധിക്കുന്നതാണെന്നും ധനകാര്യ വകുപ്പ് അറിയിച്ചിരുന്നു. എന്നാൽ കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ നൽകുന്നതിനായി 2024-25 സാമ്പത്തിക വർഷം ആകെ 5,39,000/- രൂപ അധിക ധനാനുമതി മുഖേന അനുവദിച്ചു. ആകെയുള്ള 4 പ്രവൃത്തികളിൽ 1 എണ്ണം പൂർത്തീകരിക്കുകയും ശേഷിക്കുന്ന 3 പ്രവൃത്തികൾ പൂർത്തീകരിച്ചുവരുകയും ചെയ്യുന്നു. പ്രസ്തുത ശീർഷകത്തിൽ നിന്നും 31.03.2025 വരെ 11.94 ലക്ഷം രൂപയുടെ ധനവിനിയോഗം നടന്നിട്ടുണ്ട്.

**ശിപാർശ**

**4700-22-800-90** - വൻകിടജലസേചനം സംബന്ധിച്ച മൂലധനച്ചെലവ് - മൂവാറ്റുപുഴ പദ്ധതി (വാണിജ്യേതരം) - മറ്റു ചെലവുകൾ - ഡിസ്ട്രിബ്യൂട്ടറികൾ

ഡിസ്ട്രിബ്യൂട്ടറികളിലൂടെയുള്ള സുഗമമായ ജലവിതരണത്തിനുവേണ്ടിയുള്ള പുനരുദ്ധാരണ പ്രവൃത്തികൾക്കായി ഈ ശീർഷകത്തിൽ 30 ലക്ഷം രൂപ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 76)

**സ്വീകരിച്ച നടപടി**

സംസ്ഥാനതല മുൻഗണനാക്രമം പാലിച്ചും സമയക്രമം നിശ്ചയിച്ചുമാണ് കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ തീർപ്പാക്കി വരുന്നതെന്നും ഇപ്രകാരം ബില്ലുകൾ തീർപ്പാക്കുന്നതിന് നിലവിലുള്ള ബജറ്റ് വിഹിതം പര്യാപ്തമാവാതെ വരുന്ന പക്ഷം ഉചിതമാർഗത്തിലൂടെ നിശ്ചിത സമയത്ത് അധിക തുക അനുവദിക്കുന്ന കാര്യം പരിശോധിക്കുന്നതാണെന്നും ധനകാര്യ വകുപ്പ് അറിയിച്ചിരുന്നു. എന്നാൽ കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ നൽകുന്നതിനായി 2024-25 സാമ്പത്തിക വർഷം ആകെ 69,66,000/- രൂപ അധിക ധനാനുമതി മുഖേന അനുവദിച്ചു. ആകെയുള്ള 17 പ്രവൃത്തികളിൽ 10 എണ്ണം പൂർത്തീകരിക്കുകയും ശേഷിക്കുന്ന 7 പ്രവൃത്തികൾ പുരോഗമിച്ചുവരുകയും ചെയ്യുന്നു. പ്രസ്തുത ശീർഷകത്തിൽ നിന്നും 31.03.2025 വരെ 109.32 ലക്ഷം രൂപയുടെ ധനവിനിയോഗം നടന്നിട്ടുണ്ട്.

**ശിപാർശ**

**4700-22-800-84** - വൻകിടജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്- മൂവാറ്റുപുഴ പദ്ധതി (വാണിജ്യേതരം) - മറ്റു ചെലവുകൾ - പ്രധാൻ മന്ത്രി കൃഷി സിഞ്ചായി യോജന (പി.എം.കെ.എസ്.വൈ ) മൂവാറ്റുപുഴ – കാഡ പദ്ധതി 50 ശതമാനം കേന്ദ്ര വിഹിതം

2026 മാർച്ചിനുള്ളിൽ പൂർത്തീകരിക്കേണ്ടതായ കാഡ പദ്ധതികൾക്കായി ഈ ശീർഷകത്തിൽ 3 കോടി രൂപ സംസ്ഥാന വിഹിതമായി അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 77)

**സ്വീകരിച്ച നടപടി**

ആസൂത്രണ ബോർഡിന്റെ ശിപാർശക്കനുസൃതമായിട്ടാണ് ഓരോ പദ്ധതിക്കും വിഹിതം വകയിരുത്തിയിട്ടുള്ളത്. പദ്ധതി നിർവ്വഹണ പുരോഗതിയുടെയും, ബജറ്റിൽ വകയിരുത്തിയിട്ടുള്ള തുകയുടെ വിനിയോഗത്തിന്റെയും അടിസ്ഥാത്തിൽ അധിക വിഹിതം ആവശ്യമായി വരുന്ന പക്ഷം ഭരണവകുപ്പ് സമർപ്പിക്കുന്ന ഉചിത ശിപാർശ പരിശോധിച്ചും സംസ്ഥാനത്തിന്റെ വിഭവലഭ്യത കണക്കിലെടുത്തും അധിക വിഹിതം അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണെന്ന് ധനകാര്യ വകുപ്പ് അറിയിച്ചിരുന്നു. പ്രസ്തുത ശീർഷകത്തിൽ നിന്നും 31.03.2025 വരെ ഫണ്ട് ഒന്നും വിനിയോഗിച്ചിട്ടില്ല.

**ശിപാർശ**

**4700 – 28** – വൻകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ് - ബാണാസുര സാഗർ പദ്ധതി (വാണിജ്യേതരം)

പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് ഒരു ഹെക്ടറോളം ഭൂമി ഏറ്റെടുക്കുന്നതിലേയ്ക്കായി 2.5 കോടി രൂപയും 4700-28-001-97-00-45-00, 4700-28-001-97-00-93-00 എന്നീ ശീർഷകങ്ങളിൽ നടപ്പ് സാമ്പത്തികവർഷം തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ പ്രസ്തുത ശീർഷകങ്ങളിൽ യഥാക്രമം 1.5 ലക്ഷം രൂപ, 5 ലക്ഷം രൂപ എന്നിങ്ങനെ വകയിരുത്തുന്നതിലെയ്ക്കായും കൂടാതെ മുൻവർഷങ്ങളിലെ കുടിശ്ശിക ഉൾപ്പെടെ 2024-25 സാമ്പത്തിക വർഷത്തെ ഭരണ നടത്തിപ്പിനായി 2.88 കോടി രൂപയും ഉൾപ്പെടെ ഈ ശീർഷകത്തിൽ 5.445 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 78)

**സ്വീകരിച്ച നടപടി**

സംസ്ഥാന വിഭവ ലഭ്യത കണക്കിലെടുത്താണ് വാർഷിക പദ്ധതിയിൽ സ്കീമുകളുടെ വിഹിതം നിശ്ചയിച്ചിരിക്കുന്നത് എന്നതിനാൽ പദ്ധതികളുമായി ബന്ധപ്പെട്ട 2024-25 സാമ്പത്തിക വർഷത്തെ ചെലവ് അനുവദിച്ചിരിക്കുന്ന ബജറ്റ് വിഹിതത്തിൽ പരിമിതപ്പെടുത്തേണ്ടതാണെന്നും സ്കീമിന് കീഴിൽ 2024-25 സാമ്പത്തിക വർഷം

പുതിയ പദ്ധതികൾ/നിലവിലുള്ള പദ്ധതികൾ സംബന്ധിച്ച അധിക ചെലവുകൾ വഹിക്കണമെങ്കിൽ ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ അനുമതിയോടുകൂടി അനുബന്ധ വിശദാംശങ്ങൾ സഹിതം ശിപാർശ പരിശോധനയ്ക്കും അംഗീകാരത്തിനുമായി ലഭ്യമാക്കേണ്ടതാണെന്ന് ധനകാര്യ വകുപ്പ് അറിയിച്ചിരുന്നു. പ്രസ്തുത ശീർഷകത്തിൽ നിന്നും 31.03.2025 വരെ 9.81 കോടി രൂപയുടെ ധനവിനിയോഗം നടന്നിട്ടുണ്ട്.

**ശിപാർശ**

**4700- 80-005-99 (02)** - വൻകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്- ജനറൽ - സർവ്വേയും അന്വേഷണവും - ജലസേചന പദ്ധതികളിന്മേൽ അന്വേഷണം - മരാമത്തു പണികൾ

കബനി ബേസിനിലെ phase I-ലെയും phase II-ലെയും പദ്ധതികളുടെ ഡി.പി.ആർ തയ്യാറാക്കുന്ന പ്രവൃത്തികൾക്കായി ഈ ശീർഷകത്തിൽ 15.03 കോടി രൂപ അധികമായി ധനപുന:വിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 79)

**സ്വീകരിച്ച നടപടി**

കബനി ബേസിനിലെ Phase-I-ലെയും Phase-II-ലെയും നൂൽപ്പുഴ, പെരിങ്ങോട്ടുപുഴ, തിരുനെല്ലി, കല്ലമ്പതി, ചൂണ്ടാലിപ്പുഴ എന്നീ പദ്ധതികളുടെ ഡി.പി.ആർ തയ്യാറാക്കുന്ന പ്രവൃത്തികൾക്കായി പ്രസ്തുത ശീർഷകത്തിൽ 9.88 കോടി രൂപ അധികമായി വകയിരുത്തി ഭരണാനുമതി നൽകിയിട്ടുണ്ട്.

**ശിപാർശ**

**4701 -12** - ഇടത്തരം ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്- അട്ടപ്പാടി പദ്ധതി (വാണിജ്യേതരം)

അട്ടപ്പാടി പദ്ധതിയുടെ നിർമ്മാണാനുമതി ലഭ്യമാകുന്ന മുറയ്ക്ക് ഡാമിന്റെ

ഫൗണ്ടേഷൻ പ്രവൃത്തികളുടെ നിർവ്വഹണത്തിനായി ഈ ശീർഷകത്തിൽ 50 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 80)

**സ്വീകരിച്ച നടപടി**

പ്രവൃത്തികളുടെ നിർവ്വഹണത്തിനായി പ്രസ്തുത ശീർഷകത്തിൽ തുക വകയിരുത്തിയിട്ടില്ല.

**ശിപാർശ**

**4701 –13 – ഇടത്തരം ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്- കബനി - കാരാപ്പുഴ പദ്ധതി (വാണിജ്യേതരം)**

പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് 22 ഹെക്ടറോളം ഭൂമി ഏറ്റെടുക്കുന്നതിലേയ്ക്കായി 40 കോടി രൂപയും മുൻവർഷങ്ങളിലെ കുടിശ്ശിക ഉൾപ്പെടെ നടപ്പ് സാമ്പത്തിക വർഷത്തെ ഭരണ നടത്തിപ്പിനായി 5.90 കോടി രൂപയും ഉൾപ്പെടെ ഈ ശീർഷകത്തിൽ 45.9 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 81)

**സ്വീകരിച്ച നടപടി**

സംസ്ഥാന വിഭവ ലഭ്യത കണക്കിലെടുത്താണ് വാർഷിക പദ്ധതിയിൽ സ്കീമുകളുടെ വിഹിതം നിശ്ചയിച്ചിരിക്കുന്നത് എന്നതിനാൽ പദ്ധതികളുമായി ബന്ധപ്പെട്ട 2024-25 സാമ്പത്തിക വർഷത്തെ ചെലവ്, അനുവദിച്ചിരിക്കുന്ന ബജറ്റ് വിഹിതത്തിൽ പരിമിതപ്പെടുത്തേണ്ടതാണെന്നും സ്കീമിന് കീഴിൽ 2024-25 സാമ്പത്തിക വർഷം പുതിയ പദ്ധതികൾ/നിലവിലുള്ള പദ്ധതികൾ സംബന്ധിച്ച അധിക ചെലവുകൾ വഹിക്കണമെങ്കിൽ ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ അനുമതിയോടുകൂടി അനുബന്ധ വിശദാംശങ്ങൾ സഹിതം ശിപാർശ പരിശോധനയ്ക്കും അംഗീകാരത്തിനുമായി ലഭ്യമാക്കേണ്ടതാണെന്നും ധനകാര്യ വകുപ്പിൽ നിന്നും

അറിയിച്ചിരുന്നു. പ്രസ്തുത ശീർഷകത്തിൽ നിന്നും 31.03.2025 വരെ 11.97 കോടി രൂപയുടെ ധനവിനിയോഗം നടന്നിട്ടുണ്ട്.

**<u>ശിപാർശ</u>**

**4701 – 18– –** <u>ഇടത്തരം ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ് - ചമ്രവട്ടം റഗുലേറ്റർ കം ബ്രിഡ്ജ് (വാണിജ്യേതരം)</u>

ചമ്രവട്ടം പ്രോജക്ടിലെ നവീകരണ പ്രവർത്തനങ്ങൾക്കായും ജീവനക്കാർക്ക് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നല്കുന്നതിനും ഓഫീസ് ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 2.95 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 82)

**<u>സ്വീകരിച്ച നടപടി</u>**

2024- 25 സാമ്പത്തിക വർഷം അധികധനാനുമതിയായി അനുവദിച്ച 26 ലക്ഷം രൂപ ചെലവഴിച്ചിട്ടുള്ളതും സാമ്പത്തിക വർഷം അവസാനിച്ച സാഹചര്യത്തിൽ അതിക ഫണ്ട് ആവശ്യമില്ലെന്ന വിവരം ചീഫ് എൻജിനീയർ (പ്രോജക്ട്-1) അറിയിച്ചിട്ടുമുണ്ട്. പ്രസ്തുത ശീർഷകത്തിൽ നിന്നും 31.03.2025-വരെ 2.19 കോടി രൂപയുടെ ധനവിനിയോഗം നടന്നിട്ടുണ്ട്.

**<u>ശിപാർശ</u>**

**4701 –80 –800–99 –34–3** – <u>ഇടത്തരം ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്- ജനറൽ - മറ്റു ചെലവുകൾ - കേരള എഞ്ചിനീയറിംഗ് റിസർച്ച് സ്റ്റേഷൻ ,പീച്ചി സ്റ്റേജ് II -വികസനം- മറ്റു ചെലവുകൾ മറ്റിനം</u>

ജലസേചന വകുപ്പിന്റെയും, കേരള വാട്ടർ അതോറിറ്റിയുടെയും, മറ്റ് സ്വകാര്യ സ്ഥാപനങ്ങളുടെയും ഇൻവെസ്റ്റിഗേഷൻ പ്രവർത്തനങ്ങൾ നടത്തുന്ന ജലസേചന വകുപ്പിന് കീഴിലുള്ള ഗവേഷണ സ്ഥാപനമായ KERI-യുടെ വിവിധ ലബോറട്ടറികൾക്ക് ആവശ്യമായ

ഉപകരണങ്ങൾ വാങ്ങുന്നതിനും, വിവിധ മോഡൽ സ്റ്റഡികൾ നടത്തുന്നതിനുമായി ഈ ശീർഷകത്തിൽ 65 ലക്ഷം രൂപ അധികമായി ധനപുന:വിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 83)

## സ്വീകരിച്ച നടപടി

സബ്ജക്ട് കമ്മറ്റി ശിപാർശ ചെയ്ത അധിക ധനാനുമതിയ്ക്കുള്ള അപേക്ഷ ധനകാര്യ വകുപ്പിൽ ലഭ്യമാക്കിയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ശീർഷകത്തിൽ നിലവിലുള്ള ബജറ്റ് വിഹിതം പൂർണ്ണമായും വിനിയോഗിച്ച ശേഷം അധിക തുക ആവശ്യമായി വരുന്ന പക്ഷം ഭരണവകുപ്പ് സമർപ്പിക്കുന്ന ശിപാർശ പരിശോധിച്ച് ഉചിതമാർഗ്ഗേണ തുക അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണെന്ന് ധനകാര്യ വകുപ്പ് അറിയിച്ചിരുന്നുവെങ്കിലും നടപ്പ് സാമ്പത്തിക വർഷം പ്രസ്തുത ശീർഷകത്തിലെ ബജറ്റ് വിഹിതം പൂർണമായും വിനിയോഗിച്ചിട്ടില്ലാത്തതിനാൽ അധിക തുക അനുവദിച്ചില്ല. 17.11.2024-ലെ G.O (Rt) No.871/2024/WRD നമ്പർ ഉത്തരവ് പ്രകാരം 2024-25 സാമ്പത്തിക വർഷത്തെ പദ്ധതി ചെലവ് 50 % ആയി നിജപ്പെടുത്തിയിരുന്നു. പ്രസ്തുത ശീർഷകത്തിൽ നിന്നും നടപ്പ് സാമ്പത്തിക വർഷം 87.55 ലക്ഷം രൂപയുടെ ധനവിനിയോഗം നടന്നിട്ടുണ്ട്.

## ശിപാർശ

**4701 – 80 –800–72** - ഇടത്തരം ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്- ജനറൽ - മറ്റു ചെലവുകൾ - വൻകിട പദ്ധതികളിൽ ഉൾപ്പെട്ട കാഡാ കനാലുകളിലെ ഫീൽഡ് ചാനലുകളുടെയും, ഡ്രെയിനുകളുടെയും ആധുനികവത്കരണം.

കാഡാ കനാലുകളുടെ നവീകരണത്തിനായി ഈ ശീർഷകത്തിൽ 4.9 കോടി രൂപ അധികമായി ധനപുന:വിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 84)

**സ്വീകരിച്ച നടപടി**

സംസ്ഥാനതല മുൻഗണനാക്രമം പാലിച്ചും സമയക്രമം നിശ്ചയിച്ചുമാണ് കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ തീർപ്പാക്കി വരുന്നതെന്നും ഇപ്രകാരം ബില്ലുകൾ തീർപ്പാക്കുന്നതിന് നിലവിലുള്ള ബജറ്റ് വിഹിതം പര്യാപ്തമാവാതെ വരുന്ന പക്ഷം ഉചിതമാർഗത്തിലൂടെ നിശ്ചിത സമയത്ത് അധിക തുക അനുവദിക്കുന്ന കാര്യം പരിശോധിക്കുന്നതാണെന്നും ധനകാര്യ വകുപ്പ് അറിയിച്ചിരുന്നു. പ്രസ്തുത ശീർഷകത്തിൽ നിന്നും 31.03.2025 വരെ 9.81 കോടി രൂപയുടെ ധനവിനിയോഗം നടന്നിട്ടുണ്ട്.

**ശിപാർശ**

**4711 – 01 -103-99-(01)** – വെള്ളപ്പൊക്ക നിയന്ത്രണ പദ്ധതികൾ സംബന്ധിച്ച മൂലധനച്ചെല് - വെള്ളപ്പൊക്ക നിയന്ത്രണം - സിവിൽ പണികൾ - സിവിൽ പണികൾ - മരാമത്തു പണികൾ

മുൻവർഷം പെയ്ത മഴയുടെ കാഠിന്യംമൂലം തിരുവനന്തപുരം നഗരം ഒഴികെയുള്ള സംസ്ഥാനത്തെ മറ്റു പ്രദേശങ്ങളിൽ മണ്ണും ചെളിയും അടിഞ്ഞുകൂടിയതിനാൽ നദികളും തോടുകളും കരകവിഞ്ഞൊഴുകുകയും നദീതീരങ്ങൾ ഇടിഞ്ഞുപോവുകയും പലസ്ഥലങ്ങളിലും ജനങ്ങളുടെ വീടുകൾക്ക് നാശനഷ്ടങ്ങൾ ഉണ്ടാവുകയും ചെയ്ത സാഹചര്യത്തിൽ ആയത് പരിഹരിക്കുന്നതിനുള്ള സംരക്ഷണ പ്രവൃത്തികൾക്കായി നടപ്പ് സാമ്പത്തിക വർഷം ബജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ ഈ ശീർഷകത്തിൽ 10 കോടി രൂപ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 85)

**സ്വീകരിച്ച നടപടി**

ശിപാർശ പ്രകാരമുള്ള അധിക തുക അനുവദിക്കുന്നതിനായി ചീഫ് എഞ്ചിനീയർ സർക്കാരിൽ അപേക്ഷ സമർപ്പിച്ചിരുന്നു. എന്നാൽ അധിക തുക അനുവദിച്ചിട്ടില്ല.

**ശിപാർശ**

**4711 -01 -103-98-(01)** - വെള്ളപ്പൊക്ക നിയന്ത്രണ പദ്ധതികൾ സംബന്ധിച്ച മൂലധനച്ചെല് -വെള്ളപ്പൊക്കനിയന്ത്രണം - സിവിൽ പണികൾ - തിരുവനന്തപുരം പട്ടണത്തിലെ വെള്ളപ്പൊക്ക നിയന്ത്രണ പദ്ധതികൾ - മരാമത്തു പണികൾ .

തിരുവനന്തപുരം നഗരത്തിലെ തോടുകളിലും നദികളിലും നഗരത്തിലെ കെട്ടിടങ്ങളിൽ നിന്നും വ്യാപാരസ്ഥാപനങ്ങളിൽ നിന്നുമുള്ള മാലിന്യങ്ങൾ അടിഞ്ഞുകൂടി ഉണ്ടാകുന്ന വെള്ളപ്പൊക്കംമൂലം വീടുകളിൽ വെള്ളം കയറി ജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണിയാകുന്നതൊഴിവാക്കാനുള്ള പ്രവർത്തനങ്ങൾക്കായി നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ ഈ ശീർഷകത്തിൽ 4 കോടി രൂപ ധനപുന:വിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 86)

**സ്വീകരിച്ച നടപടി**

പ്രസ്തുത പ്രവൃത്തികളുമായി ബന്ധപ്പെട്ട് കരാറുകാർ കുടിശ്ശിക ബില്ലുകൾ സമർപ്പിക്കുന്ന മുറയ്ക്ക് ഉചിതമാർഗത്തിലൂടെ നിശ്ചിത സമയത്ത് അധിക തുക അനുവദിക്കുന്ന കാര്യം പരിശോധിക്കുന്നതാണെന്ന് ചീഫ് എഞ്ചിനീയറെ അറിയിച്ചിട്ടുണ്ട്.

**ശിപാർശ**

**4711-01 -103-93 -** വെള്ളപ്പൊക്ക നിയന്ത്രണ പദ്ധതികൾ സംബന്ധിച്ച മൂലധനച്ചെല് - വെള്ളപ്പൊക്ക നിയന്ത്രണം - സിവിൽ പണികൾ - മലബാർ ജലസേചന പാക്കേജ് (മിർപാ) ചെക്ക് ഡാമുകൾ, റെഗുലേറ്ററുകൾ മുതലായവയുടെ നിർമ്മാണവും അറ്റകുറ്റപ്പണികളും.

മലബാർ മേഖലയിലെ ചെക്ക്ഡാമുകൾ, റെഗുലേറ്ററുകൾ, ഉപ്പുവെള്ള പ്രതിരോധ നിർമ്മിതികൾ എന്നിവയുടെ നിർമ്മാണത്തിനും പുനരുദ്ധാരണത്തിനുമായി ഈ ശീർഷകത്തിൽ 2 കോടി രൂപ അധികമായി ധനപുന:വിനിയോഗം/

ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 87)

**<u>സ്വീകരിച്ച നടപടി</u>**

ശിപാർശ പ്രകാരമുള്ള അധിക തുക അനുവദിക്കുന്നതിനായി ചീഫ് എഞ്ചിനീയർ സർക്കാരിൽ അപേക്ഷ സമർപ്പിച്ചിരുന്നു. എന്നാൽ അധിക തുക അനുവദിച്ചില്ല.

**<u>അധ്യായം II</u>**

സമിതിയുടെ ശിപാർശകളിൽ സർക്കാരിൽ നിന്നും മറുപടി ലഭിക്കാത്തവ.

ഇല്ല

റോഷി അഗസ്റ്റിൻ,
ചെയർപേഴ്സൺ,
സബ്ജക്ട് കമ്മിറ്റി III.

തിരുവനന്തപുരം,
2025 സെപ്റ്റംബർ 18